# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2023 ആഗസ്റ്റ്, വോള്യം: 11 ലക്കം: 12



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള




എല്ലാ വായനക്കാർക്കും സിഐടിയു സന്ദേശത്തിന്റെ ഓണാശംസകൾ


**കേരളം ഒറ്റക്കെട്ട് :** ഏക സിവിൽ കോഡിനെതിരായ പ്രമേയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ നടത്തിയ പ്രസംഗം — 8

എന്റെ ആദ്യ മൈതാന പ്രസംഗം — ആനത്തലവട്ടം ആനന്ദൻ — 12

രാജ്യം വർഗീയ ഭീതിയിൽ — 18

ഡിജിറ്റൽ ഡാറ്റാ പ്രൊട്ടക്ഷൻ ബിൽ — 24

ടെക്സ്റ്റൈൽ വ്യവസായ പ്രതിസന്ധി — 28 — പി. നന്ദകുമാർ

സാമ്പത്തിക ഞെരുക്കം മറികടക്കാൻ തനതുവരുമാന വർധന — 32 — ജോസ് ടി. എബ്രഹാം

അവകാശവാദം കൊണ്ട് തൊഴിലില്ലായ്മയും സാമ്പത്തികാസമത്വവും പരിഹരിക്കാനാകില്ല — 37 — കെ.എൻ.ഗോപിനാഥ്

ഇനിയും തീ പടർത്തുന്നു — 42 — എ.എം. ആരിഫ് എം.പി

ഐഎൽഒ സമ്മേളനം — 49 — ദീപ കെ. രാജൻ

മുഖപ്രസംഗം

# രാജ്യം സർവ്വനാശത്തിലേക്കോ?

പാർലമെന്റിനോടും ജനങ്ങളോടും യാതൊരു ഉത്തരവാദിത്തവും പുലർത്താത്ത പ്രധാനമന്ത്രിയാണ് നരേന്ദ്രമോഡി. 2023 മേയ് 7 മുതൽ ഇന്ത്യൻ സംസ്ഥാനങ്ങളിലൊന്നായ മണിപ്പൂർ കത്തിയെരിയുകയാണ്. വംശീയ കലാപത്തിൽ ഇരുന്നൂറിലേറെ മനുഷ്യർ കൊല്ലപ്പെട്ടു. ആയിരക്കണക്കിന് വീടുകൾ അഗ്നിക്കിരയായി. നൂറുകണക്കിന് ആരാധനാലയങ്ങൾ തകർക്കപ്പെട്ടു. ഒരു ലക്ഷത്തോളം ജനങ്ങൾ സംസ്ഥാനത്തുനിന്ന് പലായനം ചെയ്തു എന്നാണ് റിപ്പോർട്ട്. ബിജെപി ഭരിക്കുന്ന മണിപ്പൂരിൽ, ഇപ്പോഴും തുടരുന്ന കലാപത്തിനറുതി വരുത്താൻ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല.

മണിപ്പൂരിൽ നിന്ന് പുറത്തുവരുന്ന ഓരോ വാർത്തയും മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. സ്ത്രീകളെ നഗ്നരാക്കി റോഡിലൂടെ നടത്തിക്കുന്നു. പലരെയും കൂട്ടബലാൽസംഗത്തിനിരയാക്കുന്നു. നിസ്സഹായരായ ജനങ്ങൾ, ആർത്ത് വിളിച്ചിട്ടും തിരിഞ്ഞുനോക്കാത്ത സർക്കാർ സംവിധാനം രാജ്യത്തിനപമാനമാണ്.

മൂന്ന് മാസത്തിലേറെയായി, ഒരു സംസ്ഥാനത്തെ ജനത മനുഷ്യത്വരഹിതമായ ആക്രമണങ്ങൾക്കും കൊലപാതകങ്ങൾക്കും വിധേയരായിട്ടും ബിജെപി നേതൃത്വത്തിലുള്ള സംസ്ഥാനസർക്കാരും കേന്ദ്രസർക്കാരും കുറ്റകരമായ നിസ്സംഗത പുലർത്തുന്നു. സംഘർഷബാധിത പ്രദേശം സന്ദർശിക്കാനോ സർക്കാർ സംവിധാനങ്ങളെ ഉപയോഗിച്ച് കലാപം അടിച്ചമർത്താനോ ശ്രമിക്കാതെ, പ്രധാനമന്ത്രി നരേന്ദ്രമോഡി വിദേശപര്യടനത്തിലായിരുന്നു. രാജ്യത്തിനകത്തും പല സംസ്ഥാനങ്ങളിലും അദ്ദേഹം സന്ദർശനം നടത്തി. മണിപ്പൂരിലേക്ക് തിരിഞ്ഞുനോക്കിയില്ല.

ജൂലൈ 20-ന് പാർലമെന്റ് സമ്മേളനം ആരംഭിച്ച ദിവസം മുതൽ, പ്രധാനമന്ത്രി ഈ പ്രശ്നം സംബന്ധിച്ച് പാർലമെന്റിൽ ഒരു പ്രസ്താവന നടത്തണമെന്ന് പ്രതിപക്ഷ പാർട്ടികൾ ഒറ്റക്കെട്ടായി ആവശ്യപ്പെട്ടു. മുമ്പ്, രാജ്യത്തുണ്ടാകുന്ന ഗൗരവതരമായ പ്രശ്നങ്ങൾ സംബന്ധിച്ച്, പാർലമെന്റിൽ പ്രധാനമന്ത്രിമാർ പ്രസ്താവന നടത്താറുണ്ട്. എന്നാൽ, മണിപ്പൂർ വിഷയത്തിൽ മോഡി വായ തുറന്നില്ല.

പ്രധാനമന്ത്രി പ്രസ്താവന നടത്തുകയും തുടർന്ന്, മണിപ്പൂർ സംഭവവികാസങ്ങൾ സംബന്ധിച്ച് പാർലമെന്റിൽ ചർച്ച അനുവദിക്കണമെന്നുമുള്ള പ്രതിപക്ഷ ആവശ്യം സർക്കാർ അംഗീകരിച്ചില്ല. അവർക്ക് എന്തെല്ലാമോ ഒളിച്ചുവെക്കാനുണ്ടായിരുന്നു പ്രതിപക്ഷ പ്രതിഷേധത്തിൽ സഭാനടപടികൾ ലോക്സഭയിലും രാജ്യസഭയിലും പലപ്പോഴും തടസ്സപ്പെട്ടു.

പ്രതിപക്ഷപാർട്ടി നേതാക്കളുമായി കൂടിയാലോചന നടത്തി അഭിപ്രായ സമന്വയമുണ്ടാക്കാൻ ഒരു ശ്രമവും സർക്കാർ ഭാഗത്ത് നിന്നുണ്ടായില്ല. പ്രതിപക്ഷ ബഹളത്തിനിടയിൽ ധൃതിപിടിച്ച് നിയമനിർമാണം നടത്താനാണ് സർക്കാർ ശ്രമി



ച്ചത്. ജനാധിപത്യ തത്വങ്ങളെ തെല്ലും ബഹുമാനിക്കാത്ത നിലപാടാണ്, ബിജെപി സർക്കാർ സ്വീകരിച്ചത്.

ജൂലൈ 20 മുതൽ ആഗസ്റ്റ് 11 വരെ നടന്ന പാർലമെന്റിന്റെ വർഷകാലസമ്മേളനത്തിൽ, സുപ്രധാനമായ പല ബില്ലുകളും ചർച്ച കൂടാതെ പാസാക്കിയെടുത്തു. ഡൽഹി സംസ്ഥാന സർക്കാരിന്റെ അധികാരം വെട്ടിക്കുറക്കുന്ന നിയമമാണ് അതിലൊന്ന്. ഈ പ്രശ്നം സംബന്ധിച്ച ഒരു കേസ്, സുപ്രീംകോടതിയുടെ ഭരണഘടനാബഞ്ച് പരിഗണിച്ചുകൊണ്ടിരിക്കുന്നത് അവഗണിച്ചാണ് ഭൂരിപക്ഷത്തിന്റെ മുഷ്ക് ഉപയോഗിച്ച് ബില്ല് പാസാക്കിയത്.

രാജ്യത്തെ വനപ്രദേശങ്ങൾ, കോർപറേറ്റുകൾക്ക് ധാതുവിഭവങ്ങൾ ഖനനം ചെയ്യാൻ അനുമതി നല്കുന്ന 'ഫോറസ്റ്റ് നിയമഭേദഗതി' പാസാക്കി. വൻതോതിൽ വനനശീകരണത്തിനിടയാക്കുന്നതാണ് ഈ നിയമം. വനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് വരുന്ന ആദിവാസിഗോത്ര ജനവിഭാഗങ്ങളെയും പുതിയ നിയമം ദോഷകരമായി ബാധിക്കും. കാലാവസ്ഥാവ്യതിയാനം ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമാക്കും.

രാജ്യത്തെമ്പാടുമുള്ള പരിസ്ഥിതി പ്രവർത്തകരും ആദിവാസി സംഘടനകളും, പ്രതിപക്ഷപാർട്ടികളും, വനനിയമ ഭേദഗതിക്കെതിരെ ഉയർത്തിയ എതിർപ്പുകൾ, സർക്കാർ പരിഗണിച്ചതേയില്ല. ജനാധിപത്യ തത്വങ്ങളെ തെല്ലും ബഹുമാനിക്കാത്ത, ബിജെപിക്ക് ജനങ്ങളുടെ മുറവിളി കേൾക്കാനാവില്ലല്ലോ?

മറ്റൊരു പ്രധാനനിയമം പാസാക്കിയത്, 'മൈൻസ് & മിനറൽസ് നിയമഭേദഗതി'യാണ് ഖനന പ്രവർത്തനം നിയന്ത്രിക്കാനും, ക്രമീകരിക്കാനും മുൻനിയമത്തിൽ കർശന വ്യവസ്ഥകളുണ്ടായിരുന്നു. വനപ്രദേശങ്ങളിൽ ഖനനത്തിന് 'ഫോറസ്റ്റ് ക്ലിയറൻസ്' മേലിൽ ആവശ്യമില്ല. തന്ത്രപ്രധാന ധാതുവിഭവങ്ങൾ ലിതിയം, കോബാൾട്ട്, നിക്കൽ, പൊട്ടാഷ്, ടിൻ ഫോസ്ഫേറ്റ് ഖനനം ചെയ്യാൻ സ്വകാര്യ കമ്പനികൾക്ക്, പുതിയ നിയമം അനുമതി നൽക്കുന്നു. 29 ധാതുവിഭവങ്ങൾക്കും ഖനനാനുമതി നൽകാനുള്ള പ്രത്യേക 'അതോറിറ്റി' രൂപീകരിക്കും. നേരത്തെ 'അറ്റോമിക് മിനറൽസ്' എന്ന പട്ടികയിൽ ഉൾപ്പെടുത്തി, ഖനനത്തിന് കർശന നിയന്ത്രണവുമുണ്ടായിരുന്നു. തന്ത്രപ്രധാന ധാതുക്കളായ 'ലിതിയം, ബൈറില്യയം, നിയോബിയം, ടൈറ്റാനിയം, ടാന്റലം, സിർകോണിയം' എന്നിവ നിയന്ത്രിത പട്ടികയിൽ നിന്ന് നീക്കം ചെയ്തു, ഈ ഖനിജങ്ങൾ സ്വകാര്യ കമ്പനികൾക്ക് ഖനനാനുമതി നൽകാം. പലതരത്തിലുള്ള 'ഡ്യൂട്ടി, ലെവി' തുടങ്ങിയവ ഒഴിവാക്കി. ഇത് കോർപറേറ്റുകൾക്ക് വലിയ ലാഭം നേടാൻ ഇടയാക്കും. ഇലക്ട്രിക് ബാറ്ററി ഉൽപ്പാദനത്തിനുപയോഗിക്കുന്ന 'ലിതിയം' വൻതോതിൽ ഖനനം ചെയ്യാൻ സ്വകാര്യ കുത്തകകൾ അവകാശം നേടും, കടലോരത്ത് അനിയന്ത്രിതമായ ഖനനത്തിന് വഴിതുറന്നാൽ, അത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ, ആവാസവ്യവസ്ഥയുടെ നാശം എന്നിവ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കും. ഇതിന് പുറമെ ആഴക്കടൽ ഖനനത്തിന് അനുമതി നൽകുന്ന 'ബ്ലൂ ഇക്കോണമി' എന്ന നയവും, നടപ്പാക്കാൻ കേന്ദ്രസർക്കാർ ഒരുങ്ങുകയാണ്.

മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് നിയമഭേദഗതിയാണ് പാർലമെന്റ് പാസാക്കിയ മറ്റൊന്ന്. സംസ്ഥാനങ്ങളുടെ അധികാരത്തിൽ കൈകടത്തുന്നതാണ്



ഈ നിയമം. കേരളത്തിൽ വളരെയേറെ വികസിച്ച ഒരു സഹകരണ മേഖലയുണ്ട്. ജനങ്ങളുടെ നിക്ഷേപം ഭദ്രമായി കൈകാര്യം ചെയ്യുകയും, കാർഷിക വാണിജ്യ വ്യവസായ മേഖലകളിൽ വലിയ നിക്ഷേപം നടത്തുകയും ചെയ്യുന്ന സഹകരണ മേഖലയെ ദുർബലമാക്കുന്നതാണ് പുതിയ കേന്ദ്രനിയമം. കേരളത്തിലെ സഹകരണമേഖലയ്ക്ക് കടുത്ത ഭീഷണിയാണ് കേന്ദ്രനിയമം.

പാർലമെന്റ് പാസാക്കിയ മറ്റൊരു നിയമമാണ് 'ഡാറ്റ പ്രൊട്ടക്ഷൻ' നിയമം. പൊതുസമൂഹത്തിൽ വലിയ എതിർപ്പും ആശങ്കയും ഉയർത്തിയ നിയമമാണിത്. പാർലമെന്റ് സമ്മേളനത്തിന്റെ അവസാന ദിവസം ഇന്ത്യൻ ശിക്ഷാനിയമത്തിൽ വരുത്തിയ ഭേദഗതിയും ആശങ്കയുളവാക്കുന്നത്.

ജനാധിപത്യപരമായ ചർച്ചകൾ അനുവദിക്കാത്ത സർക്കാർ നിലപാടിൽ, പാർലമെന്റിനകത്ത് പ്രതിഷേധം പ്രകടിപ്പിച്ച പ്രതിപക്ഷ എംപിമാരെ സസ്പെന്റ് ചെയ്യുന്ന സ്ഥിതിയുമുണ്ടായി. ആം ആദ്മിപാർട്ടിയുടെ രണ്ട് എം.പിമാരെ രാജ്യസഭയിൽ സസ്പെന്റ് ചെയ്തു. മറ്റ് മൂന്ന് എം.പിമാരുടെ പേരിൽ കുറ്റാരോപണം ചുമത്തി. 'പ്രിവിലേജ് കമ്മിറ്റി' ക്ക് വിട്ടു. ബിജെപിക്ക് ഭൂരിപക്ഷമുള്ള പ്രിവിലേജ് കമ്മിറ്റിക്ക് എന്ത് തീരുമാനവുമെടുക്കാൻ കഴിയും.

എല്ലാ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും മര്യാദയും ലംഘിച്ച സർക്കാരിന്റെ നിലപാടിനെതിരെ ലോക്സഭയിൽ അവിശ്വാസ പ്രമേയത്തിന് പ്രതിപക്ഷം നോട്ടീസ് നൽകി. സർക്കാരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം വന്നാൽ അതിന്മേലുള്ള ചർച്ചക്ക് പ്രധാനമന്ത്രി മറുപടി പറയേണ്ടിവരും. മണിപ്പൂർ പ്രശ്നത്തിൽ ഒരക്ഷരം ഉരിയാടാത്ത പ്രധാനമന്ത്രിയുടെ വായ തുറപ്പിക്കാനുംകൂടി ലക്ഷ്യംവെച്ചാണ് പ്രതിപക്ഷം അവിശ്വാസ പ്രമേയം കൊണ്ടു വന്നത്. പ്രതീക്ഷിച്ചതുപോലെ, ചർച്ച കേൾക്കാൻ ഒരു മിനിട്ട് പോലും സമയം കണ്ടെത്താത്ത പ്രധാനമന്ത്രി മറുപടി പ്രസംഗത്തിനെത്തി.

അവിശ്വാസ പ്രമേയ ചർച്ചയിൽ പങ്കെടുത്ത് കൊണ്ട് നരേന്ദ്രമോഡിയെ നിശിതമായി വിമർശിച്ച ലോക്സഭയിലെ കോൺഗ്രസ് നേതാവ് (പ്രതിപക്ഷനേതാവ്) അധീർ രഞ്ജൻ ചൗധരിയെ, ലോകസഭയിൽനിന്നും സസ്പെന്റ് ചെയ്തു. അത്യന്തം അസാധാരണമായ നടപടികളാണ് പാർലമെന്റിൽ കണ്ടത്. വിമർശനങ്ങളോട് സഹിഷ്ണുത പുലർത്താത്ത, ജനാധിപത്യ മര്യാദകൾ തീരെ പാലിക്കാത്ത, ഒരു സർക്കാരിന്റെ ധിക്കാരപരമായ നടപടികളാണ്, പാർലമെന്റിൽ ദൃശ്യമായത്.

പ്രതിപക്ഷ പാർട്ടികൾ പാറ്റ്നയിലും ബംഗ്ലൂരിലും യോഗം ചേർന്ന് 'ഇന്ത്യ' എന്ന 'വേദി' രൂപീകരിച്ചത് ബിജെപിയെ ആശങ്കയിലാഴ്ത്തിയിട്ടുണ്ട്. 2024-ൽ നടക്കേണ്ട ലോകസഭാതെരഞ്ഞെടുപ്പിനെക്കുറിച്ച് മോഡിക്കും 9 വർഷത്തെ മോഡിഭരണം, ജനങ്ങൾക്ക് സംഭാവന ചെയ്ത ജീവിതദുരിതങ്ങളിൽ അമർഷം ഉയർന്നുവരുന്നുണ്ട്. ഇതിനെ നേരിടാൻ കടുത്ത വർഗീയവൽക്കരണമാണ് ബിജെപിയുടെ ഏകആയുധം. മണിപ്പൂരിലെ തീയണയുന്നതിന് മുമ്പ് ഹരിയാനയിൽ കലാപം തുടങ്ങി. ഹരിയാനയിലെ 'നൂഹ്' എന്ന സ്ഥലത്ത് മുസ്ലീങ്ങൾക്ക് നേരെ, സംഘപരിവാർ മൃഗീയമായ ആക്രമണം അഴിച്ചുവിട്ടു. ഹരിയാനയിലെ ബിജെപി സർക്കാർ, കലാപത്തിനിരയായവർക്ക് ഒരു സംരക്ഷണവും നൽകിയില്ല. മുസ്ലീങ്ങളുടെ വീടുകളും വ്യാപാരസ്ഥാപനങ്ങളും ബുൾഡോസറുകൾ ഉപയോഗിച്ച് തകർക്കുന്നതാണ് കണ്ടത്. സുപ്രീംകോടതി ഇടപെട്ടതിനുശേഷമാണ് ബുൾഡോസർ പ്രയോഗം നിർത്തിവച്ചത്.



ഏക സിവിൽ കോഡ് വിവാദം ഉയർത്തിക്കൊണ്ടുവന്നതും രാഷ്ട്രീയ ലക്ഷ്യം വെച്ചാണ്. ഇരുപത്തിരണ്ടാം നിയമകമ്മീഷൻ, ഏകസിവിൽകോഡ് സംബന്ധിച്ച ചർച്ച ആരംഭിച്ചതും ,സദുദ്ദേശ്യപരമല്ല. യു.പിയിൽ 'ഗ്യാൻ വാപ്പി' മസ്ജിദിനുനേരെ തർക്കമുന്നയിച്ച്, സർവ്വേ നടത്താൻ നടപടികൾ സ്വീകരിച്ചതും വർഗീയ സംഘർഷം കുത്തിപ്പൊക്കാനാണ്. 1991 -ലെ ആരാധനാലയ സംരക്ഷണ നിയമം നിലനിൽക്കെയാണ്, പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്കെതിരായ നടപടികൾ ഉണ്ടായത്.

അതീവഗുരുതരമായ ഒരു സാഹചര്യമാണ് രാജ്യം നേരിടുന്നത്. ജീവിത പ്രയാസം കൊണ്ട് നട്ടംതിരിയുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ യാതൊന്നും പരിഗണിക്കാതെ, കോർപറേറ്റ് താൽപ്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന നിലപാടാണ് മോഡി സർക്കാർ കൈക്കൊള്ളുന്നത്. തങ്ങൾക്ക് രാജ്യത്തിന്റെ വിഭവങ്ങൾ കവർച്ച ചെയ്യുവാൻ അവസരം നൽകുന്നതിന് പ്രത്യുപകാരമായി, തങ്ങളുടെ അധീനതയിലുള്ള മാധ്യമങ്ങൾ ഉപയോഗിച്ച്, കോർപറേറ്റുകൾ മോഡിസർക്കാരിനെ വെള്ളപൂശുന്നു.

പ്രതിപക്ഷ പാർട്ടികൾ ഭരണം നടത്തുന്ന സ്ഥാനങ്ങളിലെ സർക്കാരുകളെ അട്ടിമറിക്കാൻ കേന്ദ്രഏജൻസികളെ ഉപയോഗിക്കുന്നു. ഇ.ഡിയുടെ തലപ്പത്ത് ഇഷ്ടക്കാരനെ നിലനിർത്താൻ നിർലജ്ജം സർക്കാർ പരിശ്രമിക്കുന്നു. മഹാരാഷ്ട്രയിലെ ബിജെപിയിതര സർക്കാരിനെ അട്ടിമറിച്ചതും എൻസിപിയിൽ പിളർപ്പുണ്ടാക്കിയതും കേന്ദ്രസർക്കാരിന്റെ ഇടപെടലുകളിലൂടെയാണ്. ഗവർണർമാരെ ഉപയോഗിച്ച്, കേരളം, തമിഴ്നാട്, പോലുള്ള സംസ്ഥാനങ്ങളിൽ ഭരണസ്തംഭനം ഉണ്ടാക്കാൻ ശ്രമിക്കുന്നു.

പ്രതിപക്ഷ പാർട്ടികളുടെ നേതൃത്വത്തിലുള്ള സർക്കാരുകളെ സാമ്പത്തികമായി ഞെരുക്കുന്നു. വികസനപ്രവർത്തനങ്ങളും സാമൂഹ്യക്ഷേമപദ്ധതികളും മുടക്കുക എന്നതാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യം. കേരളം ഈ നടപടിയുടെ ഇരയാണ്.

തെരഞ്ഞെടുപ്പുകൾ അട്ടിമറിക്കുക എന്ന ലക്ഷ്യം വെച്ച്, തെരഞ്ഞെടുപ്പ് കമ്മീഷനെ നിശ്ചയിച്ച പ്രക്രിയകളിൽ മാറ്റം വരുത്തുന്ന ഒരു നിയമം ഉണ്ടാക്കാനുള്ള ബില്ല് രാജ്യസഭയിൽ അവതരിപ്പിച്ചു. ഇലക്ഷൻ കമ്മീഷനെ നിശ്ചയിക്കാനുള്ള സെർച്ച് കമ്മിറ്റിയിൽ നിന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസിനെ ഒഴിവാക്കി, പകരം ഒരു കേന്ദ്രകാബിനറ്റ് മന്ത്രിയെ ഉൾപ്പെടുത്താനാണ് നിർദ്ദേശം. ഈ നിയമം പാസായാൽ മോഡിക്ക് വിശ്വസ്തനായ ഒരാളെ ചീഫ് ഇലക്ഷൻ കമ്മീഷണറായി നിയമിക്കാനാവും. മറ്റ് അംഗങ്ങളെയും ഈ വിധത്തിൽ തെരഞ്ഞെടുക്കാം. അതോടെ, തെരഞ്ഞെടുപ്പിന്റെ അവസ്ഥ എന്താവുമെന്ന് ഊഹിക്കാവുന്നതാണ്.

ഇന്ത്യൻ ഭരണഘടന, ജനാധിപത്യവ്യവസ്ഥ, മതനിരപേക്ഷത തുടങ്ങിയ എല്ലാ പ്രധാനതത്വങ്ങളും അട്ടിമറിക്കുന്ന, മോഡി സർക്കാരിന്റെ നീക്കങ്ങൾക്കെതിരെ ഒറ്റക്കെട്ടായി അണിനിരക്കാൻ തൊഴിലാളിവർഗ്ഗം സജ്ജമാവേണ്ട സന്ദർഭമാണിത്.





ഏക സിവിൽ കോഡ്



# കേരളം ഒറ്റക്കെട്ട്

## ഏക സിവിൽ കോഡിന് എതിരായ പ്രമേയം അവതരിപ്പിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ നടത്തിയ പ്രസംഗം

സംഘപരിവാറിന് ഭരണഘടന മനുസ്മൃതിയാണ്. അതിലെ വ്യവസ്ഥകൾ പ്രകാരം ഇന്ത്യൻ സാമൂഹ്യഘടനയെ പുനക്രമീകരിക്കുകയാണ് അവർക്കു വേണ്ടത്. ഭരണഘടനയെ അക്ഷരത്തിലും അർഥത്തിലും തള്ളിപ്പറയുന്നവർ ഭരണഘടനയിലെ ഏതോ ഒരുകാര്യം നടപ്പാക്കാൻ ഇറങ്ങിയിരിക്കുകയാണെന്ന് തെറ്റിദ്ധരിപ്പിക്കുകയാണ്.

ഭരണഘടനയുടെ നിർദേശക തത്വങ്ങളിൽ പറയുന്ന ഏക സിവിൽ കോഡ് വേണോ വേണ്ടയോ എന്നതേയല്ല ഇപ്പോൾ സംഘപരിവാർ ഇത് ചർച്ചയാക്കുന്നതിനു പിന്നിലെ അജൻഡ. ഭരണഘടനയിൽ പറയുന്ന പൊതു സിവിൽ നിയമമല്ല, സംഘപരിവാറിന്റെ മനസ്സിലുള്ള പൊതു സിവിൽ നിയമം. അത് മനുസ്മൃതി പ്രകാരമുള്ള നിയമമാണ്. അതാകട്ടെ, സംഘപരിവാർ പണ്ടേതന്നെ വ്യക്തമാക്കിയിട്ടുമുണ്ട്.

ഭരണഘടനാ ചർച്ചകൾ നടക്കുന്ന ഘട്ടത്തിൽ ത്തന്നെ സംഘപരിവാറിന്റെ പൂർവരാഷ്ട്രീയ രൂപം അതിന്റെ പത്രത്തിന്റെ മുഖപ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യമുണ്ട്. ഭരണഘടന രൂപപ്പെടുത്താൻ മാതൃക തേടി വിദേശ രാഷ്ട്രങ്ങളിലേക്കൊന്നും പോകേണ്ടതില്ല; നമ്മുടെ സ്വന്തം ബ്ലൂ പ്രിന്റ് ഇക്കാര്യത്തിൽ നമ്മുടെ മുമ്പിലുണ്ട്, അത് മനുസ്മൃതിയാണ്. ഇതായിരുന്നു അതിന്റെ ഉള്ളടക്കം. പിന്നീട് 1950-ഓടെ ഭരണഘടന രൂപപ്പെട്ടപ്പോഴോ? ആ ഭരണഘടനയെ തങ്ങൾ അംഗീകരിക്കുന്നില്ലെന്നു പറയാനും അവർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ഭരണഘടനയെ അക്ഷരത്തിലും അർഥത്തിലും തള്ളിപ്പറയുന്നവർ ഭരണഘടനയിലെ ഏതോ ഒരുകാര്യം നടപ്പാക്കാൻ ഇറങ്ങിയിരിക്കുകയാണെന്ന തെറ്റിദ്ധാരണയൊന്നും ആർക്കുംവേണ്ടാ. അവർക്ക് ഭരണഘടന മനുസ്മൃതിയാണ്. അതിലെ വ്യവസ്ഥകൾ പ്രകാരം ഇന്ത്യൻ സാമൂഹ്യഘടനയെ പുനക്രമീകരിക്കുകയാണ് അവർക്കു വേണ്ടത്.

സംഘപരിവാർ ഈ ഭരണഘടനയെത്തന്നെ അംഗീകരിക്കുന്നില്ല. പിന്നയല്ലേ, അതിലെ നിർദേശക തത്വങ്ങളും സിവിൽ കോഡും. സംഘപരിവാർ എപ്പോഴും നടത്തുന്നത് ഭരണഘടനയ്ക്ക് എതിരായ നീക്കമാണ്. അവരുടെ ഭരണഘടനാ വിരുദ്ധ നീക്കങ്ങളുടെ, കടന്നാക്രമണങ്ങളുടെ പട്ടികയിലെ ഒന്നുമാത്രമാണ് ഇത്. അതല്ലാതെ ഭരണഘടനയിലെ നിർദേശക തത്വങ്ങളിൽ പറഞ്ഞിരിക്കുന്ന ഒരുകാര്യം നടപ്പാക്കിയെടുക്കാനോ, ഭരണഘടനയെ ശക്തിപ്പെടുത്താനോ ഒന്നും ഉള്ളതല്ല. ശരി അത്തോ, മുസ്ലിം വ്യക്തിനിയമമോ, ഭരണഘടനയോ ഒന്നുമല്ല, ഇവരുടെ ചർച്ചയുടെ ഫോക്കസ്. ഒരു ഹിന്ദുവർഗീയ ചാതുർവർണ്യനിയമത്തിൽ എല്ലാ ഇതരമതക്കാരെയും ഞെരിച്ചമർത്തുക എന്നതാണ്.

2025-ൽ ആർഎസ്എസിന്റെ ശതാബ്ദിയാണ്. അപ്പോഴേക്ക് ചെയ്യുതീർക്കേണ്ട മൂന്നു കാര്യം നേരത്തേ പ്രഖ്യാപിച്ചിരുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും ഇടകലർന്നു ജീവിക്കുന്ന മതനിരപേക്ഷതയുടെ പ്രതീകങ്ങളെയാകെ തകർക്കുകയെന്നതാണ് അത്. ആ മതനിരപേക്ഷ പ്രതീകങ്ങളിൽ ഒന്നായിരുന്നു ബാബ്റി മസ്ജിദ്. അത് തകർത്തു. മറ്റൊന്നാണ് മുസ്ലീം ഭൂരിപക്ഷപ്രദേശമായ കശ്മീർ, വിഭജനാനന്തരവും ഇന്ത്യക്കൊപ്പം നിൽക്കുന്നത്. ആ കശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളയലായിരുന്നു രണ്ടാമത്തേത്. അത് ചെയ്ത് കശ്മീരിനെ ഖണ്ഡങ്ങളാക്കി. മൂന്നാമത്തേതാണ് ഭരണഘടനയെ മനുസ്മൃതി കൊണ്ട് പകരംവയ്ക്കുകയെന്നത്. ആ നിലയ്ക്ക് ഭരണഘടനയ്ക്ക് എതിരായ ഒരു കടന്നാക്രമണമെന്ന നിലയിലാണ് ഇതിനെ കാണേണ്ടത്. ഹിന്ദുരാഷ്ട്രം സ്ഥാപിക്കാനുള്ള സംഘപരിവാറിന്റെ ചിരകാല സ്വപ്നത്തിന്റെ സാക്ഷാൽക്കാരത്തിനു വേണ്ടിയുള്ള വ്യഗ്രതയിലാണ് അവർ ഇപ്പോൾ.

## ഏക സിവിൽ കോഡ്

**ഉൾച്ചേർക്കലിൽ അടിസ്ഥാനപ്പെട്ട കാഴ്ചപ്പാടാണ് ഇന്ത്യയുടെ ഏറ്റവും വലിയ സവിശേഷത. ആ കാഴ്ചപ്പാടിനെ ദൃഢപ്പെടുത്തുന്ന വിധത്തിലാണ് ഭരണഘടനയിൽ വിവിധ ഭാഷകളെയും സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയുമൊക്കെ ഉൾക്കൊള്ളുന്നതും അവയ്ക്ക് പ്രത്യേക പരിഗണനയോ സംരക്ഷണമോ വേണമെങ്കിൽ അത് ഉറപ്പുവരുത്തുന്നതുമായ സമീപനം കൈക്കൊണ്ടത്.**





## ഏക സിവിൽ കോഡ്



### ഏക സിവിൽ കോഡ് യാഥാർഥ്യമായാൽ വിദ്യാഭ്യാസത്തിലും തൊഴിലിലുമുള്ള ആദിവാസികളുടെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും പിന്നാക്കക്കാരുടെയും പ്രാതിനിധ്യക്കുറവ് പരിഹരിക്കപ്പെടുമോ?

ഉൾച്ചേർക്കലിൽ അടിസ്ഥാനപ്പെട്ട ആ കാഴ്ചപ്പാടാണ് ഇന്ത്യയുടെ ഏറ്റവും വലിയ സവിശേഷത. ആ കാഴ്ചപ്പാടിനെ ദൃഢപ്പെടുത്തുന്ന വിധത്തിലാണ് ഭരണഘടനയിൽ വിവിധ ഭാഷകളെയും സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയുമൊക്കെ ഉൾക്കൊള്ളുന്നതും അവയ്ക്ക് പ്രത്യേക പരിഗണനയോ സംരക്ഷണമോ വേണമെങ്കിൽ അത് ഉറപ്പുവരുത്തുന്നതുമായ സമീപനം കൈക്കൊണ്ടത്.

ഇവിടെ ഉണ്ടായിരുന്നതും ലോകത്തിന്റെ പല പ്രദേശങ്ങളിൽനിന്ന് പല ഘട്ടത്തിലായി വന്നുചേർന്നതുമായ വിവിധ സംസ്കാരങ്ങൾ അടങ്ങിയതാണ് ഇന്ത്യൻ സമൂഹം. ചരിത്രപരവും സാമൂഹ്യശാസ്ത്രപരവുമായ ആ യാഥാർഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് 'നാനാത്വത്തിൽ ഏകത്വം' എന്ന ചിന്ത രൂപപ്പെട്ടുവന്നത്. ഉൾച്ചേർക്കലിൽ അടിസ്ഥാനപ്പെട്ട ആ കാഴ്ചപ്പാടാണ് ഇന്ത്യയുടെ ഏറ്റവും വലിയ സവിശേഷത. ആ കാഴ്ചപ്പാടിനെ ദൃഢപ്പെടുത്തുന്ന വിധത്തിലാണ് ഭരണഘടനയിൽ വിവിധ ഭാഷകളെയും സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയുമൊക്കെ ഉൾക്കൊള്ളുന്നതും അവയ്ക്ക് പ്രത്യേക പരിഗണനയോ സംരക്ഷണമോ വേണമെങ്കിൽ അത് ഉറപ്പുവരുത്തുന്നതുമായ സമീപനം കൈക്കൊണ്ടത്.

അത്തരമൊരു പൊതുവായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ ഭരണഘടനയുടെ 21-ാം ഭാഗത്തിൽ ചില പ്രത്യേക വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അവയിൽ പ്രധാനപ്പെട്ടവയാണ് 370-ാം വകുപ്പും 371- ാം വകുപ്പും 371 എ മുതൽ ഐ വരെയുള്ള വകുപ്പുകളും. അവയിൽ ജമ്മു കശ്മീരിന് ബാധകമായിരുന്ന 370-ാം വകുപ്പിനെ കേന്ദ്രം അസാധുവാക്കിയ നടപടി നമ്മുടെ ഓർമയിലുണ്ട്. ഇപ്പോൾ ഏക സിവിൽ കോഡിനായി വാദിക്കുന്നവർ തന്നെയാണ് 370-ാം വകുപ്പ് എടുത്തുകളഞ്ഞതിനെ ന്യായീകരിക്കാൻ മുന്നിൽനിന്നത്. ഇന്ത്യയുടെ ഏകീകരണത്തിന് ഉപകരിക്കുമെന്നു പറഞ്ഞ് അതിനെ സ്വാഗതംചെയ്ത സംഘപരിവാർ ഇതര രാഷ്ട്രീയ ശക്തികൾക്കുപോലും തങ്ങളുടെ സംസ്ഥാനങ്ങളിൽ കേന്ദ്ര സർക്കാർ സമാനമായ നടപടികൾ കൈക്കൊള്ളാൻ തുടങ്ങിയതോടെ ആപത്ത് മനസ്സിലായി.

ഏക സിവിൽ കോഡ് യാഥാർഥ്യമായാൽ വിദ്യാഭ്യാസത്തിലും തൊഴിലിലുമുള്ള ആദിവാസികളുടെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും പിന്നാക്കക്കാരുടെയും പ്രാതിനിധ്യക്കുറവ് പരിഹരിക്കപ്പെടുമോ?

ഭരണഘടനയുടെ ആറാം ഷെഡ്യൂൾ പ്രകാരം ആദിവാസി ജനവിഭാഗങ്ങൾക്കായി സ്വയംഭരണ ജില്ലാ കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. അസം, മേഘാലയ, ത്രിപുര, മിസോറം എന്നീ നാല് സംസ്ഥാനത്തായി 10 സ്വയംഭരണ ജില്ലാ കൗൺസിലാണ് നിലവിലുള്ളത്. ഏക സിവിൽ കോഡ് വേണമെന്നു പറയുന്നവർ ഭരണഘടനാപരമായ ഈ സ്വയംഭരണ ജില്ലാ കൗൺസിലുകൾ വേണ്ടെന്നു പറയുമോ? അത് യാഥാർഥ്യമായാൽ ആദിവാസികളുടെ ഭൂമിയും അതിലെ വിഭവങ്ങളും വേണം. എന്നാൽ, അവരുടെ ജീവിതരീതികളും ഭക്ഷണക്രമവും അംഗീകരിക്കാനാകില്ലെന്ന പിന്തിരിപ്പൻ കാഴ്ചപ്പാട് മാറുമോ? അതോടെ ദളിതർക്കും ആദിവാസികൾക്കും പിന്നാക്കക്കാർക്കുമെല്ലാം ആരാധനാലയങ്ങളിൽ കയറാനും പ്രാർഥനകൾ നടത്താനും അതിനു നേതൃത്വം കൊടുക്കാനുമൊക്കെ കഴിയുമോ?

ഏക സിവിൽ കോഡ് യാഥാർഥ്യമായാൽ വിദ്യാഭ്യാസത്തിലും തൊഴിലിലുമുള്ള ആദിവാസികളുടെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും പിന്നാക്കക്കാരുടെയും പ്രാതിനിധ്യക്കുറവ് പരിഹരിക്കപ്പെടുമോ ? അതോടെ തൊഴിലിന്റെയും വസ്ത്രത്തിന്റെയും ജീവിത പങ്കാളിയുടെയുമൊക്കെ പേരിൽ ദളിതർ ആക്രമിക്കപ്പെടാതിരിക്കുമോ? അതോടെ ഖാപ് പഞ്ചായത്തുകളെ ഇല്ലാതാക്കുമോ? അതോടെ പിന്തുടർച്ച, രക്ഷാകർതൃത്വം, ദത്തെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ഹിന്ദുസ്ത്രീകൾ അനുഭവിക്കുന്ന വിവേചനം ഇല്ലാതാകുമോ? സച്ചാർ കമ്മിറ്റി നിർദേശിച്ച തുല്യ അവസര കമീഷൻ ഇനിയും



യാഥാർഥ്യമായിട്ടില്ല. സംവരണം ഉൾപ്പെടെയുള്ള രംഗനാഥ് മിശ്ര കമീഷന്റെ ശുപാർശ നടപ്പാക്കിയിട്ടില്ല. ഇതൊക്കെ വിവിധ ജനവിഭാഗങ്ങളുടെ ഇടയിൽ തുല്യത ഉറപ്പുവരുത്താൻ ഉപകരിക്കുന്ന നിർദേശങ്ങളും ശുപാർശകളും ആയിരുന്നു.

എന്നാൽ, അവയിലേക്കൊന്നും കടക്കാതെ നേരെ ഏകീകരണമെന്ന മുദ്രാവാക്യവുമായി ഇറങ്ങിയിരിക്കുകയാണ്. സിവിൽ നിയമങ്ങൾ ഏകീകരിക്കണമെന്നു പറയുന്നവർ തന്നെയാണ് മുസ്ലീം സമുദായത്തിലെ വിവാഹമോചനത്തെമാത്രം ക്രിമിനൽ കുറ്റമാക്കി മാറ്റിയതെന്ന് ഓർക്കണം. നിയമങ്ങൾ എല്ലാവർക്കും ഒരേപോലെ ബാധകമാകണമെന്നു പറയുന്ന ഇതേ ആളുകൾ തന്നെയാണ് എല്ലാവർക്കും ഒരേപോലെ പൗരത്വം കൊടുക്കാൻ കഴിയില്ലെന്നു പറയുന്നത്.

ഏക സിവിൽ കോഡ് എന്നു പറഞ്ഞുകൊണ്ട് വർഗീയ ചേരിതിരിവ് സൃഷ്ടിക്കാനും രാഷ്ട്രീയലാഭം കൊയ്യാനുമാണ് സംഘപരിവാറും അവരുടെ ആജ്ഞാനുവർത്തികളായി അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരും ശ്രമിക്കുന്നത്.

നിയമങ്ങൾ എല്ലാവർക്കും ഒരേപോലെ ബാധകമാക്കുന്നതോടെ ഗുജറാത്തിലും മുസഫർനഗറിലും നടന്നത് ഇനിയൊരിക്കലും നടക്കാതിരിക്കുമോ? അതോടെ കാന്ദമാലും മണിപ്പൂരും ആവർത്തിക്കാതിരിക്കുമോ? ഇന്ത്യൻ സമൂഹത്തെ ബാധിക്കുന്ന ഇത്തരം കാതലായ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനോ അവ പരിഹരിക്കുന്നതിനോ വേണ്ട ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുന്നില്ല. അതേസമയം, ഏക സിവിൽ കോഡ് എന്നു പറഞ്ഞുകൊണ്ട് വർഗീയ ചേരിതിരിവ് സൃഷ്ടിക്കാനും രാഷ്ട്രീയലാഭം കൊയ്യാനുമാണ് സംഘപരിവാറും അവരുടെ ആജ്ഞാനുവർത്തികളായി അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരും ശ്രമിക്കുന്നത്.

രാജ്യത്ത് പൊതു തെരഞ്ഞെടുപ്പുകൾ ആസന്നമാകുന്ന ഘട്ടങ്ങളിലെല്ലാം ജനങ്ങളെ ബാധിക്കുന്ന യഥാർഥ വിഷയങ്ങളിൽനിന്ന് ശ്രദ്ധ തിരിച്ചുവിടാനുള്ള നീക്കങ്ങളാണ് നടത്തുന്നത്. 2014ലെ ലോക്സഭാ തെരഞ്ഞെടുപ്പുഘട്ടത്തിൽ ബിജെപി അഴിമതിയെക്കുറിച്ച്, കള്ളപ്പണത്തെക്കുറിച്ച്, വിലക്കയറ്റത്തെക്കുറിച്ച്, സ്ത്രീസുരക്ഷയെക്കുറിച്ച് അങ്ങനെ പലതിനെയുംകുറിച്ച് പറഞ്ഞിരുന്നു. എന്നാൽ, ഇതൊക്കെ പരിഹരിക്കാൻ എന്ത് ചെയ്തെന്നു പറയാൻ 2019ലെ തെരഞ്ഞെടുപ്പുഘട്ടത്തിൽ ബിജെപി മുതിർന്നില്ല. അന്നവർ തീവ്രവാദത്തെക്കുറിച്ചും ദേശസുരക്ഷയെക്കുറിച്ചുമൊക്കെ പറഞ്ഞു.

ഇനി 2024-ൽ അവർ അതിനെക്കുറിച്ച് മിണ്ടില്ലെന്ന് നമുക്കെല്ലാം അറിയാം. കാരണം, ഭീകരാക്രമണങ്ങൾ ഇപ്പോഴും ഉണ്ടാകുന്നു. സൈനികർ കൊല്ലപ്പെടുന്നു. പുൽവാമയിൽ എന്താണ് യഥാർഥത്തിൽ സംഭവിച്ചത് എന്നതിനെക്കുറിച്ച് പല ആക്ഷേപവും ഉയർന്നുവന്നിട്ടുണ്ട്. ഇതിനെയൊക്കെ അതിജീവിക്കാനുള്ള അവരുടെ അടുത്ത പരിപാടിയാണ് ഏക സിവിൽ കോഡുമായി ബന്ധപ്പെട്ട് ഉയർത്തിക്കൊണ്ടുവന്നിരിക്കുന്ന ചർച്ചകൾ.

ജനങ്ങളുടെ ജീവൽപ്രശ്നങ്ങൾ ശ്രദ്ധയിൽനിന്ന് ഒഴിവാക്കിവിടാനുള്ള തന്ത്രമാണ് ഇത്. ബിജെപിയും അവരുടെ സർക്കാരുകളും ഒരിക്കലും ദാരിദ്ര്യനിർമാർജനത്തെക്കുറിച്ചോ തൊഴിലില്ലായ്മ ഇല്ലാതാക്കുന്നതിനെക്കുറിച്ചോ ദളിത് ജനവിഭാഗങ്ങൾ നിരന്തരം ആക്രമിക്കപ്പെടുന്നതിനെക്കുറിച്ചോ ഒന്നും പറയില്ല. രാജ്യം നേരിടുന്ന നീറുന്ന പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ മാറ്റിക്കാനുള്ള ഉപായംകൂടിയാണ് അവർക്ക് ഏക സിവിൽ കോഡ്.

**ഏക സിവിൽ കോഡ് എന്നു പറഞ്ഞുകൊണ്ട് വർഗീയ ചേരിതിരിവ് സൃഷ്ടിക്കാനും രാഷ്ട്രീയലാഭം കൊയ്യാനുമാണ് സംഘപരിവാറും അവരുടെ ആജ്ഞാനുവർത്തികളായി അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരും ശ്രമിക്കുന്നത്.**

നിരവധി മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഭാഷകളുടെയും വംശങ്ങളുടെയും സംഗമ ഭൂമിയാണ് ഇന്ത്യ. അവയെയൊക്കെ ഉൾക്കൊള്ളാനാണ് ഫെഡറൽ ഘടനയുള്ള മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി ഭരണഘടനയിൽ ഇന്ത്യയെ വിഭാവനം ചെയ്തിരിക്കുന്നത്. ആ മൂല്യങ്ങളിൽ ഏതിനെതിരെ നീങ്ങിയാലും അത് ഭരണഘടനയ്ക്ക് എതിരായ നീക്കമാണ്. സംഘപരിവാറാകട്ടെ അവയിൽ എല്ലാത്തിനും എതിരായ നീക്കങ്ങളാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ അത്തരം എല്ലാ നീക്കത്തിനുമെതിരെ തികഞ്ഞ ജാഗ്രതയോടെയുള്ള പ്രതിരോധമാണ് ആവശ്യം. കേരളമാകെ അത്തരത്തിലുള്ള ജാഗ്രത പുലർത്തുന്നുണ്ട് എന്നതിന്റെ തെളിവായി നിയമസഭ ഒറ്റക്കെട്ടായി പ്രമേയം അംഗീകരിക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. ഇന്ത്യയിലാകെയുള്ള ജനാധിപത്യ മതനിരപേക്ഷവാദികൾ ആഗ്രഹിക്കുന്നതും അതുതന്നെയാണ്.●





ആനത്തലവട്ടം ആനന്ദൻ

ഓർമ്മക്കുറിപ്പുകൾ

# എന്റെ ആദ്യ മൈതാന പ്രസംഗം

കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നതിനുശേഷം ആദ്യമായി കേരളത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നത് 1965 മാർച്ചിലാണ്. ചൈനീസ് ചാരത്വം ആരോപിച്ചുകൊണ്ട് സിപിഐഎം പ്രവർത്തകരെ മുഴുവൻ ജയിലിൽ അടച്ചശേഷം നടക്കുന്ന തെരഞ്ഞെടുപ്പാണ്. ആറ്റിങ്ങൽ മണ്ഡലത്തിൽ മുഖ്യമന്ത്രിയായിരുന്ന ആർ ശങ്കർക്കെതിരെ സ.അനിരുദ്ധനാണ് തിരഞ്ഞെടുപ്പിൽ സിപിഐഎം സ്ഥാനാർത്ഥിയായി മത്സരിച്ചത്. അദ്ദേഹം ജയിലിലാണ്. 1965 മാർച്ചിൽ ചിറയിൻകീഴ് ശാർക്കര ദേവി ക്ഷേത്രത്തിലെ കാളിയൂട്ട് മഹോത്സവമാണ്. കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ മഹാഭൂരിപക്ഷം ജനങ്ങളും പങ്കെടുക്കുന്ന ഉത്സവമാണ് ശാർക്കര ദേവി ക്ഷേത്രത്തിലെ കാളിയൂട്ട് മഹോത്സവം. ആ കാളിയൂട്ട് മഹോത്സവ ദിവസം, ജയിലിൽ കിടക്കുന്ന, അഴികൾക്കുള്ളിൽ പിടിച്ച് നിൽക്കുന്ന അനിരുദ്ധന്റെ പൂർണ്ണകായ ചിത്രം ശാർക്കര ദേവി ക്ഷേത്ര മൈതാനത്ത് കൊണ്ടുവന്നു. പേരൂർക്കടയിലെ ആർട്ടിസ്റ്റ് ദിവാകരൻ വരച്ചതാണ് ജീവനുള്ള, ചൈതന്യമുള്ള ആ ചിത്രം.



അനിരുദ്ധൻ



ആർ. ശങ്കർ

ആ ചിത്രം കാണാൻ ജയിലിൽകിടക്കുന്ന അനിരുദ്ധനെ കാണാൻ ഉത്സവപ്പറമ്പിൽ കൂടിയ ആളുകൾ ഒക്കെ ആ ചിത്രത്തിന് മുൻപിലേക്ക് വന്നു. തെരഞ്ഞെടുപ്പിൽ രാഷ്ട്രീയം പറയാനും പ്രസംഗിക്കാനും നമുക്കാളില്ല. ആ ചിത്രം പ്രദർശിപ്പിച്ച് കൊണ്ട് മൈക്ക് വച്ചിട്ടുണ്ട്. പ്രസംഗം നടത്തണം. ഞാനാണെങ്കിൽ അന്ന് പൊതു മൈതാനത്ത് പ്രസംഗിച്ചു തുടങ്ങിയിട്ടില്ല. കമ്മിറ്റി യോഗങ്ങളിൽ, പാർട്ടി യോഗങ്ങളിൽ, തൊഴിലാളി യോഗങ്ങളിൽ ഒക്കെ റിപ്പോർട്ടിങ്ങും വിശദീകരണവും നടത്തിയിട്ടേയുള്ളൂ. ഈ മഹാജനക്കൂട്ടത്തിൽ പ്രസംഗിക്കാൻ എനിക്കും ധൈര്യം പോര. എന്നെ അവിടത്തെ പാർട്ടി നേതാക്കളും എനിക്ക് ഏറ്റവും വേണ്ടപ്പെട്ട സ.സുകുമാരണ്ണനും നിർബന്ധിച്ചു, നീ പ്രസംഗിക്കണം. പൊതുമൈതാനത്ത് ഞാൻ പ്രസംഗിച്ചിട്ടില്ലെന്ന് പറഞ്ഞു. എന്നെ നിർബന്ധിക്കരുത്. എന്നെ ബലാൽക്കാരമായി പിടിച്ചു മൈക്കിനു മുന്നിൽ നിർത്തി, പ്രസംഗിക്കാൻ പറഞ്ഞു. ഞാൻ ഒന്നരമണിക്കൂറോളം പ്രസംഗിച്ചു. ആ പ്രസംഗം കേൾവിക്കാരെ തൃപ്തിപ്പെടുത്തി. സംഘാടകരെയും തൃപ്തിപ്പെടുത്തി. പ്രസംഗിച്ച എനിക്കും ഒരു സംതൃപ്തി തോന്നി. പ്രസംഗിക്കാൻ പറ്റും. അതിന്റെ ഫലമായി അന്ന് രാത്രി



തന്നെ കമ്മിറ്റി കൂടി ഈ ചിത്രത്തിന്റെ കൂടെ നടന്ന് പ്രസംഗിക്കാൻ എന്നെ ചുമതലപ്പെടുത്തി. സംഘടനാ പ്രവർത്തനങ്ങൾ ഒഴിവാക്കി. ആ ചിത്രം ഒരു ഉന്തുവണ്ടിയിൽ വെച്ചുകെട്ടി. ബസ് സ്റ്റാന്റുകൾ, ചന്തകൾ, ആൾക്കൂട്ടമുള്ളയിടങ്ങളിൽ കൊണ്ട് നിർത്തി. സ. അനിരുദ്ധന് വോട്ട് ചെയ്യാൻ, സിപിഐഎമ്മിന് വോട്ട് ചെയ്യാൻ, ആർ ശങ്കറെ പരാജയപ്പെടുത്താൻ ഉള്ള പ്രസംഗം നടത്തി. ചിത്രത്തിന് നേരെയും പ്രസംഗിക്കുന്നയാൾക്കെതിരെയും കടുത്ത ആക്രമണവുമുണ്ടായി.

തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ഞാൻ ഒന്നാന്തരം പ്രാസംഗികനായി. പലയിടത്തും പ്രസംഗവേദിയിൽ കേറാനും പ്രസംഗിക്കുന്ന എന്നെ ആക്രമിക്കാനും കോൺഗ്രസ്സിന്റെ ഗുണ്ടകൾ തയ്യാറായി. ഒരു സമാപന യോഗത്തിൽ ഞാൻ പ്രസംഗിച്ചു നിൽക്കുമ്പോൾ അവിടത്തെ കുപ്രസിദ്ധനായ ഒരു റൗഡി കഠാരയുമായി ചാടിക്കയറി. ഇതെല്ലാം അറിയാവുന്ന പാർട്ടിയും ഞാനും സുരക്ഷയ്ക്കായി ചില സഖാക്കളേ ഏർപ്പെടുത്തിയിരുന്നു. അവർ അയാളുടെ ഉദ്യമം തടഞ്ഞതിന്റെ ഫലമായിട്ടാണ് അന്നാക്രമിക്കാൻ പറ്റാതെ പോയത്. അങ്ങനെയുള്ള സംഭവങ്ങൾ ആ ചിത്രവും കൊണ്ട് നടന്ന് പ്രസംഗിച്ചതിന്റെ ഫലമായിട്ടുണ്ടായിട്ടുണ്ട്.തെരഞ്ഞെടുപ്പിൽ കേരളത്തിലെ മുഴുവൻ സാമുദായിക പ്രമാണിമാരും കോൺഗ്രസും ഒത്തുപിടിച്ചിട്ടും മുൻമുഖ്യമന്ത്രിയും, ഭാവി മുഖ്യമന്ത്രിയാവേണ്ട ആളുമായ ആർ.ശങ്കറെ ജയിപ്പിക്കാൻ സാധിച്ചില്ല. സ.അനിരുദ്ധൻ ജയിച്ചു. തോൽപ്പിക്കാൻ വന്നവരെല്ലാം തോറ്റു. അതാണെന്റെ ആദ്യ പൊതുയോഗ പ്രസംഗം. ശാർക്കര ക്ഷേത്ര മൈതാനിയിൽ, 1965 മാർച്ചിൽ. അതിനു ശേഷം ഞാൻ ഒരു പ്രാസംഗികൻ എന്നുള്ള നിലയിൽ എല്ലാ യോഗങ്ങളിലും പാർട്ടി നടത്തുന്ന യോഗങ്ങളിൽ, തൊഴിലാളി സംഘടനകൾ നടത്തുന്ന യോഗങ്ങളിൽ, സംയുക്ത യോഗങ്ങളിലുമൊക്കെ പങ്കെടുക്കാറുണ്ടായിരുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതാക്കൾ പങ്കെടുക്കുന്ന യോഗങ്ങളിലെല്ലാം സിപിഐഎമ്മിന്റെ പ്രതിനിധിയായി പങ്കെടുക്കാൻ എന്നെ തീരുമാനിക്കപ്പെട്ടിട്ടുണ്ട്.

ഇമ്പിച്ചി ബാവ മലബാർ മേഖലയിൽ നടത്തിയ ജാഥയിൽ പാർട്ടി തീരുമാനിച്ച പ്രകാരം അംഗമാവാൻ എനിക്ക് ഭാഗ്യം ലഭിച്ചു. പി.കെ വാസുദേവൻ നായർ നയിച്ച ജാഥയിൽ സിപിഐഎമ്മിന്റെ പ്രതിനിധിയായി ഞാൻ പങ്കെടുത്തിട്ടുണ്ട്. പി വിശ്വംഭരൻ, നീലലോഹിതദാസൻ നാടാർ, അതുപോലുള്ള ജനതാദൾ നേതാക്കളൊക്കെ നയിച്ച ജാഥകളിലൊക്കെ സിപിഐഎം പ്രതിനിധിയായി ഞാൻ പങ്കെടുത്തു. ഉഴവൂർ വിജയൻ, മുൻമന്ത്രിയായിരുന്ന സിപിഐയുടെ സി ദിവാകരൻ അതുപോലുള്ള കേരളത്തിലെ ഇടതുപക്ഷ മുന്നണി നേതാക്കളുടെ യോഗങ്ങളിലും അവർ നയിച്ച ജാഥകളിലും പങ്കെടുത്തിട്ടുണ്ട്. യോഗങ്ങളിലെല്ലാം സിപിഐഎമ്മിന്റെ പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്. കണ്ണൂരിൽ



ഇ.കെ. ഇമ്പിച്ചിബാവ



പി.കെ.വി



കോടിയേരി ബാലകൃഷ്ണൻ



## ഓർമ്മക്കുറിപ്പുകൾ

ആർഎസ്എസും സിപിഐഎമ്മുമായുള്ള സംഘർഷഭരിതമായ അന്തരീക്ഷത്തിൽ കോടിയേരിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജാഥയിൽ സിപിഐഎമ്മിന്റെ പ്രതിനിധിയായി പാർട്ടി എന്നെ തീരുമാനിക്കുകയുമായുണ്ടായി. ആ ജാഥയിലും കോടിയേരിയോടൊപ്പം പങ്കെടുക്കുകയുണ്ടായി. കേരളത്തിൽ സ. പിണറായി വിജയൻ നടത്തിയ ആദ്യത്തെ കേരള യാത്രയിൽ സിപിഐഎമ്മിന്റെ പ്രതിനിധിയായി പങ്കെടുത്തു. അങ്ങനെ തെക്കു വടക്ക് നടന്ന എല്ലാ ജാഥകളിലും തൊഴിലാളികളുടെ സംയുക്ത ജാഥയായാലും ഇടതുപക്ഷ മുന്നണി ജാഥയായാലും,പാർട്ടി ജാഥയായാലും ഒക്കെ സിപിഐഎമ്മിനെ പ്രതിനിധീകരിച്ച് പങ്കെടുക്കുവാൻ പ്രാസംഗികൻ എന്നുള്ള നിലക്ക് എന്നെ പാർട്ടി ചുമതലപ്പെടുത്തിയിരുന്നു.

1972 -ൽ വാഴമുട്ടത്തെ കയർ തൊഴിലാളിയായ അമ്മു വെടിയേറ്റ് രക്തസാക്ഷിയായി. 1973 ൽ അമ്മുവിന്റെ ബലികുടീരത്തിൽനിന്നും ദീപശിഖയുമായി കണ്ണൂർ വരെ ജാഥ നടത്തി. 1974 -ൽ ചെറുവത്തൂർ കാസർഗോഡ് നിന്ന് ജാഥ കോവളത്തേക്കും എന്റെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. 1975- ൽ 101 പ്രവർത്തകരുമായി പട്ടിണി മാർച്ച്, കാഞ്ഞങ്ങാട്ടു നിന്ന് തിരിച്ച് തിരുവനന്തപുരത്തെത്തുകയുണ്ടായി. ഈ മൂന്നു ജാഥ കഴിയുമ്പോഴേക്കും കേരളത്തിലെ തീരപ്രദേശം മുഴുവൻ മാസങ്ങൾ, ദിവസങ്ങൾ സഞ്ചരിച്ച് പ്രസംഗിക്കുന്ന ജോലിയാണ് എനിക്ക് ഏറ്റെടുക്കേണ്ടി വന്നത്. അതിലെല്ലാം തന്നെ സിപിഐഎമ്മിന്റെയും സിഐടിയുവിന്റെയും പ്രതിനിധിയായി ഒരു പ്രാസംഗികൻ എന്നുള്ള നിലയിൽ എന്നെ നിയോഗിച്ചിരുന്നു. അഞ്ചര പതിറ്റാണ്ട് കാലമായി ഇന്നുവരെ എനിക്ക് അസുഖം ബാധിച്ച് കിടക്കുമ്പോളല്ലാതെ ഒരു ദിവസമൊഴിയാതെ തൊഴിലാളി യോഗങ്ങൾ, തൊഴിലാളി സംയുക്ത യോഗങ്ങൾ, ഇടതുപക്ഷ മുന്നണി യോഗങ്ങൾ, പാർട്ടി യോഗങ്ങളിലൊക്കെ പ്രസംഗിക്കുന്നതിന് ഒരു വിഘ്നവും വരുത്താതെ സാധിച്ചിട്ടുണ്ട്. ഇതാണ് എന്റെ ആദ്യ പ്രസംഗത്തിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സൂചിപ്പിക്കാനുള്ളത്.

രണ്ട് സംഭവങ്ങൾ മറക്കാൻ കഴിയാത്തത്.

ഒന്ന്, തമിഴ്നാട്ടിൽ എഐഡിഎംകെ നേതാവായിരുന്ന എം ജി രാമചന്ദ്രൻ, അവരുടെ മുന്നണിയുമായി കമ്മ്യൂണിസ്റ്റ് പാർട്ടി സഹകരിച്ച് പ്രവർത്തിക്കുകയുണ്ടായി. ആ മുന്നണിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന്റെ ഫലമായി മാർത്തണ്ഡത്തൊരു പൊതുയോഗമുണ്ടായി. എം ജി ആർ പങ്കെടുക്കുന്ന പൊതുയോഗം. ആ പൊതുയോഗം രാവിലെ പത്ത് മണിക്കാണ് വെച്ചിരുന്നത്. എം ജി രാമചന്ദ്രൻ മധുരവീരൻ സിനിമയിൽ തിളങ്ങിനിൽക്കുന്ന കാലം. ജയലളിതയാണ് അദ്ദേഹത്തിന്റെ നായിക. സാധാരണ ആളുകൾക്കിടയിൽ വലിയ ഹരമായിരുന്നു എം ജി ആർ. ആ അവസരത്തിൽ കന്യാകുമാരി മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് എനിക്കും ചുമതല തന്നിരുന്നു. വൈകുന്നേരം 5 മണിക്കാണ് മാർത്താണ്ഡം പാർട്ടി ആഫീസിൽ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെ ചുമതലയേൽക്കാൻ ചെല്ലുന്നത്.



ആഫീസ് ആകെ ശോകമൂക മായി കിടക്കുന്നു. അന്വേഷിച്ചപ്പോൾ മാർത്താണ്ഡം പട്ടണത്തിൽ രാവിലെ മുതൽ എംജിആറിന്റെ ആരാധകർ തടിച്ചുകൂടി നിൽക്കുകയാണ്. 5 മണിയായിട്ടും എം ജി ആർ വന്നിട്ടില്ല.

യോഗം ആരംഭിക്കാതെ നിവൃത്തിയില്ല. എം ജി ആർ പ്രസംഗിക്കുമെന്ന് പറഞ്ഞ വേദിയിൽ വേറെ ആരും പ്രസംഗിക്കാനും ഇല്ല. സിപിഐഎമ്മാണ് ഈ യോഗം സംഘടിപ്പിച്ചത്. അതിനുമുന്നേതന്നെ അവിടത്തെ ചില യോഗങ്ങളിൽ പോയി പ്രസംഗിക്കാൻ അവിടുത്തെ പ്രവർത്തകർ എന്നെ കൂട്ടിക്കൊണ്ടു പോകുമായിരുന്നു. ഇവിടെ എംജിആറിന്റെ അസാന്നിദ്ധ്യത്തിൽ പ്രസംഗിക്കുക എന്ന കുരുക്ക് എന്റെ കഴുത്തിൽ വീഴുമെന്ന് കരുതി ഞാൻ പതുക്കെ അവിടന്ന് മാറാൻ ശ്രമിച്ചു. അപ്പോഴേക്കും അന്നത്തെ പാർട്ടി തമിഴ്നാട് സംസ്ഥാന സെക്രട്ടറി ആയിരുന്ന സ.ശങ്കരയ്യ അവിടേക്ക് വന്നു. നമ്മുടെ സഖാക്കൾ ശങ്കരയ്യയെ സമ്മർദം ചെലുത്തി. നമ്മൾ സംഘടിപ്പിച്ച യോഗമായതിനാൽ. യോഗം ആരംഭിക്കാതെ നിവൃത്തിയില്ല. എംജിആറിനെ കാത്ത് ആളുകൾ നിൽക്കുകയാണ്. അതിനാൽ സഖാവ് പ്രസംഗിക്കണം. അദ്ദേഹം പറഞ്ഞു, ഞാൻ പ്രസംഗിക്കില്ല. “എംജിആർ പ്രസംഗിക്കുന്ന യോഗത്തിൽ ഞാൻ പ്രസംഗിച്ച് അലങ്കോലമാവും. ഞാനില്ല പ്രസംഗിക്കാൻ.” അദ്ദേഹം കയ്യൊഴിയുമ്പോൾ കയ്യിൽ കിട്ടിയ വണ്ടിയിൽ എനിക്ക് ചുമതലയുള്ള പഞ്ചായത്തിലേക്ക് ഞാൻ പോയി. പരമേശ്വരൻ പിള്ളയാണ് അന്ന് തിരുവനന്തപുരം സിപിഐഎം ജില്ലാകമ്മിറ്റിയിൽ നിന്ന് ചുമതല കൊടുത്ത മറ്റൊരു സഖാവ്. ആ സഖാവിന്റെ കീഴിലാണ് ഞാൻ പോവേണ്ടത്. ഞാൻ നേരെ ആ യോഗ സ്ഥലത്തേക്ക് പോയി. യോഗ സ്ഥലത്ത് പോയി 5 മിനിറ്റ് കഴിഞ്ഞപ്പോൾ അവിടത്തെ പാർട്ടി താലൂക്ക് കമ്മിറ്റി സെക്രട്ടറി വന്നു. അദ്ദേഹം ചൂടൻ സഖാവായിരുന്നു. എനിക്കിഷ്ടമുള്ള സഖാവായിരുന്നു. ആ സഖാവ് വന്നു പറഞ്ഞു. ”ആനന്ദൻ സഖാവ് പ്രസംഗിക്കണം. സഖാവ് ആ യോഗത്തിൽ വരണം.” ഞാൻ എതിർത്തെങ്കിലും എന്നെ അവർ എടുത്തു കൊണ്ടു പോവും എന്ന സ്ഥിതിയായി. എംജിആർ പ്രസംഗിക്കുന്ന സ്ഥലത്ത് അദ്ദേഹം വരാതെ ഈ സന്ധ്യ സമയത്ത് ഞാൻ വന്നു പ്രസംഗിക്കുക, എന്നെ കൊണ്ടാവില്ല. അവസാനം ആ സഖാവ് പറഞ്ഞു, ഇത് പാർട്ടി സംഘടിപ്പിച്ച യോഗമാണ് ആ യോഗം പിരിച്ചുവിടാൻ പറ്റില്ല. എംജിആർ വന്നില്ലെന്നു കരുതി നടത്താതിരിക്കാൻ കഴിയില്ല. അദ്ദേഹം പാർട്ടി ശൈലിയിൽ അഭിപ്രായം പറഞ്ഞു. എന്റെ ചുമതലക്കാരനായ സ:പരമേശ്വരൻ പിള്ള പറഞ്ഞു സ.ആനന്ദൻ പോയി പ്രസംഗിക്കും. ഞാൻ പറഞ്ഞു എന്തെങ്കിലും സംഭവിച്ചാൽ നിങ്ങളാണ് ഉത്തരവാദി. എനിക്കൊരു വിശ്വാസം പോരാ അവിടെ പോയി പ്രസംഗിക്കുവാൻ.ഗോപിനാഥൻ എന്നാണ് അന്നത്തെ താലൂക്ക് സെക്രട്ടറിയുടെ പേര്. അദ്ദേഹത്തിനൊപ്പം ഞാൻ പോയി. ജനങ്ങൾ 7 മണിയായിട്ടും പിരിയാതെ നിൽക്കുകയാണ്. ഞാൻ അവിടെ ചെല്ലുമ്പോൾ പ്ലാറ്റ് ഫോമിൽ ആരുമില്ല. ഗോപിനാഥനും ഞാനും കൂടെ പ്ലാറ്റ് ഫോമിൽ കയറി. അധ്യക്ഷനുമില്ല, സ്വാഗതപ്രാസംഗികനുമില്ല ആരുമില്ല. ഗോപിനാഥൻ അനൗൺസ് ചെയ്തു. കേരളത്തിൽ നിന്ന് വന്നിട്ടുള്ള ആനത്തലവട്ടം ആനന്ദൻ പ്രസംഗിക്കുന്നതാണ്.



ശങ്കരയ്യ

അദ്ദേഹം അത് പറഞ്ഞിട്ട് പ്ലാറ്റ്ഫോമിന്റെ പിന്നിലേക്ക് പോയി. ഞാൻ എന്തും വരട്ടെ എന്നു കരുതി എം.ജി.ആർ മോഡലിൽ ഒരു സിനിമയിലെ ഡയലോഗ് ഒക്കെ വച്ചുകൊണ്ട് ഒരു പ്രസംഗം നടത്തി. അന്ന് ഒരു സിനിമയിൽ അദ്ദേഹത്തിന്റെ നായികയായ ജയലളിതയെ കൊള്ളക്കാർ തട്ടിക്കൊണ്ടുപോയി ഗുഹയിൽ അടച്ച ഒരു സംഭവം ഉണ്ട്. ആ സിനിമയുടെ പേര് എനിക്ക് തോന്നുന്നു ‘മധുരൈ വീരൻ’ എന്നാണ്. വളരെ ഹിറ്റായ പടമാണ്. അതിൽ ജയലളിതയെ മോചിപ്പിക്കാനായി എം.ജി. ആർ കുതിരപ്പുറത്തു പോകുന്നുണ്ട്. ആ ഗുഹ തുറക്കണമെങ്കിൽ ഒരു മന്ത്രമുണ്ട്. “അബാക്ക കസം അബുക്കാഹുക്കും കതകേ തുറന്തിട് സീസേ” എന്ന്. ആ ഗുഹയുടെ മുമ്പിൽ ചെന്ന് എംജിആർ ആ മന്ത്രം പറയുമ്പോൾ ഗുഹ രണ്ടായി തുറക്കും. എംജിആർ അതിനകത്ത് കുതിര ഓടിച്ച് കയറും. കൊള്ളക്കാരുമായി ഏറ്റുമുട്ടും. ബന്ധനസ്ഥയായ നായികയായ ജയലളിതയെ ബന്ധനവിമുക്തയാക്കി കുതിരപ്പുറത്ത് കയറ്റി തിരിച്ചു



പോകുന്ന ആ സംഭവം തീയേറ്റർ മുഴുവൻ ഇളക്കി മറിക്കുന്നതായിരുന്നു. ഇതൊക്കെ പറഞ്ഞപ്പോൾ ഈ തമിഴരായ അവിടെക്കൂടിയ സാധാരണക്കാർ, അവർ ഏതാണ്ട് ഒരു മട്ടടങ്ങി. പിന്നീട് രാഷ്ട്രീയമൊക്കെ പറഞ്ഞ് ഒരു മണിക്കൂറിലധികം അവിടെ പ്രസംഗിച്ചു. എന്റെ പ്രസംഗം നടക്കുമ്പോൾ ആളുകൾ പിൻഡ്രോപ്പ് സൈലന്റായി. ഒരു മനുഷ്യർക്കും ഒരു പ്രതിഷേധമോ ഒന്നുമില്ല. ഞാൻ പ്രസംഗം നിർത്തി. സ.ഗോപിനാഥൻ മാത്രമാണ് പ്ലാറ്റ്ഫോമിലുള്ളത്. അദ്ദേഹം പറഞ്ഞു എംജിആർ രാവിലെ യോഗത്തിൽ പങ്കെടുക്കാൻ വന്നതാണ്. ശാരീരികാസ്വസ്ഥത ഉള്ളതുകൊണ്ട് അദ്ദേഹം എത്തിച്ചേർന്നിട്ടില്ല. യോഗം അവസാനിച്ചിരിക്കുന്നു. അപ്പോഴേക്കും ജനങ്ങൾ ബഹളം ഉണ്ടാക്കുമെന്നാണ് കരുതിയത്. പക്ഷേ, ഒരാളും ബഹളമുണ്ടാക്കിയില്ല. എംജിആറിന് വേണ്ടി പകരം യോഗത്തിൽ പ്രസംഗിച്ചു, യോഗം കലക്കാതെ ആളുകളെ തൃപ്തിപ്പെടുത്തുവാൻ ഇറങ്ങിത്തിരിക്കേണ്ടി വന്ന സംഭവമാണ് എന്റെ പ്രസംഗജീവിതത്തിൽ എനിക്ക് മറക്കാനാവാത്ത ഒരു സംഭവം.

രണ്ടാമത്തെ സംഭവം: കുടിയൊഴിപ്പിക്കൽ ധാരാളം നടക്കുന്ന കാലം. നമ്മുടെ ഒരു സഖാവിന്റെ കുടിൽ മുരുക്കുംപുഴ അലിയാരുകുട്ടി എന്ന ജന്മി പൊളിച്ചുകളഞ്ഞു. പട്ടികജാതിക്കാരന്റെ കുടിലാണ്. അതിൽ പ്രതിഷേധിച്ച് ഒരു യോഗം അദ്ദേഹത്തിന്റെ വീടിന് മുന്നിൽ പാർട്ടി സംഘടിപ്പിച്ചു. ഞാനന്ന് തിരുവനന്തപുരത്ത് വിശ്വകേരളം പത്രമോഫീസിൽ വന്നു. സ.അനിരുദ്ധനാണ് അതിന്റെ പത്രാധിപർ. അവരെ സഹായിക്കുകയും കൂടെ നിൽക്കുകയും ചെയ്യുന്ന ആളാണ് ഞാൻ. അതുകഴിഞ്ഞ് ഞാൻ വൈകുന്നേരം വീട്ടിൽ പോകാനായിട്ട് നിൽക്കുമ്പോൾ സ.തോപ്പിൽ ധർമ്മരാജൻ ഒരു വണ്ടിയിൽ വന്ന് മുരുക്കുംപുഴയ്ക്ക് പോകാനായി നിൽക്കുകയാണ്. ആനന്ദൻ എവിടേക്ക് പോകാനാണ്? ഞാൻ പറഞ്ഞു ചിറയിൻകീഴിലേക്ക് പോകാനാണ്. ധർമ്മരാജന്റെ വണ്ടിയിൽ ഞാനും കയറി. യാത്രയ്ക്കിടക്കാണ് എന്റടുത്ത് കാര്യം പറയുന്നത്. ഇന്നൊരു പ്രതിഷേധയോഗമുണ്ട്, ഒരു കുടിൽ പൊളിച്ചതിനെതിരായി. അലിയാരുകുട്ടി ആശാന്റെ വീടിനു മുന്നിലാണ് പ്രതിഷേധം. എനിക്ക് അലിയാരുകുട്ടി ആശാനെ അറിയില്ല. കണിയാപുരത്ത് ചെല്ലുമ്പോഴേക്കും കുടിൽ നഷ്ടപ്പെട്ടവനും പാർട്ടിക്കാരും യോഗത്തിന്റെ മൈക്കിന്റെ ആൾക്കാരുമെല്ലാം അവിടെ നിൽപ്പുണ്ട്. അലിയാരുകുട്ടി ആശാന്റെ പ്രദേശമാണ്. അയാളുടെ ഗുണ്ടകൾ പലസ്ഥലത്ത് നിന്നൊക്കെ ഇറങ്ങി. യോഗത്തിനെതിരായി. അതുകൊണ്ട് യോഗം നടത്താൻ സമ്മതിക്കില്ല. മൈക്ക് ഞങ്ങൾ കൊണ്ടുപോയിട്ടില്ല. സഖാവ് പറഞ്ഞു മൈക്ക് എടുത്ത് വണ്ടിയിൽ വെക്കാൻ. യോഗം നടത്തിയില്ലെങ്കിൽ അവിടെ താമസിക്കുന്ന പാവപ്പെട്ടവർക്ക് രക്ഷയില്ല. അവിടെ യോഗം നടത്തിയേ തീരൂ. അപ്പോൾ ഈ വണ്ടിയിൽ ഞാനും കൂടെയുണ്ട്. ഞാനും ധർമരാജനും മൈക്കുമായി ചെല്ലുമ്പോൾ യോഗസ്ഥലമെന്ന് പറയുന്നത് അലിയാർകുട്ടി ആശാന്റെ വീടിനു മുന്നിലാണ്. തൊട്ടപ്പുറത്തുള്ള കട കമ്പോളങ്ങളൊക്കെ അടച്ചു. ഒരു മനുഷ്യരും യോഗസ്ഥലത്തില്ല. ഞങ്ങൾ മൈക്കും കൊണ്ട് കാറിൽ ചെന്നിറങ്ങുമ്പോൾ യോഗം നടത്താനുള്ള സ്ഥലം വേണ്ടേ. മൈക്ക് വെച്ച് കെട്ടാൻ എന്തെങ്കിലും വേണ്ടേ. അന്ന് കോളാമ്പി മൈക്ക് ആണ്.ഒരു മേശയോ കസേരയോ വേണ്ടേ. ഒന്നും കിട്ടാൻ ഒരു മാർഗവുമില്ല.അവിടൊരു വൈദ്യർ ഉണ്ടായിരുന്നു. വൈദ്യരുടെ ഫർമസി ഉണ്ട്. ആ വൈദ്യശാലയിൽ നിന്ന് വൈദ്യർ തന്നു ഒരു മേശയും കസേരയും. ആ മേശയും കസേരയും എടുത്തിട്ടു. അവണാകുഴി സദാശിവൻ അന്ന് നമ്മുടെ പാർട്ടി ലീഡറാണ്. അദ്ദേഹം ഈ യോഗസ്ഥലത്തേക്ക് പോലീസുമായി വരും എന്ന ഉറപ്പിലാണ് പോയിട്ടുള്ളത്. അദ്ദേഹത്തെ സന്ധ്യയായിട്ടും കാണുന്നില്ല. പോലീസും വന്നില്ല. ഞങ്ങക്ക് യോഗം തുടങ്ങുകയും വേണം. കേൾവിക്കാരായി ഈ യോഗത്തോട് താല്പര്യമുള്ള പാവങ്ങൾ റയിൽവേ ലൈനിന്റെ ഇപ്പുറത്ത് ഹാർത്തൽ നടന്ന പ്രദേശത്തിരിക്കുകയാണ്. ഗുണ്ടകളെ പേടിച്ച് യോഗസ്ഥലത്ത് വരുന്നില്ല.



ഗുണ്ടകൾ യോഗ സ്ഥലം മുഴുവൻ കയ്യടക്കി. അപ്പോഴേക്കും പോത്തൻകോട് പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന സഖാവ് മുസ്തഫ ആ സ്ഥലത്തേക്ക് വന്നു. സഖാവ് വന്നപ്പോൾ ആ സഖാവിന്റെ അധ്യക്ഷതയിൽ യോഗം കൂടാം എന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ യോഗം കൂടി. അദ്ദേഹം അധ്യക്ഷൻ, ധർമരാജൻ സ്വാഗതം, കേൾക്കാനുള്ള കേൾവിക്കാരനായി ഞാൻ മാത്രമേയുള്ളൂ. ഗുണ്ടകളെല്ലാം ഇറങ്ങി നേരെ നിന്നു. അവിടെയുള്ള കടകൾ മുഴുവൻ അയാളുടേതാണ്. സ്വാഗത പ്രസംഗം കഴിഞ്ഞ് അധ്യക്ഷൻ പ്രസംഗിക്കാൻ എഴുന്നേറ്റപ്പോൾ ഒരു ഗുണ്ട വന്നു അധ്യക്ഷന്റെ കസേരയിൽ ഇരുന്നു. പിന്നെ യോഗം നിയന്ത്രിക്കുന്നത് അയാളായിരുന്നു. കഴക്കൂട്ടം ശ്രീധരപ്പണിക്കർ എന്ന കരുത്തനായ സഖാവുണ്ടായിരുന്നു. റെയിൽവേ ലൈനിന്റെ ഇപ്പുറത്ത് ഒരു കള്ളുഷാപ്പുണ്ടായിരുന്നു. ശ്രീധരപ്പണിക്കർ ഇത്തിരി കള്ളുകുടിച്ച് ഇരിക്കുകയായിരുന്നു. അദ്ദേഹം നോക്കിയപ്പോൾ കസേരയിൽ ഇരിക്കുന്ന ഗുണ്ടയെ പരിചയമുണ്ട്. അദ്ദേഹം വന്നു അധ്യക്ഷ സ്ഥാനത്തിരുന്ന ഗുണ്ടയെ പിടിച്ച് കൊണ്ട് ഷാപ്പിൽ പോയി. അപ്പോൾ ധർമരാജൻ കയറി അധ്യക്ഷ സ്ഥാനത്തിരുന്നു. എന്നിട്ട് എന്നെ പ്രസംഗിക്കാൻ വിളിച്ചു. ഞാൻ അന്തം വിട്ടു. പ്രസംഗിച്ച് പരിശീലനം കിട്ടാത്ത ഒരാളാണ് ഞാൻ. എന്നാലും ഒരൊറ്റ ശ്വാസത്തിൽ അലിയാരുകുട്ടി ആശാനെയും കുടുംബത്തെയും പറയാവുന്നതിന്റെ മാക്സിമം പറഞ്ഞു. അപ്പോൾ അവർക്ക് സംശയം ഇതാരെടാ ഈ പയ്യൻ ഇതൊക്കെ പറഞ്ഞിട്ട് പോവാൻ. എന്റെ പ്രസംഗം കഴിഞ്ഞപ്പോൾ പ്രസംഗിക്കാൻ ആരുമില്ല. കേൾവിക്കാരാരുമില്ല. മുസ്തഫയും ധർമരാജനും മാത്രം. എന്റെ പ്രസംഗം കഴിഞ്ഞപ്പോൾ യോഗം അവസാനിച്ചു. തിരിച്ചു പോവണ്ടേ. പോകുന്ന വഴിയിൽ പോലീസുമില്ല. മൈക്കുകാരനെയും കൊണ്ട് പോകണം. ഇല്ലെങ്കിൽ അവന്മാരെന്നെ കൊല്ലുമെന്ന് മൈക്കുകാരൻ പറഞ്ഞു. മൈക്കിന്റെ ഓരോ സാധനം കയ്യിലെടുത്ത് തിരിച്ചു പോകാനായിട്ട് വരുമ്പോൾ ഭാഗ്യത്തിന് ഒരു പോലീസ് വണ്ടി അത് വഴി വന്നു. അങ്ങനെയാണ് ആ യോഗസ്ഥലത്ത് നിന്ന് രക്ഷപ്പെട്ടത്. ഈ രണ്ട് സംഭവങ്ങൾ പ്രസംഗത്തിനിടയിൽ എനിക്ക് മറക്കാൻ കഴിയാത്തതാണ്. ഇതാണെന്റെ ആദ്യ പൊതുയോഗ പ്രസംഗവും അതിനു ശേഷം നടന്ന യോഗങ്ങളും പ്രസംഗങ്ങളും തുടർന്നുള്ള സംഭവങ്ങളും. •









# രാജ്യം
# വർഗീയ ഭീതിയിൽ

**നമ്മുടെ രാജ്യത്തെ സ്ഥിതി അങ്ങേയറ്റം ഭയാനകമായിരിക്കുന്നു. ഹിന്ദുത്വ വർഗീയതയുടെ ഭീകരാഗ്നി രാജ്യത്തിന്റെ പല ഭാഗത്തും ആളിക്കത്തുകയാണ്. നിരപരാധികളായ മനുഷ്യർ ജീവനോടെ കത്തിക്കരിയുന്നു. മനുഷ്യരെ പച്ചയായി വെട്ടിനുറുക്കുന്നു. തെരുവുകളിൽ മനുഷ്യരക്തം ചാലിടുന്നു. ആധുനിക രാഷ്ട്രമെന്നനിലയിൽ, മതനിരപേക്ഷ രാഷ്ട്രമെന്നനിലയിൽ ഇന്ത്യയുടെ നിലനിൽപ്പിനെ കുത്തിപ്പിളർന്ന് ഓരോ ദിവസവും വർഗീയകലാപങ്ങൾ അരങ്ങേറുകയാണ്. സംഘപരിവാർ വിഷസർപ്പങ്ങൾ എവിടെയും പത്തിവിടർത്തിയാടുന്നു.**

ഹരിയാനയിലെ നൂഹിലും സമീപ പ്രദേശങ്ങളിലും സംഘ പരിവാറിന്റെ വിഷത്തലകൾ വഴിമരുന്നിട്ട വർഗീയകലാപമാണ് ഇത്തരത്തിലുള്ള സംഭവപരമ്പര കളിൽ ഏറ്റവുമൊടുവിൽ പുറത്തു വന്നിട്ടുള്ളത്. ഡൽഹിക്കു സമീപം ഹരിയാനയിലെ ഗുരുഗ്രാമിൽ മസ്ജിദ് കത്തിച്ചു. ഇമാം വെടിയേ റ്റു മരിച്ചു. രണ്ടു ദിവസത്തിനകം ഇവിടെ ആറുപേർ കൊല്ലപ്പെട്ടു. നൂഹിലെ സംഘർഷം ഗുരുഗ്രാം, ഫരീദാബാദ്, പൽവൽ തുടങ്ങി സമീപ ജില്ലകളിലേക്കും വ്യാപിച്ചു. അതിനിടെ, ജയ്പൂർ- മുംബൈ ട്രെ യിനിൽ കഴിഞ്ഞദിവസം ആർപി എഫ് കോൺസ്റ്റബിൾ നടത്തിയ വിദ്വേഷ കൂട്ടക്കൊലയും ഹിന്ദുത്വ ശക്തികളുടെ വിഷലിപ്ത അജൻ ഡയുടെ ഭാഗമാണെന്ന വിവരവും പുറത്തുവന്നിട്ടുണ്ട്. റെയിൽവേ സംരക്ഷണസേനയിലെ മുതിർന്ന ഉദ്യോഗസ്ഥനും മൂന്നു യാത്രക്കാരു മാണ് കൊല്ലപ്പെട്ടത്. ഇവരെല്ലാം മുസ്ലീങ്ങളാണ്. ഉത്തരേന്ത്യയിൽ പലയിടത്തും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും വർഗീയസം ഘർഷങ്ങൾ വ്യാപിക്കുന്നതായും റിപ്പോർട്ടുകളുണ്ട്. വർഗീയതയും വംശീയതയും ആളിക്കത്തിച്ച് മണി പ്പൂരിനെ കൊലക്കളമാക്കിയതിന് തൊട്ടുപിന്നാലെയാണ് ഹരിയാന യിൽ കലാപം പൊട്ടിപ്പുറപ്പെട്ടത്. സംഘപരിവാർ സംഘടനകളായ വിശ്വഹിന്ദു പരിഷത്തും ബജ്റം ഗ്ദളും സംഘടിപ്പിച്ച ബ്രിജ്മണ്ഡൽ ജലാഭിഷേകയാത്ര ഹരിയാന യിൽ കലാപത്തിന് വഴിയൊരുക്കു കയായിരുന്നു. മണിപ്പൂരിൽ ഭരണ ഘടനാ സംവിധാനങ്ങൾ പൂർണ പരാജയമാണെന്ന് ചൂണ്ടിക്കാട്ടി കേന്ദ്ര- സംസ്ഥാന സർക്കാരുക ളുടെ നിശ്ശബ്ദതയ്ക്കെതിരെ സുപ്രീം കോടതി ആഞ്ഞടിക്കുന്നതിനിടെ യാണ് ഹരിയാനയിലെ കലാപം. ഇവിടെയും ഡബിൾ എൻജിൻ സർക്കാർ തന്നെ.




## മണിപ്പുരിൽ കൊന്നുതള്ളിയത് ഇരുനൂറിലധികംപേരെ

ബിജെപിയുടെ വർഗീയധ്രുവീകരണ രാഷ്ട്രീയം സൃ ഷ്ടിച്ച കലാപത്തിന്റെ ഇരകളാണ് മണിപ്പൂർ ജനത. നൂറിലധികം ദിവസം പിന്നിട്ട കലാപത്തിന് അറുതിയില്ല. സംസ്ഥാനം സന്ദർശിക്കാനോ വിഷയത്തിൽ കൃത്യമായി പ്രതികരിക്കാനോ പ്രധാനമന്ത്രി മോദി തയ്യാറായിട്ടില്ല. സംവരണം അടക്കമുള്ള ആവശ്യങ്ങളിലൂടെ മെയ്ത്തീ വികാരം ആളിപ്പടർത്തി ആർഎസ്എസ് നിയന്ത്രിക്കു ന്ന ആരംബായ് തെങ്കോൽ, മെയ്ത്തീ ലീപുൺ തുടങ്ങിയ തീവ്രസംഘടനകളാണ് കലാപത്തിന് തുടക്കമിട്ടത്. ക്രൈസ്തവ ദേവാലയങ്ങളും സ്ഥാപനങ്ങളും വ്യാപക മായി തകർത്തു. ഇരുനൂറിലധികം ആളുകൾ കൊല്ല പ്പെട്ടു. 60,000-ൽ അധികംപേർ പലായനം ചെയ്തു. ഏതു നിമിഷവും കൂട്ടബലാത്സംഗത്തിന് ഇരയാകുകയോ കൊല്ലപ്പെടുകയോ ചെയ്യാമെന്ന ഭയാനകമായ സാഹച ര്യത്തിലാണ് മണിപ്പൂരിലെ സ്ത്രീകൾ. ബിജെപി സർക്കാർ മണിപ്പൂരിൽ പൂർണ പരാജയമായി മാറിയെന്നു പറഞ്ഞ സുപ്രീംകോടതി മണിപ്പൂർ പൊലീസിന്റെ വിശ്വാസ്യ തയിൽ സംശയം പ്രകടിപ്പിച്ച് കലാപക്കേസുകളുടെ മേൽനോട്ടത്തിനായി മഹാരാഷ്ട്രയിൽനിന്നുള്ള ഒരു മുൻ ഡിജിപിയെ ചുമതലപ്പെടുത്തി.


kerala
God's Own Country
കേരള സർക്കാർ
ഓണക്കാല
യാത്രകൾക്ക്
തുടക്കം കുറിച്ചെത്തുന്ന വിശിഷ്ടാതിഥിക്ക് സ്വാഗതം.
മാവേലി മന്നന്റെ വരവോടെ ആഘോഷങ്ങൾക്കും ഓണക്കാല
യാത്രകൾക്കും തുടക്കമാകും. വരവേൽക്കാൻ തുമ്പയും
ചെത്തിയും കാക്കപ്പൂവുമെല്ലാം ചൂടി കേരളം ഒരുങ്ങിക്കഴിഞ്ഞു.
ഈ ഓണം നമുക്ക് ഹൃദ്യമായി ആസ്വദിക്കാം, ഒപ്പം കാഴ്ചകളും.
ഓണാശംസകൾ
MAHABALI
Maitri.com

## രാജ്യം വർഗീയ ഭീതിയിൽ

അടുത്തവർഷം നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനെ മുൻനിർത്തി രാജ്യത്ത് പ്രത്യേകിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വർഗീയവും മതപരവുമായ ചേരിതിരിവ് രൂക്ഷമാക്കുകയാണ് സംഘപരിവാർ ശക്തികളുടെ ലക്ഷ്യം. രാമനവമി ഘോഷയാത്രകളുടെയും മറ്റും മറവിൽ ഉത്തർപ്രദേശ്, മധ്യപ്രദേശ്, ബിഹാർ, ബംഗാൾ എന്നിവിടങ്ങളിൽ സംഘപരിവാർ സംഘടനകൾ വ്യാപകമായി ആക്രമണം നടത്തിയിരുന്നു. ഇപ്പോൾ ബിജെപിക്കെതിരെ രാജ്യത്തെ പ്രതിപക്ഷ കക്ഷികൾ 'ഇന്ത്യ' എന്ന കൂട്ടായ്മ രൂപീകരിച്ചതോടെ ഹിന്ദുത്വശക്തികളാകെ വിറളിപിടിച്ചിരിക്കുകയാണ്. കലാപനീക്കങ്ങൾ ശക്തിപ്പെടുത്തുന്നതിൽ ആ വിറളി വെളിപ്പെടുന്നുണ്ട്. തെരഞ്ഞെടുപ്പുവിജയത്തിനായി വർഗീയകലാപങ്ങൾ അഴിച്ചുവിടുന്നത് സംഘപരിവാറിന്റെ പതിവ് അജൻഡയുമാണ്. 2002 ഫെബ്രുവരിയിൽ ആയിരുന്നു ഗുജറാത്ത് കലാപം. കലാപം കഴിഞ്ഞയുടൻ നിയമസഭ പിരിച്ചുവിട്ട് 2002 ഡിസംബറിൽ അവിടെ തെരഞ്ഞെടുപ്പ് നടത്തി. മോദി വീണ്ടും മുഖ്യമന്ത്രിയായി. 2014ലെ ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പേ 2013ൽ ഉത്തർപ്രദേശിലെ മുസഫർ നഗറിൽ വർഗീയകലാപം നടന്നു. ഈ വർഷം ഏതാനും സംസ്ഥാന നിയമസഭകളിലേക്കും അടുത്തവർഷം ലോക്സഭാ തെരഞ്ഞെടുപ്പും അടുത്തുവരവേ വർഗീയകലാപങ്ങളുടെ പരമ്പരതന്നെ അരങ്ങേറുന്നു.

1992ൽ ബാബ്റി മസ്ജിദ് പൊളിച്ചതിനെത്തുടർന്ന് ഭ്രാന്തവേഗത്തിൽ പടർന്നുകയറിയ ഹിന്ദുത്വ മതമൗലികവാദവും മുസ്ലിം വിരോധവും ഒരു പ്രത്യേക ഘട്ടത്തിൽ എത്തിയിരിക്കുന്നു എന്നതും ഇതോടൊപ്പം കാണണം. ഹിന്ദുത്വ ഫാസിസത്തിന്റെ കരാളമുഖങ്ങൾ ഓരോ ദിവസവും രാജ്യം കണ്ടുകൊണ്ടിരിക്കുന്നു. ബാബ്റി മസ്ജിദിൽ രാമവിഗ്രഹം പ്രത്യക്ഷപ്പെട്ടതുപോലെ, വാരാണസിയിലെ ജ്ഞാൻവ്യാപി മസ്ജിദിൽ ശിവലിംഗം കണ്ടെത്തിയെന്നൊക്കെയുള്ള അവകാശവാദങ്ങൾ കലാപത്തിന് കോപ്പുകൂട്ടൽതന്നെ. ബാബ്റി മസ്ജിദ് തകർത്തതിനെത്തുടർന്ന് ശക്തിപ്പെട്ട ഹിന്ദുത്വവർഗീയതയുടെ ഏറ്റവും വലിയ വിളയാട്ടമായിരുന്നു ഗുജറാത്തിലെ വംശഹത്യ. മുസ്ലീം കേന്ദ്രങ്ങൾ തെരഞ്ഞുപിടിച്ചായിരുന്നു കലാപത്തിലെ ആക്രമണങ്ങൾ. നെറ്റിയിൽ കാവിക്കെട്ടും കൈയിൽ ശൂലവും വാളുമൊക്കെയായി അലറിവിളിച്ചെത്തിയ സംഘപരിവാർ അക്രമികൾ എത്രയോ മുസ്ലിങ്ങളുടെ ജീവനെടുത്തു. ദുഃസ്വപ്ന സമാനമായ അത്തരമൊരു ഫാസിസ്റ്റ് ഭീകരാവസ്ഥയുടെ ഭീതിയിലാണ് നമ്മുടെ രാജ്യം ഇപ്പോൾ. ഓരോ ദിവസവും വരുന്ന കലാപവാർത്തകൾ ആ ഭീതി കൂട്ടുന്നു. •

## ഹരിയാനയിലും ന്യൂനപക്ഷവേട്ട

ഹരിയാനയിലെ നൂഹ് ജില്ലയിൽ രണ്ടാഴ്ച മുമ്പ് ആരംഭിച്ച വർഗീയകലാപം തുടരുകയാണ്. ബജ്റംഗദളും വിഎച്ച്പിയും സംഘടിപ്പിച്ച ബ്രിജ്മണ്ഡൽ ജലാഭിഷേക് യാത്രയിൽ പങ്കെടുത്തവരാണ് സംഘർഷത്തിന് തുടക്കമിട്ടത്. വാളും വടിയും അടക്കമുള്ള ആയുധങ്ങളുമായാണ് സംഘപരിവാറുകാർ യാത്രയ്ക്ക് എത്തിയത്. ന്യൂനപക്ഷങ്ങൾ കൂടുതലായുള്ള മേഖലകളിലൊന്നായ നൂഹ് ജില്ലയിൽ യാത്ര പ്രവേശിച്ചതിനൊപ്പം കലാപവും ആരംഭിച്ചു. പശുക്കടത്ത് ആരോപിച്ച് രണ്ടു യുവാക്കളെ ചുട്ടുകൊന്ന കേസിലെ പ്രതിയായ സംഘപരിവാർ പ്രവർത്തകൻ മോനു മനേസറും സംഘവും യാത്രയിൽ പങ്കെടുത്തതും സമൂഹമാധ്യമത്തിലെ പ്രകോപനപരമായ പോസ്റ്ററും സംഘർഷത്തിനു വഴിയൊരുക്കി. ക്ഷേത്രത്തിൽ മൂവായിരത്തോളംപേർ ബന്ദികളാക്കപ്പെട്ടുവെന്ന സംസ്ഥാന ആഭ്യന്തര മന്ത്രിയുടെ പ്രസ്താവന കലാപം ഗുഡ്ഗാവ്, ഫരീദാബാദ്, പൽവൽ തുടങ്ങി സമീപ ജില്ലകളിലേക്കും വ്യാപിക്കാൻ കാരണമായി. ഗുഡ്ഗാവിൽ അക്രമികൾ പള്ളി കത്തിച്ച് ഇമാമിനെ വെടിവച്ചുകൊന്നു. ഹരിയാനയിൽ സംഘർഷം നടന്നതിനു പിന്നാലെ രാജസ്ഥാനിലും സംഘർഷമുണ്ടായി. ഈദ് ആഘോഷങ്ങൾക്കെതിരെ സംഘപരിവാർ രംഗത്തുവന്നതും ജോദ്പുർ, ആൽവാർ, കരൗലി ജില്ലകളിലും രണ്ടു മാസംമുമ്പ് സംഘർഷം സൃഷ്ടിച്ചു.





കോലഴി സർവ്വീസ് സഹകരണബാങ്ക്
ക്ലിപ്തം നമ്പ്ര് 564
2200279, 8078393391
ബ്രാഞ്ച് : പാമ്പൂർ 2387866
എം. ടി. സെബാസ്റ്റ്യൻ
പ്രസിഡന്റ്
ഐ. ബി. സന്തോഷ്കുമാർ
സെക്രട്ടറി ഇൻ ചാർജ്ജ്
കർഷകർക്ക് നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നു
വായ്പ കൃത്യമായി തിരിച്ചടച്ചാൽ 10% പലിശ ഇളവ് നൽകുന്നു
കുടുംബശ്രീ
കുടുംബശ്രീകൾക്ക് 8.25% പലിശനിരക്കിൽ 10 ലക്ഷം രൂപ വരെ ലിങ്കേജ് വായ്പ
കോലഴി സഹകരണബാങ്കിൽ ഗോൾഡ് ലോണിന് ഫിക്സഡ് ഡെപ്പോസിറ്റിനേക്കാൾ പലിശ കുറവാണ്
സ്വർണ്ണ പണയ വായ്പ
100 രൂപയ്ക്ക് മാസപലിശ 65 പൈസ മാത്രം
വായ്പ എടുത്ത് മരണപ്പെട്ടാൽ 3 ലക്ഷം രൂപ വരെ റിസ്ക്ഫണ്ട് ആനുകൂല്യം
നിക്ഷേപകർക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നു
കർഷകർക്ക് കൃഷിക്ക് കൃഷിക്കാവശ്യമായ എല്ലാവിധ വളങ്ങളും നൽകുന്നു



# പടയണിപ്പാട്ട്

**മജീദ് പി എസ്**
ഉദ്യോഗമണ്ഡൽ
(പ്രീമിയർ ടയർ എംപ്ലോ.യൂണിയൻ)

അരിവാളും ചുറ്റികയും നക്ഷത്ര വാനിൽ
ഉദിച്ചുയരാൻ കൊതിച്ചുനിൽക്കും
പിച്ചവെച്ചുണ്ണങ്ങളും
ചെങ്കൊടിക്കുറപ്പുതന്ന ധീരരാം സഖാക്കളെ
മണ്ണിലുള്ള കാലത്തോളം മറക്കുകില്ലൊരിക്കലും,
പടപൊരുതി ചെങ്കൊടിയെ പടികയറിപ്പാറിച്ചോർ
പടിയിറക്കി നാടുനീളെ നാടുവാഴ്ചക്കെതിരെയും
ചങ്കിൽ നിന്നും തലമുറക്ക് പറിച്ചെടുത്തുതന്നവർ
രക്തം ചീന്തിപിടഞ്ഞുവീണ് രക്തസാക്ഷിയായവർ
ഇവിടെ നവ യുവജനതതൻ കരളുകൾ കരഞ്ഞു
കരഞ്ഞ യുവജനതയെല്ലാം തൊഴിലില്ലാതലഞ്ഞു
മനസ്സുകളിലെ നൊമ്പരങ്ങൾ നെഞ്ചിലേറിടുന്നു.
തൊഴിലെന്നൊരു കിട്ടാക്കനി നാട്ടിൽ നിന്നകലുന്നു.
കൊളുത്തിവെച്ചു ഭാരതത്തിൽ
പുതുയുഗത്തിൻ പിറവിക്കായ്
പടുത്തുയർത്തി നമുക്കുവേണ്ടി
നവയുഗത്തിൻ രക്ഷകർ.

കൊടുമുടിയുടെ തുഞ്ചുവരെ
ചെങ്കൊടി പറത്തിടാൻ
ഇറ്റുവീണ ചോരത്തുള്ളിതൻ
മുഷ്ടിശക്തികാട്ടിടാൻ
നൊന്തുണരും തേങ്ങലുകൾ
പൊന്തിവരും കാലത്തും
മരണമില്ലാതെരിഞ്ഞുനിൽക്കും
ചുവപ്പുനിറജ്വാലയായ്
തൊഴിൽശക്തി തൻ മാറ്റൊലിയാം
പ്രതിഷേധക്കാഹളം
അടർക്കളത്തിലേകരല്ല ഇന്നു നമ്മളാരും
അടഞ്ഞവാതിൽ തുറന്നിടാനായ്
പൊരുതിടാം നമുക്ക്
ശക്തമാം പ്രതിഷേധിക്കാം
നവയുഗത്തിൻ പിറവിക്കായ്
പുതുതലമുറ പതറിടാതെ പടയണിചേർന്നീടാം
നവകേരളം പടുത്തുയർത്താൻ
ഒരുമയോടെചേരാം

## കെ.എം.എസ്.ആർ.എ സംസ്ഥാന ജനറൽ കൗൺസിൽ

കേരള മെഡിക്കൽ & സെയിൽസ് റെപ്രസെന്റേറ്റീവ് അസോസിയേഷൻ സംസ്ഥാന ജനറൽ കൗൺസിൽ ആഗസ്റ്റ് 12, 13 തീയതികളിൽ കോട്ടയം കോടിയേരി ബാലകൃഷ്ണൻ നഗറിൽ (മാമൻ മാപ്പിള ഹാൾ) ചേർന്നു. സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എം.പി ഉദ്ഘാടനം നിർവഹിച്ചു. 11221 അംഗങ്ങളെ പ്രതിനിധീകരിച്ച് 185 സംസ്ഥാന കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. സംസ്ഥാന പ്രസിഡന്റ് പി.കെ. സന്തോഷ് അദ്ധ്യക്ഷനായി. ജനറൽ സെക്രട്ടറി പി.കൃഷ്ണാനന്ദ് അവതരിപ്പിച്ച സംഘടനാറിപ്പോർട്ടും ട്രഷറർ സാജി സോമനാഥ് അവതരിപ്പിച്ച വരവ് ചെലവ് കണക്കും അംഗങ്ങൾ വിശദമായി ചർച്ച ചെയ്ത് അംഗീകരിച്ചു. പൊതുമേഖലാ ഔഷധ കമ്പനികളെയും വാക്സിൻ കമ്പനികളേയും പൂർണമായി ഇല്ലാതാക്കി ഔഷധ വ്യവസായത്തെ സമ്പൂർണമായി കുത്തകവത്ക്കരിക്കാനുള്ള കേന്ദ്രസർക്കാർ നീക്കത്തിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള തീരുമാനങ്ങൾ ജനറൽ കൗൺസിൽ കൈക്കൊണ്ടു.

സിഐടിയു സംസ്ഥാനസെക്രട്ടറിമാരായ കെ.എൻ.ഗോപിനാഥ്, സി.കെ.ഹരികൃഷ്ണൻ, സംസ്ഥാനവൈസ്പ്രസിഡന്റ് ടി.ആർ.രഘുനാഥൻ എന്നിവർ ജനറൽ കൗൺസിലിനെ അഭിവാദ്യം ചെയ്തു.




# ഡിജിറ്റൽ ഡാറ്റ പ്രൊട്ടക്ഷൻ ബില്ല്

**ഇന്ത്യയിൽ സ്റ്റേറ്റിന് ഇന്ത്യൻ പൗരന്മാർക്കുമേൽ നിരീക്ഷണത്തിന് അധികാരം കൈവരുകയും പുതുയുഗ ഡിജിറ്റൽ കുത്തകകൾക്ക് ഡാറ്റാ ഉടമസ്ഥാവകാശം നേടാനും നമ്മുടെ ഡാറ്റ ഉപയോഗിക്കാനും അമിതമായ സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്യുന്നു. സ്റ്റേറ്റിന്റെ മേൽനോട്ടവും ഡാറ്റയുടെ അന്യവൽക്കരണവും ഡിജിറ്റൽ കുത്തകകളെ മാത്രമേ സഹായിക്കൂ. ഇതെല്ലാം നമ്മുടെ മൗലികാവകാശം സരക്ഷിക്കാൻ ലക്ഷ്യമിട്ടുള്ള പുതിയ പ്രൈവസി നിയമത്തിന്റെ മുൾവേലിക്കുള്ളിൽ നിന്നാണെന്നത് കൊണ്ടുതന്നെ മുറിവിൽ ഉപ്പ് തേക്കുന്നതിന് തുല്യമാണ്.**

നിരവധി സങ്കീർണതകൾക്കൊടുവിൽ ഡിജിറ്റൽ ഡാറ്റ പ്രൊട്ടക്ഷൻ ബിൽ 2023 ആഗസ്ത് മൂന്നിന് പാർലമെന്റിൽ സമർപ്പിക്കപ്പെട്ടു. കരട് ബില്ലിന്റെ മൂന്നാമത്തെ അവതാരമാണ് ഈ ബിൽ. സുപ്രീം കോടതിയുടെ പുട്ടസ്വാമി കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ജസ്റ്റിസ് ശ്രീകൃഷ്ണയാണ് ഈ ബില്ലിന്റെ കരട് ആദ്യമായി തയ്യാറാക്കിയത്. സ്വകാര്യത മൗലികാവകാശമായി ആ കരട് ഉയർത്തിപ്പിടിച്ചിരുന്നു. ജസ്റ്റിസ് ശ്രീകൃഷ്ണ തയ്യാറാക്കിയ കരട് ഡിജിറ്റൽ ലോകത്ത് ഓരോ വ്യക്തിയുടെയും സ്വകാര്യതയെ സംരക്ഷിക്കുന്നതിനൊപ്പമാണ് ഈ മൗലികാവകാശത്തെ ഉയർത്തിപ്പിടിച്ചത്. പൗരന്റെ സ്വകാര്യതയിലേക്ക് കടന്നു കയറുന്നതിന് പുട്ടസ്വാമി വിധിയിലെ ഉപാധികൾ ഇവയാണ്. അനിവാര്യവും യഥോചിതവും ആനുപാതികവുമായ സന്ദർഭങ്ങൾ. ഈ ഉപാധികൾ എല്ലാം 2022 ലെയും 2023 ലെയും കരടിന്റെ പതിപ്പുകളിൽ അവഗണിക്കപ്പെട്ടു. 2022 -ലെ കരടിനെ കുറിച്ച് ജസ്റ്റിസ് ശ്രീകൃഷ്ണ ഇങ്ങനെ വിശദീകരിച്ചു. 'ഈ കരട് വണ്ടിയും കുതിരകളുമായി സ്വകാര്യത എന്ന മൗലികാവകാശത്തിനു മുകളിലൂടെയാണ് സഞ്ചരിക്കുന്നത്. ബില്ലിന്റെ പുതിയ പതിപ്പും വ്യത്യസ്തമല്ല. ചില വ്യവസ്ഥകൾ കൂടുതലായി പുറത്തെടുക്കുന്നു എന്ന് മാത്രം. ഉദാഹരണത്തിന്



2022- ലെ ബില്ലിൽ വിഭാവനം ചെയ്ത നിയന്ത്രണ സംവിധാനം. 2022- ലെ ബില്ലിൽ ഇത് ചട്ടങ്ങൾക്ക് കീഴിൽ ആയിരുന്നു. നിയമത്തിൽ അത് നിർവചിച്ചിരുന്നില്ല. മറ്റു നിയമങ്ങളിൽ ഈ നിയന്ത്രണ സംവിധാനം നിർവചിക്കപ്പെട്ടിരുന്നു. എന്നാൽ 2023-ലെ കരടിൽ ഈ പഴുതടച്ചത് ഭാഷയിൽ ചില മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ്. 2023- ലെ ബില്ലിൽ ഭാഷയ്ക്ക് അല്പം മുറുക്കം വരുന്നുണ്ട്. ഇതിനു ശേഷവും 2023 ലെ ബില്ലിൽ പല വ്യവസ്ഥകളും അവസാനിക്കുന്നത് അനുബന്ധ നിയമ നിർമാണത്തിന്റെയോ ചട്ടങ്ങളുടെയോ ഭാഗമാണ്. അത് സർക്കാർ നിശ്ചയിക്കുകയോ സമയാസമയം മാറ്റംവരുത്തുകയോ ചെയ്യും.

2023-ലെ ബില്ലിന്റെ ലക്ഷ്യവും ആദ്യത്തെ കരടിൽ നിന്ന് വ്യത്യസ്തമല്ല. മുമ്പ് കരട് എന്തായിരുന്നു അത് തന്നെയാണ് ഈ ബില്ലും.

പൗരന്മാരുടെ ഡാറ്റ കൈവശപ്പെടുത്തുന്നതിലുള്ള എല്ലാ നിയന്ത്രണത്തിൽ നിന്നും സ്റ്റേറ്റിന് ഇളവ് നൽകാനും ലോകത്തെ ഡാറ്റ ഭീമന്മാരായ ഗൂഗിളിനും ഫേസ്ബുക്ക് മെറ്റയ്ക്കും ആമസോണിനും ഒക്കെ ' കൽപ്പിത സമ്മത' ത്തിന്റെ പേരിൽ ഇക്കാര്യത്തിൽ നിയമപരമായ പരിരക്ഷ ഉറപ്പുവരുത്താനുമാണ് ഈ നിയമം വ്യവസ്ഥ ചെയ്യുന്നത്. ബില്ലിൽ പറയുന്നത് പോലെ ഡാറ്റ ഫിഡ്യൂഷ്യറി യുടെ പേരിൽ സ്റ്റേറ്റിനോ ഇത്തരം ഡാറ്റ കുത്തകൾക്കോ കൃത്യമായി ഡാറ്റ നല്കാൻ ബാധ്യസ്ഥരായി നമ്മൾ ഡാറ്റ പ്രിൻസിപ്പൽമാരായി മാറുന്നു. പിന്നീട് സ്റ്റേറ്റും അവർക്ക് നൽകാൻ പോകുന്ന സമ്മതത്തിന്റെ അപ്പുറത്തെ കാര്യങ്ങൾ ഉപയോഗിച്ച് കൊണ്ട് ഈ കുത്തകകൾക്ക് ഡാറ്റ നൽകി സുഖിപ്പിക്കാൻ ശ്രമിക്കും.

ബില്ലിന്റെ രണ്ടു ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള വ്യവസ്ഥകൾ ഏതെല്ലാം എന്ന് നോക്കാം. സ്റ്റേറ്റിന്റെ മേൽനോട്ടവും ഡാറ്റയുടെ അന്യവൽക്കരണവും ഡിജിറ്റൽ കുത്തകകളെ മാത്രമേ സഹായിക്കൂ. ഞാൻ എന്റെ ഡാറ്റ ഏതെങ്കിലും പ്രത്യേക ആവശ്യത്തിന് ഉപയോഗിക്കാൻ സ്റ്റേറ്റിനോ ഏതെങ്കിലും കമ്പനിക്കോ നൽകുന്നു എന്ന് സങ്കൽപ്പിക്കുക. ഈ അവസ്ഥയിൽ കൽപ്പിത സമ്മതം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കമ്പനിക്ക് മറ്റെന്ത് ആവശ്യങ്ങൾക്കും ഈ ഡാറ്റ ഉപയോഗിക്കാം. എന്റെ ഡാറ്റയെ ഫിഡ്യൂഷ്യറിയിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ കൂടുതൽ അന്യവൽക്കരിക്കാൻ ഫിഡ്യൂഷ്യറിക്കു നൽകുന്ന സമ്മതമല്ല ഫിഡ്യൂഷ്യറി എന്ന വാക്കുകൊണ്ട് കൊണ്ട് അർത്ഥമാക്കുന്നത്.




**പൗരന്മാരുടെ ഡാറ്റ കൈവശപ്പെടുത്തുന്നതിലുള്ള എല്ലാ നിയന്ത്രണത്തിൽ നിന്നും സ്റ്റേറ്റിന് ഇളവ് നൽകാനും ലോകത്തെ ഡാറ്റ ഭീമന്മാരായ ഗൂഗിളിനും ഫേസ്ബുക്ക് മെറ്റയ്ക്കും ആമസോണിനും ഒക്കെ 'കൽപ്പിത സമ്മത' ത്തിന്റെ പേരിൽ ഇക്കാര്യത്തിൽ നിയമപരമായ പരിരക്ഷ ഉറപ്പുവരുത്താനുമാണ് ഈ നിയമം വ്യവസ്ഥ ചെയ്യുന്നത്. ഡാറ്റ ഫിഡ്യുഷ്യറിയുടെ പേരിൽ സ്റ്റേറ്റിനോ ഡാറ്റ കുത്തകകൾക്കോ കൃത്യമായി ഡാറ്റ നല്കാൻ ബാധ്യസ്ഥരായി നമ്മൾ മാറുന്നു. പിന്നീട് സ്റ്റേറ്റും അവർക്ക് നൽകാൻ പോകുന്ന സമ്മതത്തിന് അപ്പുറം കുത്തകകൾക്ക് ഡാറ്റ നൽകി സുഖിപ്പിക്കും.**

ഒരേ കമ്പനിയുടെ താല്പര്യങ്ങൾ പ്രത്യേക കോർപറേറ്റ് ഘടനയിലാണ് പ്രവർത്തിക്കുന്നത്. ഉദാഹരണത്തിന് ഒരു ടെലികോം കമ്പനിക്ക് ഒരു ടെലികോം സേവനത്തിനായി ഞാൻ എന്റെ ഡാറ്റ കൈമാറുകയാണ് എന്നിരിക്കട്ടെ. കൽപ്പിത സമ്മതം എന്ന വ്യവസ്ഥയിൽ ആ കമ്പനിക്ക് എന്റെ ഡാറ്റ പരസ്യത്തിനായി ഉപയോഗിക്കാം. എന്റെ ഡാറ്റ മറ്റുള്ളവർക്ക് വിൽക്കുകയും ചെയ്യാം. സാങ്കേതികമായി 2023 ലെ ബിൽ പ്രകാരം എനിക്കെന്റെ സമ്മതം പിൻവലിക്കാം. എന്നാൽ ഡാറ്റ ഫിഡ്യൂഷ്യറിക്കും കമ്പനികൾക്കും ഞാൻ എന്റെ ഡാറ്റ പങ്കുവയ്ക്കാൻ സമ്മതം നൽകിയ സ്ഥിതിക്ക് ഒരു കക്ഷിയിൽ നിന്നും എനിക്ക് എന്റെ സമ്മതം പിൻവലിക്കാൻ സാധിക്കില്ല. എന്റെ ഡാറ്റ മറ്റുള്ളവർക്ക് പങ്കുവയ്ക്കുന്നതിൽ എന്റെ സമ്മതം ആവശ്യമില്ല താനും. ഒരിക്കൽ അന്യവൽക്കരിക്കപ്പെട്ടു പോയാൽ എന്റെ ഡാറ്റയ്ക്ക് മേൽ എനിക്ക് ഉടമസ്ഥാവകാശം ഇല്ലാതാകുകയും അത് കമ്പനിയുടെ സ്വത്തായി മാറുകയും ചെയ്യും. അതിന്റെ കസ്റ്റഡി ഫിഡ്യൂഷ്യറിയിൽ നിക്ഷിപ്തമാകുകയും ചെയ്യും.





**Pothys Retail Private Limited**
M.G. Road Trivandrum, Near Kaloor Metro Station Cochin Ph: 0471- 2574133, 2574233
/pothyskerala/pothyslifestyletrivandrum www.pothys.com



**2023-ലെ കരടിലും 2022-ലെ കരട് പോലെ തന്നെ ഡാറ്റ ലോക്കലൈസേഷന്റെ കാര്യത്തിൽ ഗുരുതരമായ ദൗർബല്യം നേരിടുന്നുണ്ട്. ഇന്ത്യൻ പൗരന്മാരുടെ ഡാറ്റ ഇന്ത്യയിൽ ഇന്ത്യൻ നിയമങ്ങൾക്കു കീഴിൽ തന്നെ പ്രോസസ് ചെയ്യുന്നു എന്നതാണ് ഡാറ്റ ലോക്കലൈസേഷൻ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. പ്രൈവസി ബില്ലിലെ ഡാറ്റ ലോക്കലൈസേഷൻ വ്യവസ്ഥകളെ വിസ, ഗൂഗ്ൾ, ഫേസ്ബുക് കമ്പനികൾ ശക്തമായി എതിർത്തിരുന്നു. 2023-ലെ ബില്ലിൽ ഇന്ത്യക്ക് പുറത്തു ഡാറ്റ പ്രോസസ് ചെയ്യുന്നത് കൂടുതൽ ലളിതമാക്കിയിരുന്നു. അതോടെ നമ്മുടെ ഡാറ്റ ഏതു വിദേശ രാജ്യത്താണോ പ്രോസസ് ചെയ്യുന്നത് ആ രാജ്യത്തിന്റെ നിയമ പരിധിയിൽ വരും.**

ഒരു ഡാറ്റ പ്രൊട്ടക്ഷൻ ബില്ലും പൗരന്റെ ചുമതലകൾ നിശ്ചയിക്കുന്നില്ല. ഒരാൾ ഇത് ചെയ്യുമ്പോൾ ഡാറ്റ പ്രിൻസിപ്പൽ ആയ പൗരൻ യഥാർത്ഥ ഡാറ്റ നല്കാൻ ബാധ്യസ്ഥനാകുന്നു. ഈ ഡാറ്റ സർവീസുകൾക്ക് ഒരാൾക്കും തൂലികാനാമം ഉപയോഗിക്കാൻ കഴിയില്ല. പലരും തൂലികാനാമം ഉപയോഗിക്കുന്നത് തങ്ങളുടെ പേരോ ലിംഗമോ വെളിപ്പെടുന്നത് ചില അപകടങ്ങൾക്ക് സാധ്യതയുള്ളതിനാലാണ്. സ്ത്രീകളെ ആക്ഷേപിക്കുന്നത് ഡിജിറ്റൽ ഇടങ്ങളിൽ നിന്ന് അവരെ പുറന്തള്ളാൻ ലക്ഷ്യമിട്ടാണ്. ആൺ -പെൺ എന്ന ദ്വന്ദങ്ങളിൽ ഉൾപ്പെടാത്തതും ചിലരെ യഥാർത്ഥ സ്വത്വം വെളിപ്പെടുത്തുന്നതിൽനിന്ന് മാറ്റിനിർത്തുന്നു. തൂലികാനാമം ഉപയോഗിക്കാൻ അനുവദിക്കാതിരിക്കുന്നത് വിവിധ തരം ന്യൂനപക്ഷങ്ങളെ ഗുരുതരമായി ബാധിക്കും.

2023-ലെ കരടിലും 2022 ലെ കരട് പോലെ തന്നെ ഡാറ്റ ലോക്കലൈസേഷന്റെ കാര്യത്തിൽ ഗുരുതരമായ ദൗർബല്യം നേരിടുന്നുണ്ട്. ഇന്ത്യൻ പൗരന്മാരുടെ ഡാറ്റ ഇന്ത്യയിൽ ഇന്ത്യൻ നിയമങ്ങൾക്കു കീഴിൽ തന്നെ പ്രോസസ് ചെയ്യുന്നു എന്നതാണ് ഡാറ്റ ലോക്കലൈസേഷൻ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. പ്രൈവസി ബില്ലിലെ ഡാറ്റ ലോക്കലൈസേഷൻ വ്യവസ്ഥകളെ വിസ, ഗൂഗ്ൾ, ഫേസ്ബുക് എന്നെ കമ്പനികൾ ശക്തമായി എതിർത്തിരുന്നു. ഈ മേഖലയിൽ അവർ വലിയ നിക്ഷേപം നടത്തിയിരുന്നു. 2023-ലെ ബില്ലിൽ ഇന്ത്യക്ക് പുറത്ത് ഡാറ്റ പ്രോസസ് ചെയ്യുന്നത് കൂടുതൽ ലളിതമാക്കിയിരുന്നു. അതോടെ നമ്മുടെ ഡാറ്റ ഏതു വിദേശ രാജ്യത്താണോ പ്രോസസ് ചെയ്യുന്നത് ആ രാജ്യത്തിന്റെ നിയമ പരിധിയിൽ വരും. ഉദാഹരണത്തിന് അമേരിക്കൻ നിയമത്തിനു കീഴിൽ അവിടത്തെ പൗരന്മാർക്ക് അവരുടെ ഡാറ്റയിൽ ചില സംരക്ഷണങ്ങൾ അനുവദിക്കുന്നുണ്ട്. വിദേശികൾക്ക് ഈ സംരക്ഷണം ലഭിക്കില്ല!

ദേശീയ സുരക്ഷ എന്ന ഒറ്റക്കാരണം പറഞ്ഞു സർക്കാരിന് അതിന്റെ എല്ലാ ഏജൻസികളെയും ഈ നിയമത്തിന്റെ വ്യവസ്ഥകളിൽനിന്ന് ഒഴിവാക്കാൻ സാധിക്കും. ഐടി ആക്ട് പ്രകാരം നമ്മുടെ ടെലഫോൺ, ഡാറ്റ കമ്യൂണിക്കേഷൻസ് എന്നിവ നിരീക്ഷിക്കുന്നതിന് സർക്കാർ ഏജൻസികൾക്കുള്ള അധികാരങ്ങളിൽ കൂടുതൽ അധികാരം ഈ വ്യവസ്ഥകൾ പ്രദാനം ചെയ്യുന്നു.

2022 ആഗസ്റ്റിൽ അവതരിപ്പിച്ച കരടും അതിന്റെ 2023-ലെ പതിപ്പും പുട്ടു സ്വാമി കേസിലെ വിധിയുടെ ചുവട് പിടിച്ച് പൗരന്റെ സ്വകാര്യത സംരക്ഷിക്കാൻ ലക്ഷ്യം വച്ചുള്ളതാണ്. എന്നാൽ അതിനു മറ്റു ചില ഉദ്ദേശ്യങ്ങൾ കൂടിയുണ്ട്. അതായത് ഇന്ത്യയിൽ സ്റ്റേറ്റിന് ഇന്ത്യൻ പൗരന്മാർക്കുമേൽ നിരീക്ഷണത്തിന് അധികാരം കൈവരുകയും പുതുയുഗ ഡിജിറ്റൽ കുത്തകകൾക്ക് ഡാറ്റ ഉടമസ്ഥാവകാശം നേടാനും നമ്മുടെ ഡാറ്റ ഉപയോഗിക്കാനും അപ്രിമിതമായ സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്യുന്നു. *ദ ഏയ്ജ് ഓഫ് സർവൈലൻസ് ക്യാപിറ്റലിസം* എന്ന പുസ്തകത്തിൽ ഷോഷാന സുബോഫ് പറഞ്ഞത് പോലെ ഇതിന് നിയമപരമായ അടിസ്ഥാനം ലഭിക്കുന്നു. മാത്രവുമല്ല ഇതെല്ലാം സംഭവിക്കുന്നത് നമ്മുടെ മൗലികാവകാശം സരക്ഷിക്കാൻ ലക്ഷ്യമിട്ടുള്ള പുതിയ പ്രൈവസി നിയമത്തിന്റെ മുൾവേലിക്കുള്ളിൽ നിന്നാണെന്നത് കൊണ്ടുതന്നെ മുറിവിൽ ഉപ്പ് തേക്കുന്നതിന് തുല്യമാണ്.●



# ടെക്സ്റ്റൈൽ വ്യവസായ പ്രതിസന്ധിയും കേരളത്തിന്റെ സാദ്ധ്യതകളും



പി.നന്ദകുമാർ

**കേരളത്തിൽ മൂന്ന് സർക്കാർ മില്ലുകളും ഒരു സഹകരണ മില്ലും ലേ ഓഫിലായിരുന്നത് തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലവസരം വർദ്ധിപ്പിക്കാനും സമ്പദ്ഘടനയ്ക്ക് ഉണർവ് ഉണ്ടാക്കാനും കഴിയുന്ന മേഖലയാണിത്. കേരളത്തിൽ നമ്മുടെ നൂൽ കമ്പനികളെയും കൈത്തറി വ്യവസായത്തെയും സംരക്ഷിക്കാനും നിലനിർത്താനും സമഗ്രമായ കാഴ്ചപ്പാട് അനിവാര്യമാണ്. കുറുക്കുവഴികൾ തേടിയതുകൊണ്ട് രക്ഷപ്പെടാൻ കഴിയില്ല എന്നതോർക്കണം.**

ടെക്സ്റ്റൈൽ വ്യവസായം അതീവ ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണല്ലോ? തമിഴ്നാട് സ്പിന്നിംഗ് മിൽ അസോസിയേഷൻ പറഞ്ഞത് കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ ഏറ്റവും വലിയ പ്രതിസന്ധിയാണെന്നാണ്. ആഗോളകമ്പോളത്തിൽ വന്ന വൻ ഇടിവ് നമ്മുടെ കയറ്റുമതിയെ സാരമായി ബാധിച്ചു. നമ്മുടെ പ്രധാന കയറ്റുമതി രാജ്യങ്ങൾ അമേരിക്ക, യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ എന്നിവയാണ്. നീണ്ടുപോകുന്ന ഉക്രൈൻ-റഷ്യൻ യുദ്ധവും ആഗോള സാമ്പത്തിക മാന്ദ്യവും കയറ്റുമതിയെ ബാധിച്ചു. പ്രതിസന്ധിയെ നേരിടാൻ കഴിയാതെ തമിഴ്നാട്ടിലെ 2000 മില്ലുകളിൽ 1800 മില്ലുകൾ താൽക്കാലികമായി അടച്ചിട്ടു. വടക്കേഇന്ത്യയിലെ ചില മില്ലുകൾ അടയ്ക്കുകയും പല മില്ലുകളും പ്രവൃത്തിദിവസം വെട്ടിക്കുറയ്ക്കുകയും ചെയ്തു.

തുണിത്തരങ്ങളുടെ കയറ്റുമതി 28% ഇടിഞ്ഞതിനാൽ തുണിത്തരങ്ങളുടെ ഉൽപ്പാദനം പല സ്ഥാപനങ്ങളും 40% മുതൽ 30% വരെ വെട്ടിക്കുറച്ചു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ടെക്സ്റ്റൈൽ ഇൻഡസ്ട്രീസ് പറയുന്നത് ഉൽപ്പാദന ചെലവിനേക്കാൾ 10% നഷ്ടത്തിലാണ് പോകുന്നതെന്നാണ്. ഇന്ത്യയിലെ പ്രധാന ടെക്സ്റ്റൈൽ ഉൽപ്പാദനകേന്ദ്രമായ തിരുപ്പൂരും സൂറത്തും പ്രയാസങ്ങളുടെ നീർച്ചുഴിയിലാണ്. സൂറത്തിൽ 4.5കോടി മീറ്റർ തുണി ദിനംപ്രതി ഉൽപ്പാദിപ്പിക്കുന്നത്, അത് 2.5 കോടി മീറ്ററായി കുറച്ചു. എന്നിട്ടും ഒരു കോടി മീറ്റർ തുണി കെട്ടിക്കിടക്കുകയാണ്. രൂക്ഷമായ തൊഴിൽരാഹിത്യത്തിന് ഇത് വഴിവെച്ചു. കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന ഈ മേഖല സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ കാര്യമായി ഒന്നും തന്നെ ചെയ്യുന്നില്ല.

ആഗോള സാമ്പത്തിക പ്രതിസന്ധിയും ഉക്രൈൻ-റഷ്യൻ യുദ്ധ വിപത്തും ചൈന, ബംഗ്ലാദേശ്, വിയറ്റ്നാം, പാകിസ്ഥാൻ എന്നീ എല്ലാ ടെക്സ്റ്റൈൽ രാജ്യങ്ങളെയും ബാധിച്ചിട്ടുണ്ട്. കൂടുതൽ ബാധിച്ചത് ഇന്ത്യയെയാണ്. വാങ്ങൽ കഴിവിൽ വന്നിട്ടുള്ള കുറവ് നന്നായി ബാധിച്ചു.

തെക്കേ ഇന്ത്യയിലെ പ്രമുഖ ടെക്സ്റ്റൈൽ റിസർച്ച് അസോസിയേഷനായ സിത്രയുടെ കണക്കു പ്രകാരം പരുത്തിവില കൂടുതലും നൂൽ വില കുറഞ്ഞും നിൽക്കുന്ന ഈ അവസരത്തിൽ കൺവർഷൻ ചാർജ്ജ് ഒരു രൂപ പോലും ലഭിക്കില്ല. രണ്ടു രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ നടത്തിക്കൊണ്ടു പോകാൻ കഴിയുകയുള്ളൂ. പതിനായിരം സ്പിന്റിലുള്ള ഒരു മില്ലിൽ 2500 കിലോ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞാൽ നഷ്ടം ഒരു ദിവസം ഒരുലക്ഷം വരുമെന്നാണ് സിത്ര കണക്ക്. നമ്മുടെ ഉൽപ്പാദനശേഷി ഇതിലും എത്രയോ കുറവാണെന്ന് ഓർക്കണം. ഈ പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ വേണം കേരളത്തിന്റെ പ്രതിസന്ധിയെ കാണാൻ. കേരളത്തിൽ മൂന്ന് സർക്കാർ മില്ലുകളും, ഒരു സഹകരണ മില്ലും ലേ ഓഫിലായിരുന്നത്, ഇപ്പോൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## കേരളത്തിന്റെ സാദ്ധ്യത

കേരളസംസ്ഥാനത്ത് തുണി ഉൽപ്പാദനമേഖലയിലും വസ്ത്രനിർമ്മാണ മേഖലയിലും നല്ല സാദ്ധ്യതകളാണുള്ളത്. തുണി മനുഷ്യന് അത്യാവശ്യവസ്തുവാണല്ലോ. ഇന്ത്യയിലെ വസ്ത്ര ഉപഭോഗത്തിന്റെ അനുപാതമെടുത്താൽ കേരളത്തിലാണ് ഇതര സംസ്ഥാനങ്ങളെക്കാൾ കൂടുതൽ ഉപഭോഗം. പ്രതിവർഷ ഉപഭോഗം ദേശീയ ശരാശരി 17 മീറ്റർ ആണെങ്കിൽ കേരളത്തിൽ 34 മീറ്ററാണ്. കേരളത്തിന്റെ കണക്കു പ്രകാരം 113.5 കോടിയിലധികം മീറ്റർ തുണിയും അതുവഴി ഏകദേശം 6800 കോടിയിലധികം രൂപയുടെ വ്യാപാരം വർഷംതോറും നടക്കുന്നുണ്ട്. ഇത് വർഷംതോറും വർദ്ധിച്ചു വരികയാണ്. ഇതിൽ മഹാഭൂരിഭാഗവും കേരളത്തിന് പുറത്തുനിന്നുള്ള മാർക്കറ്റിനെയാണ് ആശ്രയിക്കുന്നത്.

ഓരോ വർഷവും സംസ്ഥാനത്തിന് ആവശ്യമായ വസ്ത്രങ്ങളുടെ ഉൽപ്പാദനം നടത്താൻ ഏകദേശം 1703 ലക്ഷം കിലോ നൂൽ ആവശ്യമാണ്. സംസ്ഥാനത്തിന്റെ നൂൽ ഉൽപ്പാദനം ഇതിന്റെ 10 ശതമാനമേ വരൂ. ടെക്സ്റ്റൈൽ വ്യാപാര ശൃംഖലയിലെ ഏറ്റവും താഴെയുള്ളതും താരതമ്യേന ലാഭം കുറവുള്ളതുമായ നൂൽ ഉൽപ്പാദനത്തിലാണ് സംസ്ഥാനം ഊന്നൽ നൽകിയത്. പൊതുമേഖലയിലായാലും സഹകരണ മേഖലയിലായാലും നമ്മൾ ശ്രദ്ധിച്ചത്. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽപേർക്ക് തൊഴിൽ നൽകാമെന്നതും കുറഞ്ഞ നിരക്കിൽ വൈദ്യുതിയും വൃത്തിയും ഗുണമേന്മയെക്കുറിച്ച് ബോദ്ധ്യമുള്ള തൊഴിലാളികളുടെയും ലഭ്യതയുമാണ് കേരളത്തിലേക്ക് ചില സ്വകാര്യമേഖലയിലെ വ്യവസായ പ്രമുഖരും സർക്കാരും സഹകരണ മേഖലയും ശ്രദ്ധിക്കുന്നതിന് ഇടയാക്കിയത് എന്ന് കാണാം.

ടെക്സ്റ്റൈൽ കോർപ്പറേഷന് കീഴിൽ 6 സ്പിന്നിംഗ് മില്ലുകളും ഒരു കോമ്പോസിറ്റ് മില്ലും ഒരു ഹൈടെക് വീവിംഗ് മില്ലും ഒരു ഓപ്പൺഎന്റ് മില്ലും പ്രവർത്തിക്കുന്നു. സഹകരണമേഖലയിൽ 8 മില്ലുകളും പ്രവർത്തിക്കുന്നു. ഇതിനു പുറമേ 2 സ്വകാര്യമില്ലുകൾ കൂടിയുണ്ട്. മേൽപ്പറഞ്ഞ സ്പിന്നിംഗ് മില്ലുകൾ പൂർണമായും പ്രവർത്തിക്കാൻ കഴിഞ്ഞാൽ 45 ലക്ഷം കിലോ നൂൽ ഉൽപ്പാദിപ്പിക്കാൻ കഴിയും.

പൊതുമേഖലയിലുള്ള കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ്, പിണറായി ഹൈടെക് വീവിംഗ്മിൽസ് എന്നിവിടങ്ങളിലെ 66 ആധുനിക യന്ത്രത്തറികളിൽ നിന്നും പൂർണതോതിലുള്ള ഉൽപ്പാദനം തുടങ്ങിയാൽ സംസ്ഥാനത്തെ കൈത്തറി, ഖാദി മേഖലകളിൽ ഉൽപ്പാദിപ്പിക്കുന്ന തുണിക്കു പുറമേ ഏകദേശം 90 ലക്ഷം മീറ്റർ തുണി പ്രതിവർഷം ഉൽപ്പാദിപ്പിക്കാൻ കഴിയും. ഇപ്പോൾ നാമമാത്രമായേ ഇവിടെ നടക്കുന്നുള്ളൂ. ആധുനിക ഫാഷൻ തുണികൾ വിവിധ നിറങ്ങളിൽ നിർമ്മിക്കാൻ ശേഷിയുള്ള ഇവയുടെ അനന്ത സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയാൽ വസ്ത്രനിർമ്മാണ മേഖലയിൽ മികച്ച നിലയിൽ നമുക്ക്







- തുടർച്ചയായി ലാഭത്തിൽ
- തുടർച്ചയായി ഡിവിഡണ്ട്
- സമ്പൂർണ്ണ കോർബാങ്കിംഗ്

**വായ്പകൾ** (കുറഞ്ഞ പലിശയ്ക്ക് )
സാധാരണ /EMI വ്യവസ്ഥയിൽ

**സ്വർണ്ണപ്പണയ വായ്പ**

**നിക്ഷേപങ്ങൾ:** എസ് ബി നിക്ഷേപങ്ങൾക്ക് 4% പലിശ (ദിവസബാക്കി അടിസ്ഥാനത്തിൽ)
സ്ഥിരനിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ

**ഓൺലൈൻ ബാങ്കിംങ്ങ് സൗകര്യം**
My Bank മൊബൈൽ ആപ്പ്

**എല്ലാ മാസങ്ങളിലും പുതിയ**
GD & CS **ആരംഭിക്കുന്നു**

എ.എൻ കൃഷ്ണകുമാർ
ബാങ്ക് പ്രസിഡന്റ്

**വളം സ്റ്റോർ:** തിരൂർ, കൊട്ടേക്കാട്
**ലൈവ് കൺസ്യൂമർ സ്റ്റോർ:** കൊട്ടേക്കാട്

Live SUPERMARKET
തിരൂർ, പി.ഒ.മുളകുന്നത്തുകാവ്

ബേക്കറി A/C കോഫി ഷോപ്പ്

നീതി മെഡിക്കൽസ്
ഗുണമേന്മയുള്ള ഇംഗ്ലീഷ് മരുന്നുകൾ
കുറഞ്ഞ വിലയ്ക്ക്
തിരൂർ, മുളകുന്നത്തുകാവ്, മെഡിക്കൽ കോളേജ്

കെ. ബി. പ്രദീപ്
സെക്രട്ടറി

TSC Bank®
Thiroor Service Co-operative Bank Ltd. No. 4140
തിരൂർ സർവ്വീസ് സഹകരണ ബാങ്ക്
Class I Special Grade Bank

**Head Office:** Thiroor, P.O. Mulamkunnathukavu
Thrissur Dist. 680581, Tel: 0487 2238300
e-mail: thiroorscb@gmail.com, www.tscbank.in

**Branches:** Thiroor Main Branch | Mulamkunnathukavu | Kotekkad | Poomala | Gramala Extention | Pottore Extention

ഇടപെടാൻ കഴിയും. ഇതിനു പുറമേ സർക്കാർ അധീനതയിൽ പ്രവർത്തിക്കുന്ന ടെക്സ്ഫെഡിന് കീഴിലുള്ള 5 ഇന്റർ ഗ്രേറ്റഡ് പവർലൂം കോഓപ്പറേറ്റീവ് സൊസൈറ്റികളിൽ ഏകദേശം 548 പവർലൂമുകളുണ്ട്. മറ്റ് സംസ്ഥാനങ്ങളെപ്പോലെ മൂന്നു ഷിഫ്റ്റും പ്രവർത്തിപ്പിച്ചാൽ 148 ലക്ഷം മീറ്റർ തുണി പ്രതിവർഷം ഉൽപ്പാദിപ്പിക്കാൻ കഴിയുന്നതാണ്. നമ്മുടെ ഈ വീവിംഗ് സാഹചര്യം ഉപയോഗപ്പെടുത്തിക്കഴിഞ്ഞാൽ നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന മുഴുവൻ നൂലും കേരളത്തിൽ തന്നെ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

ഇതിനു പുറമേ തുണിയുടെയും വസ്ത്രത്തിന്റെയും നിർമ്മാണവും അനുബന്ധവ്യവസായങ്ങളും സ്വകാര്യമേഖലയിലും നടക്കുന്നുണ്ട്. നിരവധി സഹകരണ വീവിംഗ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. ഇവർക്കും നൂൽ ആവശ്യമാണ്. വസ്ത്രഉൽപ്പാദന മേഖലയിലെ സ്പിന്നിംഗ്, ഖാദി, കൈത്തറി, സഹകരണ വീവിംഗ് സൊസൈറ്റികൾ, പൊതുമേഖലാ വീവിംഗ് മില്ലുകൾ എന്നിവ തമ്മിൽ സഹകരണവും ഏകോപനവും നടത്തിയാൽ മൂല്യവർദ്ധിതമായ ഉൽപ്പന്നങ്ങളുടെ കേരളത്തിൽ തന്നെയുള്ള വിപണി നേടിയെടുക്കാവുന്നതാണ്. ടെക്സ്റ്റൈൽ കോർപ്പറേഷൻ ഈയിടെ നടത്തിയ ചെറിയ ഇടപെടൽ നല്ല അനുഭവമാണല്ലോ ഉണ്ടാക്കിയത്.

കൈത്തറി, യന്ത്രത്തറി മേഖലയിലും ഗാർമെന്റ് ഉൽപ്പാദനമേഖലയിലും ആയിരക്കണക്കിന് തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. കൈത്തറി മേഖലയ്ക്ക് ആവശ്യമായ കുഴി നൂൽ സ്പിന്നിംഗ് മില്ലുകളിൽ ഉൽപ്പാദിക്കുന്ന നൂൽ കുഴി നൂലാക്കി നൽകുന്നതിലൂടെ നിരവധി പുതിയ സാദ്ധ്യതകൾ സൃഷ്ടിക്കുന്നതിനും കേരളത്തിലെ കൈത്തറിക്കാവശ്യമായ നൂൽ നൽകുന്നതിനും സാധിക്കുന്നതാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നൂൽ, ഇവിടുത്തെ നെയ്ത്തിൽ തന്നെ ഉപയോഗപ്പെടുത്തിയാൽ കൈത്തറിക്കാവശ്യമായ ഗുണമേന്മയുള്ള നൂൽ നൽകാനും കൈത്തറി തൊഴിലാളികളെ സംരക്ഷിക്കാനും കഴിയും. ഇപ്പോൾ നൽകുന്ന സ്കൂൾ യൂണിഫോമിന് പുറമേ മെഡിക്കൽ, എഞ്ചിനീയറിംഗ് സർവകലാശാലകൾ ഐടിഐകൾ, പോളിടെക്നിക്, നഴ്സിംഗ് വിദ്യാർത്ഥികൾക്കുള്ള യൂണിഫോം, വിവിധ സർക്കാർ ഡിപ്പാർട്ടുമെന്റുകൾക്ക് ആവശ്യമായ തുണികളും ഫർണിഷിംഗ് മെറ്റീരിയലുകൾ, ബെഡ്ഷീറ്റുകൾ എന്നിവ ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കാം.

ഇപ്പോൾ ഈ മാർക്കറ്റ് എല്ലാം മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്ന വ്യാപാരികൾ കയ്യടക്കിയിരിക്കുകയാണ്. ചെറിയ തോതിൽ ഷർട്ടുകൾ

**2006-ലെ ഇടതുപക്ഷ മുന്നണി സർക്കാർ ടെക്സ്റ്റൈൽ മേഖലയിൽ നടത്തിയ ശ്രദ്ധേയമായ ഇടപെടലിന്റെ തുടർച്ചയുണ്ടാക്കാൻ കഴിഞ്ഞില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് തുടർച്ചയെന്നോണം പ്രശ്നങ്ങൾ പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചത് സർക്കാർ അനുകൂലിച്ചെങ്കിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല.**

മാത്രം ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തിയിട്ടും നല്ല പ്രതികരണം സൃഷ്ടിക്കാൻ ടെക്സ്റ്റൈൽ കോർപ്പറേഷന് കഴിഞ്ഞു എന്നത് ശ്രദ്ധിക്കേണ്ടതാണ്. വസ്ത്രമേഖലയിൽ കേരള ബ്രാന്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും വിറ്റഴിക്കാനും കഴിയണം. പ്രത്യേകം മാർക്കറ്റിംഗ് സംവിധാനങ്ങളും വളർത്തിയെടുക്കാനും കഴിയണം.

ഇപ്പോൾത്തന്നെ 4500-ൽപ്പരം തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന, കൂടുതൽ തൊഴിലവസരം ഉണ്ടാക്കാൻ സാധ്യതയുള്ളതും നമ്മുടെ സമ്പദ്ഘടനയ്ക്ക് ഉണർവ് ഉണ്ടാക്കാനും കഴിയുന്ന ഈ മേഖലയ്ക്ക് വേണ്ടത്ര പരിഗണന നൽകുന്നില്ല.

2006-ലെ ഇടതുപക്ഷ മുന്നണി സർക്കാർ ടെക്സ്റ്റൈൽ മേഖലയിൽ നടത്തിയ ശ്രദ്ധേയമായ ഇടപെടലിന്റെ തുടർച്ചയുണ്ടാക്കാൻ കഴിഞ്ഞില്ല. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് തുടർച്ചയെന്നോണം പ്രശ്നങ്ങൾ പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിച്ചത് സർക്കാർ അനുകൂലിച്ചെങ്കിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല.

ഇന്നത്തെസാഹചര്യം അവസരമാക്കിയെടുത്ത് നമുക്ക് നേട്ടമുണ്ടാക്കാൻ കഴിയണം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാൾ വസ്ത്രവ്യാപാരമേഖലയിൽ സാദ്ധ്യത നിലനിൽക്കുന്ന കേരളത്തിൽ നമ്മുടെ നൂൽ കമ്പനികളെയും കൈത്തറി വ്യവസായത്തെയും സംരക്ഷിക്കാനും നിലനിർത്താനും സമഗ്രമായ കാഴ്ചപ്പാട് അനിവാര്യമാണ്. കുറുക്കുവഴികൾ തേടിയതുകൊണ്ട് രക്ഷപ്പെടാൻ കഴിയില്ല എന്നതോർക്കണം.•



# സാമ്പത്തിക ഞെരുക്കം മറികടക്കാൻ തനത് വരുമാന വർദ്ധനവിലൂടെ ശ്രമം



ജോസ്.ടി.എബ്രഹാം

വെള്ളപ്പൊക്കത്തിന്റെയും കോവിഡ്19 മഹാമാരിയുടെയും ആഘാതത്തിൽനിന്നും മോചനം നേടിവരികയായിരുന്നു കേരളം. കേരള സർക്കാരിന്റെ തീവ്ര ശ്രമത്തിന്റെ ഫലമായി നികുതി വരുമാനത്തിൽ വർദ്ധന വുണ്ടാക്കാൻ കഴിഞ്ഞു. സാമ്പത്തിക ദൃഢത യുടെ പാതയിലേക്ക് എത്തിക്കൊണ്ടിരുന്ന കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവ രുന്നത്.

2022 ജൂൺ മുതൽ ജി.എസ്.ടി. കോമ്പൻ സേഷൻ നിർത്തലാക്കി. ഇതിലൂടെ 12,000 കോടിയോളം രൂപയുടെ കുറവ് ഈ വർഷം

**നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക ദൃഢീകര ണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനി ന്നുകൊണ്ട് ഒരു ദിവസം പോലും ട്രഷറി പൂട്ടാതെയും ശമ്പളം, പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയവ കൃത്യസമയത്ത് നൽകിയും സാമ്പത്തി കസ്ഥിതി കൈകാര്യം ചെയ്യാൻ കേരള സർക്കാരിന് കഴിഞ്ഞു.**




സംസ്ഥാന ഖജനാവിൽ ഉണ്ടാകും. ജി.എസ്.ടി. കേമ്പൻസേഷൻ 5 വർഷം കൂടി ദീർഘിപ്പിക്കണമെന്ന സംസ്ഥാനത്തി ന്റെ ആവശ്യം കേന്ദ്ര സർക്കാർ അവഗണി ച്ചിരിക്കുകയാണ്.

റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ ഈ വർഷം 8400 കോടി രൂപയുടെ കുറവുണ്ടാ കും. കിഫ്ബിയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയും എടുക്കുന്ന വായ്പക ളും സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ പരിധിയിൽപ്പെടുത്തിയതിന്റെ ഫലമായി 6,000 കോടി രൂപയിലധികം കുറവ് കട മെടുപ്പ് പരിധിയിൽ ഉണ്ടാകും. കോവിഡ് കാലത്ത് ജി.എസ്.ഡി.പിയുടെ 5% വരെ കടമെടുക്കാമായിരുന്നത് 2023-24 സാമ്പ

## കേരളത്തിന് കേന്ദ്രത്തിൽനിന്നുള്ള ഫണ്ടിൽ ഉണ്ടാകുന്ന കുറവ്

| ക്രമ നം. | കുറവ് വരുത്തിയ ഇനം | കേരളത്തിനുണ്ടായ നഷ്ടം (കോടിയിൽ) |
|---|---|---|
| 1. | ജി.എസ്.ടി കോമ്പൻസേഷൻ | 12,000 |
| 2. | റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് | 8400 |
| 3. | കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി കടങ്ങൾ മൂലം | 7000 |
| 4. | പബ്ലിക് അക്കൗണ്ടിൽ ഉള്ള പണം പൊതു കടത്തിൽ പെടുത്തിയത് മൂലം | 12,000 |
| 5. | ഡിവിസിബിൾ പൂളിൽ ഉണ്ടായ കുറവ് | |
| | (Xth ധനകാര്യ കമ്മീഷൻ കാലത്ത് 3.75 % ആയിരുന്നത് XVth ധനകാര്യ കമ്മീഷൻ ആയപ്പോൾ 1.92 ശതമാനമായി കുറഞ്ഞു) | |
| | * ഏകദേശ തുക | 18,000 |

## കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള ഫണ്ടുകൾ

| ക്രമ നം. | ഇനം | തുക (കോടിയിൽ) |
|---|---|---|
| 1. | യു.ജി.സി പെൻഡിംഗ് അരിയറുകൾ (7th Pay Commission) | 750.93 |
| 2. | ഹെൽത്ത് ഗ്രാന്റ് | 174.76 |
| 3. | ഇന്ദിരാഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം, ഇന്ദിരാഗാന്ധി നാഷണൽ ഡിസെബിലിറ്റി പെൻഷൻ സ്കീം, ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം | 521.95 |
| 4. | മില്യൺ പ്ലസ് സിറ്റി ഗ്രാന്റ് | 51.6 |
| 5. | ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് അണ്ടർ പാർട്ട് 1 സ്പെഷ്യൽ അസിസ്റ്റൻസ് | 1925 |
| 6. | നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് അനുസരിച്ച് വിവിധ ഘടകങ്ങൾക്കായി ലഭിക്കാനുള്ളത് | 256 |

ത്തികവർഷം 3% മാത്രമായി കുറഞ്ഞു. അതിൽ നിന്നാണ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയ്ക്കും കിഫ്ബിയ്ക്കും മറ്റു മെടുക്കുന്ന വായ്പ വീണ്ടും കുറവ് ചെയ്യുന്നത്. കടപരിധിയിൽ 1 ശതമാനത്തിന്റെയെങ്കിലും വർദ്ധന വരുത്തണമെന്ന് കേരള ധനകാര്യ മന്ത്രി കേന്ദ്ര ധനകാര്യമന്ത്രിയോട് ജൂലൈ 12-ാം തീയതി നേരിൽ കണ്ട് ആവശ്യപ്പെട്ടി രുന്നു. ഇടതുപക്ഷ എംപിമാരുടെ സംഘം കേന്ദ്ര ധനകാര്യ മന്ത്രിയെ കണ്ട് കേരളത്തി ന്റെ ധനകാര്യ വിഷയങ്ങളോട് അനുകൂല നിലപാടെടുക്കണം എന്നാവശ്യപ്പെട്ടു. അത് ഇതുവരെ അംഗീകരിച്ചിട്ടില്ല. ഇതു കൂടാതെ കേരള സർക്കാരിന് ന്യായമായി കിട്ടേണ്ട യു.ജി.സി ശമ്പളപരിഷ്കരണ കുടിശ്ശിക തുടങ്ങിയവയും കേരളത്തിന് ലഭിക്കാനുണ്ട്. കേരളത്തിന് ന്യായമായി ലഭിക്കേണ്ട മേൽപ്പ റഞ്ഞ തുകകൾ കൂടാതെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയ്ക്ക് ലഭിക്കേണ്ട തുകയും സമയബന്ധിതമായി ലഭിക്കാറില്ല. കേരള ത്തിന്റെ മൊത്തം വരുമാനത്തിൽ 2020-21 സാമ്പത്തികവർഷം 44 ശതമാനവും കേന്ദ്ര വിഹിതമായിരുന്നു. 56 ശതമാനം മാത്രമായിരു ന്നു കേരളത്തിന്റെ സ്വന്തം റവന്യൂ വരുമാനം. 2021-22 ആയപ്പോൾ കേരളത്തിന്റേത് 59 ശത മാനവും കേന്ദ്രത്തിന്റേത് 41 ശതമാനവുമായി. 2022-23 ൽ കേരളത്തിന്റേത് 66 ശതമാനവും കേന്ദ്രത്തിന്റേത് 3 ശതമാനവുമായി മാറി. ഈ സാമ്പത്തികവർഷം അത് 71% ഉം 29% ഉം ആയി കുറയുമെന്നാണ് കണക്കാക്കുന്നത്.





നിങ്ങളുടെ വീടുകൾക്ക്
# എന്തുകൊണ്ട്
## ടൈറ്റാനിയം ഡയോക്സൈഡ് പൗഡർ ?
## (KEMOX RC - 822)

- കോൺക്രീറ്റിന് ഉണ്ടാകുന്ന ചോർച്ച കുറച്ച് കെട്ടിടത്തിന്റെ കാലദൈർഘ്യം വർദ്ധിപ്പിക്കുന്നു
- വേനലിൽ വീടുകൾക്ക് ഉള്ളിലെ ചൂട് കുറയ്ക്കുന്നു
- എയർ കണ്ടീഷനിങ്ങ് ഊഷ്മാവ് 5°C വരെ കുറയുന്നതിനാൽ വൈദ്യുതി ഉപയോഗം ഗണ്യമായി കുറയുന്നു
- ചൂട്മൂലം കോൺക്രീറ്റിനുണ്ടാകുന്ന വിള്ളൽ ഇല്ലാതാക്കുന്നു
- ഈർപ്പം നിൽക്കാത്തതിനാൽ തുരുമ്പിനെ ഭയക്കേണ്ട
- വൈറ്റ് സിമന്റിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കാം

## Our Products

Titanium Dioxide Pigment
Nano Titanium Dioxide
Titanium Sponge
Titanium Tetra Chloride
Magnesium Chloride
Ilmenite, Sillimanite
Zircon, Rutile

### ഉപയോഗിക്കേണ്ട വിധം

20 കിലോഗ്രാം വൈറ്റ് സിമന്റിന് 1 കിലോഗ്രാം ടൈറ്റാനിയം ഡയോക്സൈഡ് പൗഡർ എന്ന അനുപാതത്തിൽ ഈർപ്പം അൽപ്പം പോലും തട്ടാതെ പരസ്പരം നല്ലരീതിയിൽ കൂട്ടിയോജിപ്പിക്കുക. 10 മിനുട്ടിന് ശേഷം 15 ലിറ്റർ വെള്ളവും ഒരു ലിറ്റർ ഫെവികോളും (DDL) ചേർത്ത് പെയിന്റ് രൂപത്തിലാക്കി കഴുകി വൃത്തിയാക്കിയ, ചെറിയ ഈർപ്പത്തോടെയുള്ള പ്രതലത്തിൽ ബ്രഷ് ചെയ്യുക. 6 മണിക്കൂറിന് ശേഷം ചെറിയരീതിയിൽ നനയ്ക്കുക. കനത്ത വെയിൽ സമയത്ത് റൂഫിൽ അടിക്കുന്നത് നല്ലതല്ല.

**ടൈറ്റാനിയം ഡയോക്സൈഡ് പൗഡർ**
**കെ.എം.എം.എൽ സൊസൈറ്റിയിൽ നിന്നും ലഭ്യമാണ്**
**Contact : 0476 2 651 309 and +91 9447073365**

**Marketing : +91 9496012544 and +91 9496012645**
Email: hodmktg@kmml.com

KMML
Spreading Splendour

**The Kerala Minerals and Metals Limited**
(A Govt.of Kerala Undertaking)
Sankaramangalam, Chavara, Kollam, Kerala, India-691 583
Tel: +91 4762651215 to 2651217
Email: md@kmml.com

www.kmml.com https://www.facebook.com/kmmlofficial https://www.instagram.com/kmml_official




## കേരളത്തിലെ സാമ്പത്തികാവസ്ഥ

> **കേരളത്തിന്റെ കടപരിധിയിൽ കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ തുടങ്ങിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ എടുക്കുന്ന കടം എല്ലാം പെടുത്തുമ്പോൾ നാഷണൽ ഹൈവേ അതോറിറ്റി, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയവ എടുക്കുന്ന ഭീമമായ കടമൊന്നും കേന്ദ്ര സർക്കാരിന്റെ കടപരിധിയിൽപ്പെടുത്തിയിട്ടില്ല.**

ഈ രൂപത്തിൽ കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന ഫണ്ട് നിരന്തരം കുത്തനെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ബീഹാർ പോലെയുള്ള സംസ്ഥാനങ്ങളുടെ മൊത്തം വിഹിതത്തിന്റെ 77 ശതമാനവും കേന്ദ്രത്തിൽ നിന്നാണ് ലഭിക്കുന്നത്. കേരളത്തിന്റെ സ്ഥിതി മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും മോശമാണ്.

എല്ലാ സംസ്ഥാനങ്ങളുടെയും സാമ്പത്തിക സ്ഥിതി പൊതുവെ പരുങ്ങലിലാണ്. XV-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നത് രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7% ഉം കേന്ദ്ര സർക്കാർ കൈയ്യടക്കുമ്പോൾ ഏതാണ്ട് 37% വരുമാനം മാത്രമാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത്. എന്നാൽ, രാജ്യത്തെ മൊത്തം ചെലവിന്റെ 62.4 ശതമാനവും സംസ്ഥാന സർക്കാരുകളാണ് വഹിക്കുന്നത്. ഇത് കാണിക്കുന്നത് വരുമാനത്തിലെയും ചെലവിലെയും വലിയ അസമത്വമാണ്.

### കേന്ദ്രത്തിന്റെ കടം

കേരളത്തിന്റെ കടത്തെക്കുറിച്ച് പറയുന്ന കേന്ദ്രത്തിന്റെ കടം ഭീമമാണ്. കേന്ദ്ര ബജറ്റുവഴി ചെലവഴിക്കുന്ന തുകയുടെ 40 ശതമാനത്തിലധികവും കടമെടുത്താണെന്ന് രാജ്യസഭയിൽ തന്നെ ധനമന്ത്രി വ്യക്തമാക്കുകയുണ്ടായി. 45 ലക്ഷം കോടി രൂപയുടെ 2023-24ലെ കേന്ദ്ര ബജറ്റിൽ 17.99 ലക്ഷം കോടിയും കടമാണ്. മാസംതോറും ശരാശരി ഒന്നരലക്ഷം കോടി രൂപ കടമെടുത്താണ് കേന്ദ്രം ചെലവുകൾ നടത്തുന്നത്.

കേരളത്തിന്റെ കടപരിധിയിൽ കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ തുടങ്ങിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ എടുക്കുന്ന കടം എല്ലാം പെടുത്തുമ്പോൾ നാഷണൽ ഹൈവേ അതോറിറ്റി, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തുടങ്ങിയവ എടുക്കുന്ന ഭീമമായ കടമൊന്നും കേന്ദ്ര സർക്കാരിന്റെ കടപരിധിയിൽപ്പെടുത്തിയിട്ടില്ല. കേരളത്തിന്റെ കടം ജി.എസ്.ഡി.പിയുടെ 3% മാത്രമായിരിക്കണമെന്ന് നിർബന്ധം പിടിക്കുമ്പോൾ ഈ വർഷത്തെ കേന്ദ്ര ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന കമ്മി 6.4% ആണ്. എഫ്.ആർ.ബി.എം ആക്ട് അനുസരിച്ച് കേന്ദ്രത്തിന്റെ കമ്മി 3% ആയിരിക്കണമെന്ന നിബന്ധനയുണ്ട്. എന്നാൽ, കേന്ദ്രമത് പാലിക്കുന്നില്ല.

കേന്ദ്ര സർക്കാരിന് കടമെടുക്കുന്നതിൽ യാതൊരു നിയന്ത്രണവുമില്ല. വിദേശത്ത് നിന്നോ സ്വദേശത്തുനിന്നോ അവർക്ക് കടമെടുക്കാം. എന്നാൽ, സംസ്ഥാനങ്ങളുടെ കടമെടുപ്പിൽ കേന്ദ്രം കടുത്ത നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. വിദേശത്തുനിന്ന് കടമെടുക്കാൻ സാധാരണഗതിയിൽ സമ്മതിക്കാറേയില്ല. ആഭ്യന്തരകടം എടുക്കുന്നതിനുതന്നെ ഏത് സമയത്ത് എത്ര എടുക്കണം എന്ന രീതിയിലെല്ലാം കടുത്ത നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് ഫെഡറൽ തത്വങ്ങളുടെ അടിസ്ഥാനപരമായ ലംഘനമാണ്.

### ധനകാര്യ മാനേജ്മെന്റ്

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ചെലവുകൾ നിയന്ത്രിച്ചും സാമ്പത്തിക ദൃഢീകരണത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ട് ഒരു ദിവസം പോലും ട്രഷറി പൂട്ടാതെയും ശമ്പളം, പെൻഷൻ, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയവ കൃത്യസമയത്ത് നൽകിയും സാമ്പത്തികസ്ഥിതി കൈകാര്യം ചെയ്യാൻ ഈ സർക്കാരിന് കഴിയുന്നുണ്ട്. നികുതി വരുമാനത്തിൽ 2021-22ൽ 47,000 കോടി രൂപയായിരുന്ന ജി.എസ്.ടി വരുമാനം 2022-23 ൽ 70,000 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അപേക്ഷിച്ച് 2022-23 ൽ 23,000 കോടി രൂപയുടെ വർദ്ധന ഉണ്ടായിട്ടുണ്ട്. ഭൂമി രജിസ്ട്രേഷനിൽ 1530 കോടി രൂപയുടെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.●



# കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

ISO 9001:2015



**തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ**

പെൻഷൻ

- 5000 രൂപ ബസ് തൊഴിലാളികൾക്ക്
- 3500 രൂപ ഗുഡ്സ് വാഹനത്തിലെ തൊഴിലാളികൾക്ക്
- 2500 രൂപ ടാക്സി തൊഴിലാളികൾക്ക്
- 2000 രൂപ ഓട്ടോറിക്ഷ തൊഴിലാളികൾക്ക്

(8 വർഷത്തിനുശേഷമുള്ള ഓരോ അധികവർഷ സർവ്വീസിനും അടിസ്ഥാന പെൻഷൻ തുകയിൽ വാർഷിക വർദ്ധനവ്)

| | |
|---|---|
| അവശതാ പെൻഷൻ: | 1,600 രൂപ |
| സ്വയംവിരമിയ്ക്കൽ പെൻഷൻ: | 2,000 രൂപ |
| കുടുംബപെൻഷൻ: | പെൻഷൻ തുകയുടെ 50% (10 വർഷം വരെ) |
| അപകടമരണാനന്തര ധനസഹായം: | 2,00,000 രൂപ |
| മരണാനന്തര ധനസഹായം: | 1,00,000 രൂപ |
| ശവസംസ്കാര ചടങ്ങിനുള്ള ധനസഹായം: | 10,000 രൂപ |
| ചികിത്സാധനസഹായം: | പരമാവധി 1,00,000 രൂപ |
| അപകട ചികിത്സാ ധനസഹായം: | പരമാവധി 1,00,000 രൂപ |
| വിവാഹ ധനസഹായം: | 40,000 രൂപ (തൊഴിലാളിയ്ക്കും 2 മക്കൾക്കും) |
| പ്രസവ ധനസഹായം: | 15,000 രൂപ (സ്ത്രീ തൊഴിലാളികൾക്ക്) |
| സ്കോളർഷിപ്പ്: | 500 രൂപ മുതൽ 7,500 രൂപ വരെ |

**കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമാകൂ, ജീവിതം സുരക്ഷിതമാക്കൂ**

**കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്**
ജയം ബിൽഡിംഗ്, കൊച്ചുപിലാമ്മൂട്, മുണ്ടക്കൽ വെസ്റ്റ്, കൊല്ലം - 691001
Ph: 0474-2742818, 2741288
Email: motor.worker@gmail.com

ചെയർമാൻ
കെ.കെ. ദിവാകരൻ Ex. MLA

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ
രഞ്ജിത്ത് പി. മനോഹർ

# അവകാശവാദങ്ങൾ കൊണ്ട് തൊഴിലില്ലായ്മയും സാമ്പത്തികാസമത്വവും പരിഹരിക്കാനാകില്ല

**തൊഴിലില്ലാത്ത യുവതീയുവാക്കളുടെ എണ്ണത്തിലുണ്ടാകുന്ന അനിയന്ത്രിതമായ വളർച്ച സൃഷ്ടിക്കുന്ന ദു:ഖം മറയ്ക്കാൻ ശതകോടീശ്വരന്മാരുടെ വളർച്ചയുടെ സന്തോഷത്തിന് ആകില്ല. സമ്പദ്‌വ്യവസ്ഥ വളരുകയും ജനങ്ങൾ വളരാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് എന്ത്പ്രയോജനം. രാജ്യത്തിന്റെ ആകെ സമ്പത്തിന്റെ 73%വും 10 ശതമാനം വരുന്ന ശതകോടീശ്വരന്മാരുടെ കൈകളിലാണ്. 90 ശതമാനം വരുന്ന ജനത്തിനും അനുഭവിക്കാനായി ലഭിക്കുന്ന സമ്പത്ത് കേവലം 27% മാത്രം.**






കെ.എൻ.ഗോപിനാഥ്

ഇന്ത്യൻ ഭരണകൂടത്തിന്റെ കണക്കുകൾ അനുസരിച്ച് ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയുടേത്. അത് ഏതൊരു ഇന്ത്യൻ പൗരനെ സംബന്ധിച്ചും അഭിമാനമുണ്ടാവേണ്ട കാര്യമാണ്. എന്നാൽ, മറിച്ചാണ് സ്ഥിതിഗതികൾ. ലോകസമ്പന്നന്മാരിൽ മുന്നൂറാം സ്ഥാനത്തായിരുന്ന അദാനി, ബിജെപിയുടെ ഒമ്പത് വർഷത്തെ ഭരണത്തിനിടയിൽ ലോകസമ്പന്നരിൽ നാലാം സ്ഥാനത്തോക്ക് ഉയർന്നിരിക്കുന്നു. (ഹിന്റൻബർഗ് റിപ്പോർട്ട് പരിശോധിച്ചാൽ കുഴപ്പമാകും) ബിജെപി അധികാരത്തിൽ കയറുമ്പോൾ 44 ശതകോടീശ്വരന്മാരായിരുന്നുവെങ്കിൽ ബിജെപി ഭരണത്തിൽ 169 ശതകോടീശ്വരന്മാരായി വളർന്നു. 2047 ഓടെ ഇന്ത്യയെ തിളങ്ങുന്ന നക്ഷത്രമായി ആകാശത്തിന്റെ നെറുകയിൽ എത്തിക്കുമെന്നായിരുന്നു ധനമന്ത്രി നിർമ്മലാ സീതാരാമന്റെ അവകാശവാദം.


കലർപ്പില്ലാത്ത
വിശ്വാസം
കാലങ്ങളായി
Double Filtered Coconut Oil
KERAFED
കേരാഫെഡ്
KERA
കേര
100% പരിശുദ്ധമായ കേര വെളിച്ചെണ്ണ
(A Govt. of Kerala Enterprise)
DOUBLE FILTERED PURE COCONUT OIL
A Quality product from KERAFED
(A Govt. of Kerala Enterprise)
Since 1987
100% NATURAL
Kerala's No.1
കേരാഫെഡ്
കേര
100% ശുദ്ധമായ വെളിച്ചെണ്ണ
KERAFED
കേരാഫെഡ്
(A Govt. of Kerala Enterprise)
കേരാഫെഡ് ഒരു കേരള സർക്കാർ സ്ഥാപനം
Customer Care: 6282900669

# സാമ്പത്തികാസമത്വവും തൊഴിലില്ലായ്മയും

എന്നാൽ, തൊഴിലില്ലാത്ത യുവതീയുവാക്കളുടെ എണ്ണത്തിലുണ്ടാകുന്ന അനിയന്ത്രിതമായ വളർച്ച സൃഷ്ടിക്കുന്ന ദു:ഖം മറയ്ക്കാൻ ശതകോടീശ്വരന്മാരുടെ വളർച്ചയുടെ സന്തോഷത്തിന് ആകില്ല. കാരണം നമ്മുടെ സമ്പദ്‌വ്യവസ്ഥ വളരുകയും ജനങ്ങൾ വളരാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് എന്ത്പ്രയോജനം. രാജ്യത്തിന്റെ ആകെ സമ്പത്തിന്റെ 73%വും 10 ശതമാനം വരുന്ന ശതകോടീശ്വരന്മാരുടെ കൈകളിലാണ്. 90 ശതമാനം വരുന്ന ജനത്തിനും അനുഭവിക്കാനായി ലഭിക്കുന്ന സമ്പത്ത് കേവലം 27% മാത്രം.

## ഇന്ത്യൻ സമ്പദ് വ്യവസ്ഥ തെറ്റായ ദിശയിൽ

മേൽ കണക്കുകൾ വ്യക്തമാക്കുന്നത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തെറ്റായ ദിശയിലാണ് ഒഴുകിക്കൊണ്ടിരിക്കുന്നത് എന്നാണ്. ലോകത്ത് ഏറ്റവും കൂടുതൽ മനുഷ്യവിഭവശേഷിയുള്ള ഒരു രാജ്യത്ത് കൂടുതൽ ഉൽപാദനവും അധ്വാനവും ആവശ്യമുള്ളപ്പോൾ തൊഴിലവസരങ്ങൾ കുറയുകയാണ് ചെയ്യുന്നത്. കൗമാരക്കാരുടെ (19-29 പ്രായം) 2021 ഏപ്രിൽ -ജൂൺ പാദത്തിലെ തൊഴിലില്ലായ്മ 25.5% ആണ്. ലഭ്യമായ കണക്കുകൾ പ്രകാരം നമ്മുടെ രാജ്യത്തെ ജനസംഖ്യയുടെ പകുതിയോളം 25 വയസ്സിന് താഴെയുള്ളവരാണെന്നാണ്. ഇത് സംബന്ധിച്ച് "വാൾസ്ട്രീറ്റ് ജേർണലി"ന്റെ കണക്കുകൾ ശുഭ സൂചനയല്ല നൽകുന്നത്. യുവാക്കളിൽ 1.2 കോടി പേർ ഓരോ വർഷവും തൊഴിൽ സേനപട്ടികയിൽ വരുന്നുണ്ടെങ്കിലും അവരിൽ 55 ലക്ഷം പേർക്ക് മാത്രമാണ് ജോലി ലഭിക്കുന്നത് എന്നാണ്. "പീരിയോഡിക് ലേബർഫോഴ്സിന്റെ" സർവേഫലവും പ്രതീക്ഷ നൽകുന്നതല്ല. മൊത്തം ഇന്ത്യയിലെ തൊഴിലില്ലായ്മ നിരക്ക് 28%ത്തിൽ എത്തിനിൽക്കുന്നു എന്നാണ്.

ഇന്ത്യൻ ജനതയിൽ യുവാക്കളുടെ എണ്ണം ഉയർന്നുനിൽക്കുന്നത് (ഡെമോഗ്രാഫിക് ഡിവിഡന്റ് എന്നറിയപ്പെടുന്നത്) ഒരു അനുഗ്രഹമാണ്. എന്നാൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് യുവതയ്ക്ക് തൊഴിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, "യുവാക്കളുടെ ഇന്ത്യ" എന്ന അനുഗ്രഹം ഒരു ശാപമായി മാറും, മാറിയെന്നതാണ് വസ്തുത.

1958 ൽ റിലീസായ "മാലിക" എന്ന ചിത്രത്തിൽ പ്രശസ്തഗായിക ആശാഭോസ്‌ലെ പാടിയ "പഠോഗെ ലിഖോഗെ ഹോഗെ നവാബ്" എന്ന് തുടങ്ങുന്ന ഗാനം ഇതേവരെ കേട്ട പാട്ടുകളിൽ ക്ലാസിക്കാണ്. ഈ ഗാനം ഇന്ത്യയിലെ കുട്ടികൾക്ക് നൽകിയ സന്ദേശം ഇതാണ്." നിങ്ങൾ മികച്ച വിദ്യാഭ്യാസം നേടൂ, അറിവാണ് നല്ല ജീവിതത്തിലേക്കുള്ള വഴി" എന്നാണ്. എന്നാൽ, ഈ സന്ദേശം ഇന്നത്തെ ഇന്ത്യയിൽ എങ്ങനെ ശരിയാകും എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. വർത്തമാനകാല ഇന്ത്യയിൽ, ദശലക്ഷക്കണക്കിന് വിദ്യാസമ്പന്നരായ യുവതീയുവാക്കൾ മേൽ സന്ദേശം ഉൾക്കൊള്ളാൻ കഴിയില്ലെന്ന് തിരിച്ചറിയുന്നു. കാരണം നല്ല ജീവിതം നയിക്കണമെങ്കിൽ തീർച്ചയായും നല്ല വരുമാനം ലഭിക്കുന്ന ഒരു ജോലി അത്യാവശ്യമാണ്. ആർക്കും മികച്ച ജോലി കണ്ടെത്തുവാൻ സാധിക്കുന്നില്ല. വിദ്യാഭ്യാസം കൂടിയാൽ ജോലി ലഭിക്കാനുള്ള സാധ്യത കുറയുകയും ചെയ്യുന്നു.

ബിരുദധാരികളും ബിരുദാനന്തരബിരുദധാരികളും എഞ്ചിനീയർമാരും ഡോക്ടർമാരും കോൺട്രാക്റ്റ് ജോലിതേടി അലയുന്നത് നിത്യകാഴ്ചയാണ്. അസിം പ്രേംജി സർവകലാശാലയിലെ സുസ്ഥിര തൊഴിൽ കേന്ദ്രത്തിന്റെ പഠനമനുസരിച്ച് ഉയർന്ന വിദ്യാഭ്യാസക്കാരുടെ തൊഴിലില്ലായ്മ ആകെ തൊഴിലില്ലായ്മയുടെ ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടിയാണെന്ന് കാണിക്കുന്നു.

## തൊഴിലന്വേഷകരുടെ എണ്ണം ഞെട്ടിപ്പിക്കുന്നത്

വിദ്യാഭ്യാസത്തിനു വേണ്ടി ധാരാളം സമയവും പണവും ചെലവഴിച്ച തൊഴിൽ രഹിതരായ ചെറുപ്പക്കാർ നിരാശരായതിൽ അത്ഭുതപ്പെടാനില്ല. തങ്ങളുടെ യോഗ്യതയ്ക്കനുസരിച്ച് ജോലി ലഭിക്കാതെ വരുമ്പോൾ തമ്മിൽഭേദം എന്ന ചിന്തയിൽ കുറഞ്ഞ യോഗ്യത മാത്രം ആവശ്യമുള്ള ജോലിയും തേടിപ്പോകുന്ന സ്ഥിതിയുണ്ടാകുകയാണ്. 2018 ൽ ഉത്തർപ്രദേശിൽ പോലീസ് മെസഞ്ചർ പോസ്റ്റിലേക്ക്, 65 ഒഴിവുകൾക്ക് അപേക്ഷിച്ചത് 93000 പേർ. ഇന്റർവ്യൂ ബോർഡിനെ ഞെട്ടിച്ചത് ഇക്കാര്യമല്ല മറിച്ച് അപേക്ഷകരിൽ 50000 പേർ ബിടെക് ബിരുദമുള്ളവരാണ് എന്നതാണ്. 3700 പേർ പിഎച്ച്ഡി പാസായവരായിരുന്നു. കണക്കുകൾ ഇത്രമാത്രമല്ല. 2021-ൽ റെയിൽവേറിക്രൂട്ട്മെന്റ് ബോർഡ് 60,000 "ലവൽ വൺ" തസ്തികകളിലേക്ക് പരസ്യം ക്ഷണിച്ചു. ഗ്യാംഗ്മാൻ, ഗേറ്റ്മാൻ, പോർട്ടർ തുടങ്ങിയ അവസാന ഗ്രേഡ് തസ്തികകളാണ്. യോഗ്യത പത്താംക്ലാസ്. അപേക്ഷിച്ചവരുടെ എണ്ണം 1.9 കോടി അപേക്ഷകർ. മഹാഭൂരിപക്ഷവും ബിരുദവും ടെക്കികളും. പല മേഖലകളിലും ഉന്നത വിദ്യാഭ്യാസമുള്ളവർപോലും പച്ചക്കറി അരിയൽ, മേശതുടയ്ക്കൽ, പാത്രംകഴുകൽ, നിലം തുട

# സാമ്പത്തികാസമത്വവും തൊഴിലില്ലായ്മയും

യ്ക്കൽ എന്നിവയാണ് ചെയ്യുന്ന ജോലികൾ എന്നറിയുമ്പോഴാണ് യുവജനത എത്തിപ്പെട്ടിരിക്കുന്ന ദയനീയ സ്ഥിതി ബോദ്ധ്യപ്പെടുക.

### ആവശ്യത്തിന് ജോലിയില്ല പകരം നിശ്ചിതകാല തൊഴിലാണ് ഓഫർ

ഒരു ചോദ്യം പ്രസക്തമാണ്. വിദ്യാഭ്യാസം കുറഞ്ഞവരുടെ ജോലി കൊള്ളയടിക്കുവാൻ ഉയർന്ന വിദ്യാഭ്യാസമുള്ളവർ എന്തിനാണ് കൂട്ടം കൂട്ടമായി ഓടുന്നത്? കാരണം വളരെ ലളിതമാണ്. നമ്മുടെ രാജ്യത്ത് ആവശ്യത്തിന് ജോലിയില്ല എന്നതാണ്. ഒരു വശത്ത് ഭരണാധികാരികൾ വിളിച്ചു പറയുന്നു ഇന്ത്യൻ സമ്പദ് വ്യവസ്ഥ കുതിച്ചുയരുകയാണ് എന്ന്. എന്നാൽ തൊഴിലവസരങ്ങൾ അനുദിനം കുറഞ്ഞു വരുന്നു. എന്തൊരു വിരോധാഭാസമാണിത്. ഇതിന് കണ്ടെത്തിയ പോംവഴിയാണ് നിശ്ചിതകാലതൊഴിൽ. സ്ഥിരം തൊഴിൽ ഇനിയുണ്ടാവില്ല എന്ന നിയമം നടപ്പിലാക്കിയ രാജ്യമായി ഇന്ത്യ മാറിക്കഴിഞ്ഞു. നാല് കൊല്ലത്തേക്ക് പട്ടാളത്തിലേക്ക് ആളെയെടുത്തപ്പോൾ ഈ ചതി അറിയാത്തവരും അറിഞ്ഞു. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാതെ, ഉള്ള തൊഴിൽ വീതം വയ്ക്കുന്നു എന്നതാണ് സംഭവം. കാർഷിക, വ്യാവസായിക മേഖലയിൽ നിക്ഷേപം വർധിപ്പിച്ചാൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും. സേവനമേഖലയിലും പാർട്ട്നർമാരെയും സ്കീമുകാരെയും തിരുകി, യാതൊരു സമയക്ലിപ്തതയുമില്ലാതെ കുറഞ്ഞ കൂലിക്ക് വേലചെയ്യിപ്പിക്കുന്ന സമ്പ്രദായം സർക്കാർ ലൈസൻസിൽ നടക്കുകയാണ്.

സെന്റർഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കണോമി (സിഎംഐഇ), സെന്റർഫോർ ഇക്കണോമിക് ഡാറ്റ ആന്റ് അനാലിസീസ് (സിഇഡിഎ) എന്നിവയുടെ പഠനം പ്രധാനപ്പെട്ട ചില വിവരങ്ങൾ നമുക്ക് നൽകുന്നു. 2017-18ൽ ഉൽപ്പാദന മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണത്തിൽ 50 ശതമാനത്തോളം കുറവ് ഉണ്ടായിരിക്കുന്നു. 5.1 കോടി തൊഴിലുകൾ 2.7 കോടിയായി കുറഞ്ഞു എന്നാണ് കണക്ക്. 2021-22 ലെ കണക്കെത്തുമ്പോൾ കുറേക്കൂടി കാര്യങ്ങൾ വഷളായിരിക്കുന്നു. തൊഴിൽദായകമേഖലകളായ ടെക്സ്റ്റൈൽസ്, നിർമ്മാണം, ഭക്ഷ്യസംസ്കരണം, കൃഷി, മോട്ടോർ, പരമ്പരാഗത വ്യവസായം തുടങ്ങിയ മേഖലകളിലാണ് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ചുരുങ്ങിയിരിക്കുന്നത്. ടെക്സ്റ്റൈൽസിൽ മാത്രം 1.26 കോടി തൊഴിലുകൾ എന്നത് 55 ലക്ഷമായും, നിർമ്മാണ സാമഗ്രിജോലികൾ 1.14 കോടിയിൽ നിന്നും 48 ലക്ഷമായും കുറഞ്ഞതായി കണക്കുകൾ വ്യക്തമാക്കുന്നു.

സമ്പദ്‌വ്യവസ്ഥ വളർന്നപ്പോൾ തൊഴിലാളികൾ കൃഷിയിൽ നിന്ന് ഉൽപ്പാദനമേഖലയിലേക്ക് സ്ഥിരമായി നീങ്ങുന്നുവെന്നതാണ് പല ലോക രാജ്യങ്ങളിലെയും സ്ഥിതി. എന്നാൽ, ഇന്ത്യയിൽ നേരെ വിപരീതമാണ് സംഭവിക്കുന്നത്. സ്വയം തൊഴിൽ എന്ന നിലയിൽ പോലും കാർഷിക വൃത്തിയിൽ വിദ്യാഭ്യാസം കുറഞ്ഞവർ മാത്രമല്ല, ഉയർന്ന വിദ്യാഭ്യാസമുള്ളവരും മറ്റുജോലികളില്ല എന്ന കാരണത്താൽ വ്യാപകമായി എത്തിയിട്ടുണ്ട്. ഈ പ്രവണത ഒരു തിരിച്ച് പോക്കാണ്. പിരിച്ചുവിടപ്പെട്ടവരും ഇക്കൂട്ടത്തിൽ വ്യാപകമാണ്.

### ലഭ്യമാകുന്ന തൊഴിൽ എത്ര തുച്ഛം

തൊഴിലില്ലായ്മയോട് ഭരണകൂടത്തിന്റെ നിലപാട് വിമർശിക്കപ്പെടേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസയോഗ്യതകൾക്കനുസൃതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. മൂലധനാടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിന്റെ (യന്ത്രവൽക്കരണത്തെ മാത്രം

**ഒരുവശത്ത് ഭരണാധികാരികൾ വിളിച്ചു പറയുന്നു ഇന്ത്യൻ സമ്പദ് വ്യവസ്ഥ കുതിച്ചുയരുകയാണ് എന്ന്. എന്നാൽ തൊഴിലവസരങ്ങൾ അനുദിനം കുറഞ്ഞു വരുന്നു. എന്തൊരു വിരോധാഭാസമാണിത്. തൊഴിലില്ലായ്മയോട് ഭരണകൂടത്തിന്റെ നിലപാട് വിമർശിക്കപ്പെടേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസയോഗ്യതകൾക്കനുസൃതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. മൂലധനാടിസ്ഥാനത്തിലുള്ള ഉൽപ്പാദനത്തിന്റെ (യന്ത്രവൽക്കരണത്തെ മാത്രം ആശ്രയിച്ചുള്ള) പോക്കിനെ അധ്വാന കേന്ദ്രീകൃതമാക്കി (മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുന്ന) മാറ്റുന്നതിന് പകരം ഭരണകൂടം മറുവശത്തെ അതിരുകടന്ന് പ്രോത്സാഹിപ്പിക്കുന്നത് ആശങ്കാജനകമാണ്.**



ആശ്രയിച്ചുള്ള) പോക്കിനെ അധ്വാന കേന്ദ്രീകൃതമാക്കി (മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുന്ന) മാറ്റുന്നതിന് പകരം ഭരണകൂടം മറുവശത്തെ അതിരുകടന്ന് പ്രോത്സാഹിപ്പിക്കുന്നത് ആശങ്കാജനകമാണ്. ഉദാഹരണത്തിന്, അടുത്ത ഒന്നര വർഷത്തിനുള്ളിൽ 10 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്ന് 2022-ൽ ബിജെപി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഓരോ വർഷവും കോടിക്കണക്കിന് അധ്വാനശേഷി കൈമുതലായവർ തൊഴിൽ തേടി അലയുന്ന രാജ്യത്ത് 10 ലക്ഷം എന്ന സർക്കാരിന്റെ പ്രഖ്യാപനം തന്നെ വഞ്ചനയായിരുന്നു. സർക്കാർ ജോലി കൊണ്ട് മാത്രം രാജ്യത്തെ തൊഴിലില്ലായ്മക്ക് പരിഹാരമില്ല. എന്ന് മനസിലാക്കി സ്വകാര്യ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഉൽപ്പാദനമേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുകയും അതേസമയം സർക്കാർ സംരംഭങ്ങളെയും, പൊതുമേഖലയെയും സംരക്ഷിച്ച് നിർത്തുകയും വേണം.

തൊഴിൽ ശക്തിയെ പ്രത്യുൽപാദനപരമായി പ്രയോജനപ്പെടുത്താൻ സർക്കാരിന്റെ നയങ്ങളും പ്രോത്സാഹനങ്ങളും പുനർക്രമീകരിക്കണം. ഇന്ത്യയിലെ സാമ്പത്തിക സാമൂഹ്യ ആസൂത്രണത്തിന്റെ അലകും പിടിയും അഴിച്ചുപണിയണം. കാർഷിക, വ്യാവസായിക ഉൽപ്പാദനത്തിലൂന്നി മൂല്യവർദ്ധിത ഉൽപ്പാദനമേഖലയെ ശക്തിപ്പെടുത്താൻ നിർമ്മിതബുദ്ധി ഉപയോഗപ്പെടുത്തണം. ടെക്സ്റ്റൈൽസ്, മത്സ്യബന്ധനം, വിപണനം, ഭക്ഷ്യസംസ്കരണം, തുകൽ, പാദരക്ഷകൾ, തടിവ്യവസായം, പരമ്പരാഗത വ്യവസായം പോലുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണം. പഠനകോഴ്സുകൾ കരിയറുമായി ബന്ധപ്പെടുത്തുന്ന പാലമായി വിദ്യാഭ്യാസത്തെയും തൊഴിൽമേഖലകളെയും ബന്ധിപ്പിക്കണം. അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കണം.

കേന്ദ്രസർക്കാർ തൊഴിലില്ലായ്മ പരിഹരിക്കൽ ഉൾപ്പെടെ അവകാശവാദങ്ങളെ സ്ഥിരീകരിക്കേണ്ടത് കണക്കുകളെ അടിസ്ഥാനമാക്കിയ സർവ്വേഫലങ്ങൾ വച്ചുകൊണ്ടായിരിക്കണം. സാമ്പത്തികമായി കുതിക്കുകയാണെന്നവകാശപ്പെടുമ്പോഴും, 2047 ഓടെ ഇന്ത്യയെ ലോകത്തിന്റെ നെറുകയിൽ എത്തിക്കുമെന്ന് ബിജെപിക്ക് വേണ്ടി ധനമന്ത്രി നിർമ്മലാസീതാരാമൻ പാർലമെന്റിൽ പ്രഖ്യാപിക്കുമ്പോഴും, അവശ്യസാധനങ്ങളും മരുന്നുകളും വാങ്ങാൻ നിവൃത്തിയില്ലാതെയും തൊഴിലില്ലാതെയും ജനകോടികൾ നരകിക്കേണ്ടി വരുന്നത് മാനക്കേടല്ലേ. കണക്കുകൾ നിരത്തി സത്യം വിളിച്ച് പറയേണ്ടി വന്ന ഇന്ത്യയിലെ 'ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസ്' ഡയറക്ടർ സ്ഥാനത്ത് നിന്ന് മലയാളിയായ കെ.എസ്. ജയിംസിനെ കേന്ദ്രസർക്കാർ സസ്പെൻഡ് ചെയ്തതുകൊണ്ട് സത്യം സത്യമല്ലാതാകില്ലല്ലോ.

**സാമ്പത്തികമായി കുതിക്കുകയാണെന്നവകാശപ്പെടുമ്പോഴും, 2047-ഓടെ ഇന്ത്യയെ ലോകത്തിന്റെ നെറുകയിൽ എത്തിക്കുമെന്ന് ബിജെപിക്ക് വേണ്ടി ധനമന്ത്രി നിർമ്മലാസീതാരാമൻ പാർലമെന്റിൽ പ്രഖ്യാപിക്കുമ്പോഴും, അവശ്യസാധനങ്ങളും മരുന്നുകളും വാങ്ങാൻ നിവൃത്തിയില്ലാതെയും തൊഴിലില്ലാതെയും ജനകോടികൾ നരകിക്കേണ്ടി വരുന്നത് മാനക്കേടല്ലേ. കണക്കുകൾ നിരത്തി സത്യം വിളിച്ച് പറയേണ്ടി വന്ന ഇന്ത്യയിലെ 'ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസ്' ഡയറക്ടർ സ്ഥാനത്ത് നിന്ന് മലയാളിയായ കെ.എസ്.ജയിംസിനെ കേന്ദ്രസർക്കാർ സസ്പെൻഡ് ചെയ്തതുകൊണ്ട് സത്യം സത്യമല്ലാതാകില്ലല്ലോ.**

സത്യസന്ധമായ സർവേഫലങ്ങൾ രാജ്യം എവിടെ എത്തിയിരിക്കുന്നു എന്നും, എവിടേക്ക് പോകുന്നു എന്നുമുള്ള സൂചികയാണ്. ബാക്കി അവകാശാദങ്ങളെല്ലാം കേവലം തെരഞ്ഞെടുപ്പ് കേന്ദ്രീകൃത വായാടിത്തങ്ങളാകാനേ സാധ്യതയുള്ളൂ. 40 ശതമാനം കുടുംബങ്ങൾക്ക് ഇപ്പോഴും പാചകവാതക കണക്ഷൻ ഇല്ലെന്ന കണക്ക്, "ഉജ്വലയോജന" വഴി എല്ലാവർക്കും പാചകവാതകം എത്തിച്ചെന്ന കേന്ദ്രസർക്കാരിന്റെ അവകാശവാദത്തെയാണ് ചോദ്യം ചെയ്തത്. കുട്ടികളിലും സ്ത്രീകളിലും വിളർച്ചാരോഗം വർധിക്കുകയാണെന്നും, പോഷകാഹാരം ലഭ്യമല്ലാതെ കൂടുതൽപേർ മരണപ്പെടുന്നത് ഇന്ത്യയിലാണെന്ന കണക്കുകളും ഞെട്ടിക്കുന്നതാണ്. തൊഴിലില്ലായ്മ, ദാരിദ്ര്യസൂചിക, മാധ്യമ സ്വാതന്ത്ര്യം തുടങ്ങിയ കാര്യങ്ങളിലെല്ലാം ഇന്ത്യ ലോകരാജ്യങ്ങളിൽ നിന്നും ദയനീയമായി പിന്തള്ളപ്പെട്ടെന്ന റിപ്പോർട്ടുകൾ പുറത്തുവന്നു. 2019 ൽ തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ട സർവ്വേഫലം അന്നത്തെ പൊതുതെരഞ്ഞെടുപ്പ് കഴിയുംവരെ ബിജെപി സർക്കാർ പുറത്തു വിടാതിരുന്നതിൽ പ്രതിഷേധിച്ച് ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ അംഗങ്ങൾ കൂട്ടത്തോടെ രാജിവച്ചിരുന്നു. നുണകൾക്ക് മേൽ കെട്ടിപ്പടുക്കുന്ന അധികാരമല്ലാതെ അതുകൊണ്ട് ജനങ്ങളുടെ സുസ്ഥിരഭാവി കെട്ടിപ്പടുക്കാനാകില്ല.●



വർഗീയകലാപം പടർത്തുന്നു



# ഇനിയും തീ പടർത്തുന്നു

**മണിപ്പുരിനെ കൂടാതെ വർഗ്ഗീയ കലാപം ഹരിയാനയിൽ നടക്കുന്നതും ഗ്യാൻ വ്യാപി പള്ളി പൊളിക്കാൻ ആർക്കിയോളജി സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയതും ഏകീകൃത സിവിൽ കോഡിനെ കുറിച്ചുള്ള ചർച്ച അഴിച്ചുവിട്ടതും എല്ലാം വിഭജനരാഷ്ട്രീയത്തിന്റെ ഉദാഹരണമായി ചൂണ്ടി കാണിക്കപ്പെട്ടു. മണിപ്പുരിൽ സുപ്രീംകോടതി ശക്തമായ ഇടപെടലായിരുന്നു നടത്തിയത്. പാർലമെന്റിന്റെ വർഷകാല സമ്മേളനം അവശേഷിക്കുന്ന രാഷ്ട്ര വിഭവങ്ങൾ കൂടി കോർപ്പറേറ്റുകൾക്ക് തീറെഴുതാനുള്ള അവസരമായും ഇതിനെതിരേയുള്ള പ്രതിഷേധത്തെ വർഗ്ഗീയത പടർത്തി പ്രതിരോധിക്കുവാനുമാണ് ബി.ജെ.പി ശ്രമിച്ചത്.**

ജൂലൈ 20 ന് ആരംഭിച്ച് ആഗസ്റ്റ് 11 ന് അവസാനിച്ച പാർലമെന്റിന്റെ വർഷകാല സമ്മേളനം അവശേഷിക്കുന്ന രാഷ്ട്ര വിഭവങ്ങൾ കൂടി കോർപ്പറേറ്റുകൾക്ക് തീറെഴുതാനുള്ള അവസരമായും ഇതിനെതിരേയുള്ള പ്രതിഷേധത്തെ വർഗ്ഗീയത പടർത്തി പ്രതിരോധിക്കുവാനുമാണ് ബി.ജെ.പിയുടെ തീരുമാനം. ഇത് വിളിച്ചുപറയുന്ന ഒന്നായി മാറി കഴിഞ്ഞ മൂന്ന് മാസക്കാലമായി മണിപ്പൂർ വിഷയത്തിൽ പ്രധാനമന്ത്രി മൗനം വെടിഞ്ഞ്



എ.എം.ആരിഫ് എം.പി

പാർലമെന്റിൽ പ്രതികരിക്കണമെന്നായിരുന്നു തുടക്കം മുതൽ പാർലമെന്റിന്റെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ചത്. പ്രധാനമന്ത്രി സദൻ മേം ആവോ എന്ന് വിളിക്കുമ്പോൾ തന്റെ മുറിയിലെ ക്യാബിനിലും ബിജെപി ഓഫീസിലും ഇരുന്ന് അൻപത് വീതം എം.പി മാരെ വിളിച്ചുവരുത്തി 2024 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജയിക്കുവാനുള്ള തന്ത്രങ്ങൾ മെനയുകയായിരുന്നു പ്രധാനമന്ത്രി.

മണിപ്പൂരിലെ സംഭവങ്ങൾ കൂടുതൽ വഷളാക്കാൻ ഇന്ധനം നിറയ്ക്കുന്ന അമിത് ഷായോ പ്രതിരോധ വകുപ്പ് മന്ത്രിയോ മണിപ്പൂർ വിഷയത്തിൽ വേണമെങ്കിൽ പ്രതികരിക്കാം പ്രധാനമന്ത്രി മറുപടി പറയുന്ന പ്രശ്നമില്ല എന്ന ദുശ്ശാഠ്യമായിരുന്നു തുടക്കം മുതൽ. ഇതിനിടയിൽ രണ്ട് സ്ത്രീകളെ നഗ്നരായി നടത്തിക്കൊണ്ട് പോകുന്നതും അവരെ ബലാത്സംഗം ചെയ്ത് കൊന്നതുമെല്ലാം

സമൂഹ മാധ്യമങ്ങളിലൂടെ വാർത്ത വന്നപ്പോൾ ക്രൗരം, ദേഷ്യം, ലജ്ജ എന്നിവയെ പാർലമെന്റിന് വെളിയിൽ മോദി പറഞ്ഞതിനെ ദേശീയ അന്തർദേശീയ മാധ്യമങ്ങൾ മുതലക്കണ്ണീർ എന്ന് കാർട്ടൂൺ സഹിതം വാർത്തകൾ നൽകി. റോമാ സാമ്രാജ്യം കത്തിയെരിഞ്ഞപ്പോൾ വീണ വായിച്ച നീറോ ചക്രവർത്തിയോടാണ് പലരും മോദിയെ ഉപമിച്ചത്.ലോക പ്രശസ്ത ടൈം മാഗസിൻ മുഖചിത്രത്തിൽ മോദിയെ വിഭജനത്തിന്റെ നേതാവ് എന്നാണ് വിശേഷിപ്പിച്ചത്. എന്ത് തന്നെ സംഭവിച്ചാലും പ്രധാനമന്ത്രി പാർലമെന്റിൽ വരികയോ മണിപ്പൂർ വിഷയത്തിൽ ചർച്ച അനുവദിക്കുകയോ ചെയ്യില്ല എന്ന സ്ഥിതി വന്നപ്പോൾ പ്രതിപക്ഷം അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു. അതിന് മറുപടി പറയാനെങ്കിലും പ്രധാനമന്ത്രി വന്നേ പറ്റൂ. അങ്ങനെ രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി പ്രധാനമന്ത്രിയെ സഭയിൽ വരുത്താനായി പ്രതിപക്ഷം ഒറ്റക്കെട്ടായി അവിശ്വാസ പ്രമേയം അവതരിപ്പിച്ചു.

കോൺഗ്രസ് പാർലമെന്ററി പാർട്ടി ഉപ നേതാവ് ഗൗരവ് ഗോഗോയാണ് അവിശ്വാസ പ്രമേയം അവതരിപ്പിച്ചത്. അവിശ്വാസത്തെ പിൻതുണയ്ക്കുന്നവരുടെ എണ്ണം സ്പീക്കർ പരിശോധിച്ച് ഇതിൻമേൽ ചർച്ചയാവാം എന്ന് സ്പീക്കർ പ്രഖ്യാപിച്ചു. ഒരു സർക്കാരിനെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിക്കുവാൻ തീരുമാനിച്ചു കഴിഞ്ഞാൽ കഴിയുന്നത്ര വേഗം അത് ചർച്ച ചെയ്ത് തള്ളുകയോ കൊള്ളുകയോ ചെയ്യുക എന്ന ജനാധിപത്യ മര്യാദയ്ക്ക് പുല്ല് വിലപോലും കൽപ്പിക്കാതെ അവിശ്വാസ പ്രമേയ ചർച്ച ആഗസ്റ്റ് 8,9 തീയതികളിലും മറുപടി ആഗസ്റ്റ് 10ന് എന്നും നിശ്ചയിച്ചു.

ഒരു സർക്കാരിനെതിരെ അവിശ്വാസ പ്രമേയ ചർച്ച തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ നയപരമായ തീരുമാനങ്ങളിലേക്ക് നയിക്കുന്ന ഒന്നും തന്നെ പാർലമെന്റിൽ ചർച്ചയ്ക്കെടുക്കുവാൻ പാടില്ല എന്നാണ് സഭാ നടപടികളുടെ കീഴ്വഴക്കം.ശക്തർ & കൗൾ ഉൾപ്പെടെയുള്ള നീയമവിദഗ്ധരുടെ പ്രാമാണിക രേഖകൾ ഉയർത്തി പ്രതിപക്ഷം ഇത് സ്പീക്കറോടും ഭരണ കക്ഷിയോടും പറഞ്ഞിട്ടും അതെല്ലാം കാറ്റിൽ പറത്തി രാജ്യത്തിന്റെ സംമ്പദ് ഘടനയിലും എല്ലാ വിഭാഗം ജനങ്ങളുടെ ദൈനംദിന ജീവിതത്തിലും ഗുരുതരമായ പ്രത്യഘാതങ്ങൾ ഉണ്ടാക്കുന്നതുമായ 17 ബില്ലുകളാണ് ദോശ ചുട്ടെടുക്കുന്ന ലാഘവത്തോടെ യാതൊരു ചർച്ചയുമില്ലാതെ ഭരണകക്ഷിയുടെ ഭൂരിപക്ഷം ഉപയോഗിച്ച് പാസാക്കിയത്.

ഡൽഹി സംസ്ഥാന ഭരണത്തിന് അവരുടെ ഇഷ്ടപ്രകാരം ജീവനക്കാരുടെ സ്ഥലംമാറ്റം



**പ്രധാനമന്ത്രി പാർലമെന്റിൽ വരികയോ മണിപ്പൂർ വിഷയത്തിൽ ചർച്ച അനുവദിക്കുകയോ ചെയ്യില്ല എന്ന സ്ഥിതി വന്നപ്പോൾ പ്രതിപക്ഷം അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു. അതിന് മറുപടി പറയാനെങ്കിലും പ്രധാനമന്ത്രി വന്നേ പറ്റൂ. അങ്ങനെ രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി പ്രധാനമന്ത്രിയെ സഭയിൽ വരുത്താനായി പ്രതിപക്ഷം ഒറ്റക്കെട്ടായി അവിശ്വാസ പ്രമേയം അവതരിപ്പിച്ചു.**

ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കാനും നീയന്ത്രിക്കാനും അധികാരം ഉണ്ടെന്ന് സുപ്രീം കോടതി വിധി വന്ന് ഒരാഴ്ച കഴിയും മുൻപ് ഈ വിധിയെ മറികടക്കാനായി മെയ് 19 ന് 'ദി ഗവൺമെന്റ് ഓഫ് നാഷണൽ ക്യാപിറ്റൽ ടെറിട്ടറി ഓഫ് ഡൽഹി (അമെന്റ്മെന്റ് ബില്ല് 2023)ഓർഡിനൻസ് കൊണ്ടു വന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 123 പ്രകാരം അത്യസാധാരണസാഹചര്യങ്ങളിൽ മാത്രം പ്രസിഡന്റ് മുഖേന നീയമം നിർമ്മിച്ച് ഓർഡിനൻസ് പുറപ്പെടുവിക്കാവൂ എന്ന് പലവട്ടം സുപ്രീംകോടതി വ്യക്തമാക്കിയിട്ടും അതിനെ മറികടന്ന് വളരെ തിടുക്കത്തിൽ കൊണ്ടുവന്ന ഓർഡിനൻസ് നിയമമാക്കാൻ ബില്ലിൻമേൽ ചർച്ച നടത്തി ബി.ജെ.പിയുടെ അമിതാധികാര



പ്രവണതയെ തുറന്നുകാട്ടാൻ ചർച്ച നടത്തണമെന്ന് പ്രതിപക്ഷം ഒറ്റക്കെട്ടായി തീരുമാനിച്ചിരുന്നു. ഇതുപ്രകാരം ദി ഗവൺമെന്റ് ഓഫ് നാഷണൽ ക്യാപിറ്റൽ ടെറിട്ടറി ഓഫ് ഡൽഹി (അമെന്റ്മെന്റ് 2023)ബില്ലിൻമേൽ ഗൗരവമേറിയ ചർച്ചയാണ് പാർലമെന്റിൽ നടന്നത്. ഡൽഹി സർക്കാരിന് പൂർണ്ണ പദവി ഇല്ലെന്നും അവിടെ നിയമനങ്ങളും സ്ഥലം മാറ്റങ്ങൾക്കും നിയന്ത്രണം വരുത്താൻ അധികാരം കേന്ദ്രത്തിനാണെന്നു സ്ഥാപിച്ചും ജീവനക്കാരുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ ഒരു ബോർഡ് രൂപീകരിച്ച് അതിൽ രണ്ട് ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയും കൂടി ചർച്ച ചെയത് ഭൂരിപക്ഷ പ്രകാരം തീരുമാനിക്കണമെന്നും അതിൽ കേന്ദ്ര സർക്കാർ നോമിനിയായ ഡൽഹി ലഫ്റ്റനന്റ് ഗവർണർ അന്തിമ തീരുമാന അധികാരിയായും നിശ്ചയിച്ചുകൊണ്ടുള്ള ബില്ലായിരുന്നു ഇത്. ഡൽഹിയിലെ നാല് മുനിസിപ്പൽ കോർപ്പറേഷനുകൾ ഒന്നാക്കി അവിടെ അധികാരം പിടിക്കാനുള്ള നിയമനിർമ്മാണം പാർലമെന്റ് നടത്തിയിരുന്നു. ഒന്നാക്കിയിട്ടും അവിടെ ബി.ജെ.പിയ്ക്ക് അധികാരം നിലനിർത്താനായില്ല. ആം ആദ്മി പാർട്ടി ജയിച്ചു കഴിഞ്ഞപ്പോൾ സ്വതന്ത്രമായി മേയറെ തെരഞ്ഞെക്കുവാൻ അനുവദിച്ചില്ല. അവസാനം കോടതി ഇടപെട്ടാണ് മേയർ തെരഞ്ഞെടുപ്പ് നടന്നത്. പ്രധാനമന്ത്രിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് ചോദിച്ചതിന്റെ പേരിൽ മുഖ്യമന്ത്രിയെ പ്രതിയാക്കി കേസ് എടുത്തു. ഇതെല്ലാം പ്രതിപക്ഷം ചൂണ്ടികാട്ടി. തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ നോക്കുകുത്തിയാക്കി വെച്ച് ലെഫ്റ്റനന്റ് ഗവർണറെ ഉപയോഗിച്ച് ജനഹിതം അട്ടിമറിക്കുന്നതിനെ പ്രതിപക്ഷം ചൂണ്ടിക്കാട്ടിയെങ്കിലും ബി.ജെ.പി ഭൂരിപക്ഷം ഉപയോഗിച്ച് ഈ ബില്ലും പാസാക്കി.

സഹകരണ പ്രസ്ഥാനങ്ങൾ പൂർണ്ണമായും സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽ വരുന്നതാണെന്ന് ഭരണഘടനയെ അടിസ്ഥാനമാക്കി സുപ്രീം കോടതി വ്യക്തമാക്കിയതിനെ തുടർന്ന് സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളിൽ ബി.ജെ.പിയ്ക്ക് നുഴഞ്ഞുകയറാനുള്ള ലക്ഷ്യത്തോടെ തയ്യാറാക്കിയ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ബിൽ 2023, കാടും കാട്ടുവിഭവങ്ങളും ആദിവാസികൾക്ക് അവകാശപ്പെട്ടതാണെന്നും കാടിന്റെ ആവാസ വ്യവസ്ഥ സംരക്ഷിച്ചുവേണം വികസന ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ പാടുള്ളു എന്ന നിയമങ്ങളെ അട്ടിമറിച്ച് വികസന ആവശ്യങ്ങൾക്കെന്ന പേരിൽ കോർപ്പറേറ്റുകൾക്കടക്കം കാടു കയ്യേറാൻ അവസരം ഒരുക്കുന്ന ദി ഫോറസ്റ്റ്(കൺസർവേഷൻ)അമെന്റ്മെന്റ് ബിൽ 2023, കാട്ടുവിഭവങ്ങളിലെ ഔഷധ സസ്യവിഭങ്ങൾ കോർപ്പറേറ്റുകൾക്ക് ഏറ്റെടുക്കുവാൻ അനുവദിക്കുന്ന ബയോളജിക്കൽ ഡൈവേഴ്സിറ്റി (അമെന്റ്മെന്റ്) ബിൽ 2023, സ്വകാര്യതയും വിവരാവകാശവും അടക്കമുള്ള നിയമത്തിന് മാറ്റം വരുത്തിയുള്ള ഡിജിറ്റൽ പ്രൊട്ടക്ഷൻ (അമെന്റ്മെന്റ്) ബിൽ 2023, കടൽ ഖനനം കോർപ്പറേറ്റുകൾക്ക് അവസരം നൽകുന്ന മൈനിംഗ് & മിനറൽസ് (ഡവലപ്പ്മെന്റ് & റെഗുലേഷൻ) അമെന്റ്മെന്റ് ബിൽ 2023, കേന്ദ്ര സർക്കാരിന് ഇഷ്ടമില്ലെങ്കിൽ സിനിമ അടക്കം തീയറ്ററിൽ നിന്നും പിൻവലിക്കാൻ അനുവദിക്കുന്ന സിനിമ ഓട്ടോഗ്രാഫ് ( അമെന്റ്മെന്റ് ബിൽ 2023) അടക്കമുള്ള വളരെ പ്രധാനപ്പെട്ട 17 ബില്ലുകളാണ് അപ്പം ചുട്ടെടുക്കുന്നത് പോലെ പാസാക്കി എടുത്തത്.

ഇതിനിടയിൽ രാഹുൽ ഗാന്ധിയെ അയോഗ്യനാക്കിക്കൊണ്ടുള്ള വിധികൾക്ക് സ്റ്റേ അനുവദിച്ചുകൊണ്ട് സുപ്രീം കോടതി വിധി വന്നത് പ്രതിപക്ഷ നിരയിലാകെ ആഹ്ലാദം പടർത്തി. ലക്ഷദ്വീപ് എം.പി മുഹമ്മദ് ഫൈസലിന്റെ അയോഗ്യത നീക്കിയ വിധി വന്നിട്ടും മാസങ്ങൾ ഇട്ട് നടത്തിയത് പോലെ രാഹുൽ ഗാന്ധിയെ പ്രവേശിപ്പിക്കാതിരിക്കാനുള്ള തന്ത്രങ്ങളാണ് ആദ്യ ഘട്ടത്തിൽ മെനഞ്ഞത്. ഇതിനെതിരായി ഉയർന്നുവന്ന പ്രതിഷേധം ശക്തമാകുമെന്ന് കണ്ട് കാലതാമസം കൂടാതെ രാഹുൽഗാന്ധിയെ തിങ്കളാഴ്ച തന്നെ പ്രവേശിപ്പിച്ചു.

ആഗസ്റ്റ് 8-ാം തീയതി മണിപ്പൂരിൻമേലുള്ള ചർച്ച ഉൾപ്പെടെ പ്രതിപക്ഷം അവിശ്വാസ പ്രമേയ ചർച്ച ആരംഭിച്ചു. ആ ദിവസം എങ്കിലും പ്രധാനമന്ത്രി സഭയിൽ വരുവാൻ കൂട്ടാക്കിയില്ല. അപ്പോഴും പ്രതിപക്ഷം പ്രധാനമന്ത്രി സഭയിൽ വരണമെന്ന് മുദ്രാവാക്യം മുഴക്കി കൊണ്ടിരുന്നു. കോൺഗ്രസിനാകട്ടെ രാഹുൽ ഗാന്ധിയാണോ പ്രമേയ അവതാരകൻ ഗൗരവ് ഗോഗോയ് ആണോ ആദ്യം എന്ന സംശയം പ്രകടമായിരുന്നു. തുടർന്ന് ഗൗരവ് ഗൊഗോയ് മണിപ്പൂർ സംഭവങ്ങൾ വിശദീകരിച്ചു എങ്കിലും വേണ്ടത്ര ശക്തി പോരായിരുന്നു എന്ന് അംഗങ്ങൾക്കിടയിൽ സംസാരം ഉണ്ടായി. പിന്നീട് സഭയിൽ സംസാരിച്ച പ്രതിപക്ഷ അംഗങ്ങൾ ആകെ ബി.ജെ.പിയുടെ തനിനിറം വ്യക്തമാക്കുന്ന ചർച്ചകളാണ് നടത്തിയത്. മണിപ്പൂരിനെ കൂടാതെ വർഗ്ഗീയ കലാപം ഹരിയാനയിൽ നടക്കുന്നതും ഗ്യാൻ വ്യാപി പള്ളി പൊളിക്കാൻ ആർക്കിയോളജി സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയതും ഏകീകൃത സിവിൽ കോഡിനെ കുറിച്ചുള്ള ചർച്ച

അഴിച്ചുവിട്ടതും എല്ലാം വിഭജനരാഷ്ട്രീയത്തിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിച്ചു. മണിപ്പൂരിൽ സുപ്രീംകോടതി കേന്ദ്ര-സംസ്ഥാന ഭരണ സംവിധാനത്തെ മറികടന്ന് നടത്തിയ ശക്തമായ ഇടപെടലായിരുന്നു. നാണവും മാനവും അവശേഷിക്കുന്നുവെങ്കിൽ പ്രധാനമന്ത്രി രാജിവെയ്ക്കുകയാണ് വേണ്ടതെന്ന് പ്രതിപക്ഷം പറഞ്ഞു. മണിപ്പൂർ കത്തുമ്പോൾ ഫ്രാൻസിൽ പോയി ലോകസമാധാനത്തെ കുറിച്ച് പ്രസംഗിച്ചത് 'താമസം മൂത്രപ്പുരയിലാണെങ്കിലും ജോലി സുഗന്ധദ്രവ്യവിൽപ്പനയാണെന്ന്' പ്രതിപക്ഷം കളിയാക്കി. പട്ടാളത്തിന്റെയും പോലീസിന്റെയും തോക്കുകൾ തട്ടിയെടുത്ത് ജനങ്ങൾക്കെതിരെ ഉപയോഗിക്കുമ്പോൾ സർക്കാർ ഓഫീസിനു മുൻപിൽ ഒരു ബോക്സ് വച്ചിട്ട് 'ആയുധങ്ങൾ ഇവിടെ നിക്ഷേപിക്കു' എന്ന ബോർഡ് എഴുതിവച്ച സംസ്ഥാന സർക്കാരിന്റെ നടപടി ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ തമാശയാണെന്ന് പ്രതിപക്ഷം ചൂണ്ടികാട്ടി. പ്രതിപക്ഷം മിണ്ടാതിരുന്നില്ലെങ്കിൽ ഇ.ഡി നിങ്ങളുടെ വീടുകളിലെത്തുമെന്ന് മീനാക്ഷി ലേഖി പറഞ്ഞതിനെതിരേയും പ്രതിപക്ഷം ശക്തമായി വിമർശിച്ചു. ഇ.ഡി എന്നാൽ ഇലക്ഷൻ ഡ്യൂട്ടിയായി മാറ്റിയെന്നും എസ്.കെ മിശ്രയെ ആജീവനാന്ത ഇ.ഡി ആയി നിയമിച്ചാലും പ്രതിപക്ഷം ഭയക്കില്ല. കേരളത്തിൽ 9 കേന്ദ്ര അന്വേഷണ ഏജൻസികളെ അഴിച്ചുവിട്ടിട്ടും അവിടത്തെ എൽ.ഡി.എഫ് സർക്കാരിനെ വീണ്ടും അധികാരത്തിലേറ്റിയ അനുഭവവും തമിഴ്നാട്ടിലും ബംഗാളിലും എല്ലാം ഇ.ഡി യുടെ ഇലക്ഷൻ ഡ്യൂട്ടിയും വിശദമായി പ്രതിപക്ഷം പ്രതിപാദിച്ചു.

ഇന്ത്യയെന്ന പ്രതിപക്ഷമുന്നണിയെ കുറിച്ച് പ്രധാനമന്ത്രി ഈസ്റ്റ് ഇന്ത്യ കമ്പനിയുമായും പോപ്പുലർ ഫ്രണ്ട് ഓഫ് ഇന്ത്യയുമായുള്ള താരതമ്യം ചെയ്തതിനെ പ്രതിപക്ഷം കളിയാക്കി. മേക്ക് ഇൻ ഇന്ത്യ, സ്റ്റാൻഡ് അപ്പ് ഇന്ത്യ, സ്റ്റാർട്ട് അപ് ഇന്ത്യ എന്ന മോദിയുടെ മുദ്രാവാക്യങ്ങൾ ഇപ്പോൾ മറന്നതിന് കാരണം അതിൽ ഇന്ത്യ ഉള്ളത് കൊണ്ടാണ്. മെയ്ക്ക് ഇൻ ഇന്ത്യ എന്നത് രണ്ട് ബഡാഭായി മാരായ അദാനിയെയും അംബാനിയെയും ഏൽപ്പിച്ചുകഴിഞ്ഞു. ഇപ്പോൾ മോദി പറയുന്ന 'ക്വിറ്റ് ഇന്ത്യ' എന്ന മുദ്രാവാക്യത്തിന്റെ അർത്ഥം മോദിക്ക് അറിയില്ല. ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്നും നാടുകടത്താൻ വിളിച്ചതായിരുന്നു അത്. ആർ.എസ്.എസ് സ്വാതന്ത്ര്യസമരത്തിന് എതിരായിരുന്നതുകൊണ്ട് മോദിക്കതിന്റെ അർത്ഥം അറിയില്ലയെന്നും പ്രതിപക്ഷം ചൂണ്ടികാട്ടി. 9-ാംതീയതി രാഹുൽഗാന്ധി സഭയെ അഭിസംബോധന ചെയ്തുവെങ്കിലും പ്രതീക്ഷിച്ചത്ര ആക്രമണം ഉണ്ടായിട്ടില്ലായെന്ന് പ്രതിപക്ഷാംഗ

**മോദിയെ സഭയിലെത്തിക്കാനായത് പ്രതിപക്ഷത്തിന്റെ വിജയം തന്നെയായിരുന്നു. 90 മിനിറ്റ് പ്രധാനമന്ത്രി പ്രസംഗിച്ചിട്ടും മണിപ്പൂരിനെ കുറിച്ച് ഒരക്ഷരം മിണ്ടാതിരുന്നതിനാൽ പ്രതിപക്ഷം വാക്കൗട്ട് നടത്തിപുറത്തുപോയി. 90-ാം മിനിറ്റിലും മണിപ്പൂർ വിഷയം മിണ്ടാത്തതിനെ ചോദ്യം ചെയ്ത കോൺഗ്രസ് കക്ഷി നേതാവ് അമീർ രഞ്ജൻ ചൗധരിയെ സസ്പെന്റ് ചെയ്തത് ഇന്ത്യയിൽ ജനാധിപത്യത്തിന്റെ കറുത്ത അദ്ധ്യായമായി.**

ങ്ങൾക്കിടയിൽ സംസാരമായി. ഭരണപക്ഷത്തുനിന്നും അമിത്ഷാ രണ്ട് മണിക്കൂറും മന്ത്രിമാരെല്ലാം പത്ത് മണിക്കൂറും പ്രതിപക്ഷത്തെ ആക്രമിച്ച് സംസാരിച്ചു. ആം ആദ്മി എം.പിയെ ഡൽഹി ബില്ല് വലിച്ചുകീറിയതിന്റെ പേരിൽ സസ്പെന്റ് ചെയ്തു. സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് അവിശ്വാസം പാസ്സാക്കാനായില്ലെങ്കിലും ഇന്ത്യയിലെ ജനങ്ങളുടെ ഭൂരിപക്ഷം ഉപയോഗിച്ച് ബി.ജെ.പിയുടെ ഭരണം മാറ്റുന്നതിനുള്ള യഥാർത്ഥ അവിശ്വാസം അടുത്ത തെരഞ്ഞെടുപ്പിൽ വിജയിക്കുമെന്നും പ്രതിപക്ഷം പറഞ്ഞു. 10-ാം തീയതി വൈകുന്നേരം മോദി രണ്ടര മണിക്കൂർ മറുപടി പറഞ്ഞുകൊണ്ട് പ്രതിപക്ഷത്തെ കടന്നാക്രമിച്ചു. മോദിയെ സഭയിലെത്തിക്കാനായത് പ്രതിപക്ഷത്തിന്റെ വിജയം തന്നെയായിരുന്നു. 90 മിനിറ്റ് പ്രധാനമന്ത്രി പ്രസംഗിച്ചിട്ടും മണിപ്പൂരിനെ കുറിച്ച് ഒരക്ഷരം മിണ്ടാതിരുന്നതിനാൽ പ്രതിപക്ഷം വാക്കൗട്ട് നടത്തിപുറത്തുപോയി. അപ്പോഴും മോദിയുടെ പ്രസംഗം തുടർന്നുകൊണ്ടേയിരുന്നു. 90-ാം മിനിറ്റിലും മണിപ്പൂർ വിഷയം മിണ്ടാത്തതിനെ ചോദ്യം ചെയ്ത കോൺഗ്രസ് കക്ഷി നേതാവ് അമീർ രഞ്ജൻ ചൗധരിയെ സസ്പെന്റ് ചെയ്തത് ഇന്ത്യയിൽ ജനാധിപത്യത്തിന്റെ കറുത്ത അദ്ധ്യായമായി പ്രതിപക്ഷം വിളിച്ചുപറഞ്ഞു. ഇതോടെ പ്രതിപക്ഷത്തിന്റെ അഭാവത്തിൽ സി.ആർ.പി.സി, തെളിവ് നിയമം എല്ലാം മാറ്റംവരുത്താനും അതിന്റെ പേര് ഹിന്ദിയിലാക്കാനുമുള്ള നിയമം നിർമ്മിക്കാനുള്ള ബില്ലുകൾ കൂടി അമിത്ഷാ തിടുക്കത്തിൽ അവതരിപ്പിച്ച് സമ്മേളനം പ്രതിപക്ഷ അഭാവത്തിൽ തൽക്കാലത്തേക്ക് അവസാനിപ്പിച്ചു.•



# ഐഎൽഒയുടെ 111-ാമത് അന്താരാഷ്ട്ര തൊഴിൽ സമ്മേളനം




എല്ലാ വർഷവും ജൂൺ മാസത്തിൽ സ്വിറ്റ്സർലന്റിലെ ജനീവയിൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ അന്താരാഷ്ട്ര ലേബർ കോൺഫറൻസ് നടന്നു വരുന്നു. ഈ വർഷം ILOയുടെ 111-ാമത് ഇന്റർനാഷണൽ ലേബർ കോൺഫറൻസ് 2023 ജൂൺ 5 മുതൽ 16 വരെ സ്വിറ്റ്സർലന്റിലെ ജനീവയിൽ നടന്നു. ഐഎൽഒയുടെ 187 അംഗ രാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളികളും തൊഴിലുടമകളും ഗവൺമെന്റ് പ്രതിനിധികളും പങ്കെടുത്ത കോൺഫറൻസിൽ ജസ്റ്റ് ട്രാൻസിഷൻ (Jtsu Transition) ഉൾപ്പെടെ സുസ്ഥിരവും, എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമ്പദ്‌വ്യവസ്ഥ, ഗുണനിലവാരമുള്ള അപ്രന്റീസ്ഷിപ്പുകൾ, തൊഴിൽ സംരക്ഷണം എന്നിങ്ങനെ നിരവധി പ്രശ്നങ്ങളെ അഭിസംബോധന ചെയ്തു. ഇന്ത്യൻ പ്രതിനിധി സംഘത്തിൽ വർക്കേഴ്സ് ഗ്രൂപ്പിൽ നിന്നുള്ള 15 അംഗങ്ങൾ ഉൾപ്പെടെ 30 അംഗങ്ങൾ ഉണ്ടായിരുന്നു. സിഐടിയുവിനെ പ്രതിനിധീകരിച്ചു ദേശീയ സെക്രട്ടറിമാരായ അമിതാവ ഗുഹയും ദീപ കെ.രാജനും പങ്കെടുത്തു. തൊഴിൽ സെക്രട്ടറി ആരതി അഹൂജയും പങ്കെടുത്തു.

ജൂൺ 4ന് രാവിലെ 11.00ന് ILO സമുച്ചയത്തിൽ WFTUന്റെ ഒരു അനൗപചാരിക യോഗം ഉണ്ടായിരുന്നു. അഫിലിയേറ്റ് ചെയ്ത യൂണിയനുകളായ CITU, AITUC, AICCTU, AIUTUC & UTUC പ്രതിനിധികൾ ആ യോഗത്തിൽ പങ്കെടുത്തു.

ഗവേണിംഗ് ബോഡി ചെയർപേഴ്സൺ ക്ലോഡിയ ഫ്യൂന്റസ് Fuentus ജൂലിയോ കോൺഫറൻസിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു. ഖത്തറിലെ തൊഴിൽ മന്ത്രി അലി ബിൻ സമിത് അൽമാരിയെ 111-ാമത് ഐഎൽസിയുടെ പ്രസിഡന്റായി തിരഞ്ഞെടുത്തു. തുടർന്ന് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഉദ്ഘാടന സമ്മേളനം നടത്തുകയും സമ്മേളനത്തിന്റെ നടത്തിപ്പിനും കമ്മിറ്റികളുടെ രൂപീകരണത്തിനുമുള്ള പ്രവർത്തന ക്രമീകരണങ്ങളും അംഗീകരിച്ചു.



**ദീപ കെ.രാജൻ**

ILO ഡയറക്ടർ ജനറൽ ഗിൽബർട്ട് എഫ്. ഹൂങ്ബോ സമ്മേളനത്തെ അഭിസംബോധന ചെയ്തു. ഇന്നത്തെ തൊഴിൽ വിപണിയുടെ യഥാർത്ഥ ചിത്രം അദ്ദേഹം വിശദീകരിച്ചു. ഏറെ ചലനാത്മകവും സവിശേഷതകളുമുള്ള മികച്ച പരിശീലനം ലഭിച്ചതുമായ യുവതീയുവാക്കൾ നിറഞ്ഞ ഇന്നത്തെ തൊഴിൽ വിപണിയിൽ പക്ഷെ, അഞ്ചിൽ ഒരു ചെറുപ്പക്കാരൻ തൊഴിൽ രഹിതനും ഒപ്പം, വിദ്യാഭ്യാസപരിശീലന സംവിധാനത്തിന് പുറത്തുമാണ്. അനൗപചാരിക സമ്പദ്‌വ്യവസ്ഥയുടെ പ്രശ്നത്തിൽ ഇത് വിശാലവും എന്നാൽ പ്രതികൂലവുമായ സ്വാധീനം ചെലുത്തുന്നു. വേതനത്തിലെ മൊത്തത്തിലുള്ള വർദ്ധന വിലയിലെ വർദ്ധനവിനേക്കാൾ വളരെ താഴെയായി തുടരുന്നു. അങ്ങനെ വാങ്ങൽ ശേഷി, പ്രത്യേകിച്ച് ഏറ്റവും ദുർബലരായ ആളു



കൾക്ക്, ഏതാണ്ട് സ്ഥിരമായ താഴ്ന്ന നിലയിൽ നിൽക്കുന്നു. ലോക സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിലനിൽക്കുന്ന അസമത്വങ്ങളുടെ അസംബന്ധം ചൂണ്ടിക്കാണിക്കാൻ അദ്ദേഹം മടിച്ചില്ല നിലവിൽ 4 ബില്യൺ വരുന്ന നമ്മുടെ സഹ പൗരന്മാർക്ക് സാമൂഹിക പരിരക്ഷയില്ല. 214 ദശലക്ഷം തൊഴിലാളികൾക്ക് ദാരിദ്ര്യത്തിന്റെ പരിധിക്ക് താഴെയാണ് വരുമാനം. കൂടാതെ സ്ത്രീകളുടെ, ശരാശരി വരുമാനം, അവരുടെ പുരുഷ സഹപ്രവർത്തകരേക്കാൾ മണിക്കൂറിൽ 20% കുറവാണ്. എല്ലാവരുടെയും സാമൂഹ്യനീതിയുടെ ആവശ്യകത ആവർത്തിച്ചു കൊണ്ട് ഡിജി പറഞ്ഞത്, അത് നമ്മുടെ സംഘടനയുടെ ILO യുടെ, അടിസ്ഥാന ശിലയും നീതീകരണവുമാണ്, അതോടൊപ്പം യുഎന്നിന്റെ രൂപീകരണ ഉദ്ദേശത്തെ കൂടി അടിവരയിടുന്നതാണ്. കഠിനമായ തൊഴിൽ വിപണി സാഹചര്യങ്ങൾ, ഉയർന്ന തൊഴിലില്ലായ്മ, അധിനിവേശ അറബ് പ്രദേശങ്ങളിൽ, പ്രത്യേകിച്ച് ഗാസയിലെ, 59 മുതൽ 65% വരെ വർദ്ധിച്ച ദാരിദ്ര്യനിരക്ക് സ്ഥിരീകരിച്ചു കൊണ്ടും, ഒപ്പം പലസ്തീൻ അതോറിറ്റിക്കും പലസ്തീനിലെ തൊഴിലാളികൾക്കും തൊഴിലുടമകൾക്കും ILO അതിന്റെ സാങ്കേതിക സഹായം നൽകുന്നത് തുടരുന്നതിനെക്കുറിച്ചുള്ള തന്റെ റിപ്പോർട്ടിലെ ഉള്ളടക്കം ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു.

വർക്കേഴ്സ് ഗ്രൂപ്പ് മീറ്റിംഗുകളും അതിനുശേഷം ത്രികക്ഷിയോഗവും നടന്നു.അമിതാവ ഗുഹ ലേബർ പ്രൊട്ടക്ഷൻ (സിഡിആർ) കമ്മിറ്റിയിലും ഞാൻ ജസ്റ്റ് ട്രാൻസിഷൻ (സിഡിജി) കമ്മിറ്റിയിലും പങ്കെടുത്തു. സിഐടിയുവിന്റെ വീക്ഷണം ഊട്ടിയുറപ്പിക്കുന്ന ചർച്ചകളിൽ ഞങ്ങൾ സജീവമായി പങ്കെടുത്തു.

ജൂൺ 13-ന് WFTU, തൊഴിലാളി പ്രസ്ഥാനത്തിന്റെ നിലവിലെ മുൻഗണനകളെക്കുറിച്ചും ILO യുടെ പങ്കിനെക്കുറിച്ചും ഒരു മീറ്റിംഗ് നടത്തി. WFTU പ്രസിഡന്റ് Mzwandile Makwaiba, ഓണററി പ്രസിഡന്റ് ജോർജ്ജ് Mavricos എന്നിവർ യോഗത്തിൽ പങ്കെടുത്തു. ലോകമെമ്പാടുമുള്ള തൊഴിലാളികൾ നേരിടുന്ന വിവിധ പ്രതിസന്ധികൾ, ചൂഷണം, ഇരയാക്കൽ തുടങ്ങിയവ യോഗം ചർച്ച ചെയ്തു. 2023 ജൂൺ 16 തീയതിയിലെ സമാപന യോഗത്തിൽ അതത് പ്രതിനിധികളുടെ പങ്കാളിത്തം സംബന്ധിച്ച് ട്രേഡ് യൂണിയനുകളുടെ ജനാധിപത്യ അവകാശങ്ങളിൽ ഇന്ത്യാ ഗവൺമെന്റ് ഇടപെട്ടതിന് ILO ക്രെഡൻഷ്യൽ കമ്മിറ്റി നിശിതമായി വിമർശിച്ചു. വിവിധ ഗ്രൂപ്പുകളുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റികളുടെ റിപ്പോർട്ടുകളും 202425 വർഷത്തേക്കുള്ള ധനകാര്യ സമിതിയുടെ ബജറ്റും പാസാക്കിയതിന് ശേഷം ജൂൺ 16-ന് സമ്മേളനം പര്യവസാനിച്ചതായി പ്രഖ്യാപിച്ചു. അന്തർദേശീയ തലത്തിലെ ആദ്യ കോൺഫെറൻസെന്ന നിലയിലും, അതോടൊപ്പം, തൊഴിലിന്റെയും അനുബന്ധ ഘടകങ്ങളുടെയും ആഗോള തലത്തിലെ യോഗമായ ILC-യിൽ പങ്കെടുക്കാൻ കഴിഞ്ഞത് ഏറ്റവും മികച്ച അനുഭവങ്ങളിലൊന്നായിരുന്നു.

WFTU മീറ്റിംഗുകൾ: ജൂൺ 4, ഞായറാഴ്ച ILO കെട്ടിടത്തിൽ WFTU അഫിലിയേറ്റുകളുടെ ഒരു അനൗപചാരിക മീറ്റിംഗ് ഉണ്ടായിരുന്നു. അഫിലിയേറ്റഡ് യൂണിയനുകൾ യോഗത്തിൽ പങ്കെടുത്തു. CITU, AITUC, AICCTU, AIUTUC & UTUC. പിന്നീട് WFTU യുടെ രണ്ട് യോഗങ്ങൾ കൂടി നടന്നു. സിഐടിയു നിരവധി വിഷയങ്ങൾ ചർച്ചയ്ക്കായി ഉന്നയിച്ചു. ഐടിയുസിയുടെ പ്രവർത്തനങ്ങളെ വ്യവസ്ഥാപിതമായി തുറന്നുകാട്ടാൻ ഡബ്ല്യുഎഫ്ടിയു ആസൂത്രണം ചെയ്യണമെന്ന് നിർദ്ദേശിച്ചു. എല്ലാ കമ്മിറ്റികളിലും ITUC-യുടെ മാത്രം പ്രാതിനിധ്യം WFTU നിന്നുള്ള ചിലരെ ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തുന്നതിന് ILO ഗവേണിംഗ് കമ്മിറ്റിയുമായി WFTU ചർച്ച ചെയ്യണം എന്ന നിർദ്ദേശവും ഉയർന്നു വന്നു. ജൂൺ 13ന് WFTU തൊഴിലാളി പ്രസ്ഥാനത്തിന്റെ നിലവിലെ മുൻഗണനകളെയും ILO യുടെ പങ്കിനെയും കുറിച്ച് ഒരു മീറ്റിംഗ് നടത്തി. WFTU പ്രസിഡന്റ് Mzwandile Makwaiba, ഓണററി പ്രസിഡന്റ് ജോർജ്ജ് മാവ്രിക്കോസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. ലോകമെമ്പാടുമുള്ള തൊഴിലാളികൾ നേരിടുന്ന വിവിധ ഉപരോധ പ്രതിസന്ധികൾ, ചൂഷണം, ഇരയാക്കൽ തുടങ്ങിയവ യോഗം ചർച്ച ചെയ്തു. ജൂൺ 12ന് WFTU അഫിലിയേറ്റുകളുടെയും സുഹൃത്തുക്കളുടെയും അനൗപചാരിക സെഷൻ നടത്തി. ഈ സമ്മേളനത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഖത്തർ തൊഴിൽ മന്ത്രിയുടെ തെരഞ്ഞെടുപ്പിനെ ഈ യോഗത്തിൽ എല്ലാ ഇടത് ട്രേഡ് യൂണിയനുകളും പ്രത്യേകിച്ച് സിഐടിയു വിമർശിച്ചു. WFTU ജനറൽ സെക്രട്ടറി പാംപിസ് കൈരിറ്റ്സിസ് യോഗത്തിൽ പങ്കെടുത്തു. ജൂൺ 12ന് പ്ലീനറിയിലും അദ്ദേഹം സംസാരിച്ചു. തന്റെ പ്രസംഗത്തിൽ ഫലസ്തീനിലെ ജനങ്ങൾക്കെതിരെ യുഎസ് നാറ്റോ ഇയു ഇസ്രായേൽ നടത്തുന്ന കുറ്റകൃത്യങ്ങൾ, ക്യൂബയ്ക്കെതിരായ ഉപരോധം, ഫ്രാൻസ്, തുർക്കി, പെറു, യുഎസ്എ, കസാഖിസ്ഥാൻ എന്നിവിടങ്ങളിൽ സമരം ചെയ്യുന്ന ട്രേഡ് യൂണിയനുകൾക്കെതിരായ പീഡനങ്ങളും ആക്രമണങ്ങളും, ബ്രിട്ടനിലും ഫ്രാൻസിലും മറ്റിടങ്ങളിലും പണിമുടക്കാനുള്ള അവകാശം അടിച്ചമർത്തുന്നതും പാമ്പിസ് അപലപിച്ചു. •


സാമ്പത്തികാവശ്യങ്ങൾ
ഏതുമാകട്ടെ ഒപ്പം ഞങ്ങളുണ്ട്
www.mayyanadrcbank | mrcbmailbox@gmail.com
THE MAYYANAD REGIONAL CO-OPERATIVE BANK Ltd. No. 94
വിവിധതരം വായ്പകൾ
സ്വർണ്ണപണയത്തിന്
കുറഞ്ഞപലിശ
കൂടുതൽ തുക
വേഗതയാർന്ന സേവനം
വായ്പ തിരിച്ചടയ്ക്കുന്ന
ദിവസം വരെ മാത്രം
പലിശ കണക്കാക്കുന്നു
എല്ലാവിധ
ആധുനിക ബാങ്കിംഗ്
സേവനങ്ങളും ലഭ്യമാണ്
സൂപ്പർഗ്രേഡ് ക്ലാസ്സ് 1 ബാങ്ക്
Mayyanad. P.O., Kollam-691303
Phone. 0474 2555265, 2555350
Branches
Eravipuram. 0474 2726226 | Kottiyam 0474 2533353
Thattamala. 0474 2723265 | Mukkam 0474 2555032
Chakirikkada. 0474 2727275
മത്സ്യഫെഡ് ഫിഷ് മാർട്ട്
കൊട്ടിയം 98952 90800
നീതി സ്റ്റോർ മയ്യനാട് 0474 255 5264
നീതി മെഡിക്കൽസ് മയ്യനാട് 0474 255 5264
നീതി മെഡിക്കൽസ് കൊട്ടിയം 0474 253 0253
പ്രസിഡന്റ്
എ. മാധവൻപിള്ള
ചീഫ് എക്സിക്യൂട്ടീവ്
കെ.ബി.വേണുഗോപാലൻ ആചാരി


5%*
അഡ്വാൻസ് ബുക്കിംഗ്
2.5%*
മുതൽ പണിക്കൂലിയിൽ സ്വർണ്ണാഭരണങ്ങൾ
BHIMA JEWELLERS
GOLD • DIAMONDS • SILVER • PLATINUM
TRIVANDRUM 8547772777
/bhimajewellery | www.bhimajewellery.com

സഹകരണവിരുദ്ധമായ ആക്ട്

# മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്

**2002-ലെ മൾട്ടിസ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിനെ ജനദ്രോഹകരവും സഹകരണവിരുദ്ധവുമായി പരുവപ്പെടുത്തിയാണ് 2023-ലെ ഭേദഗതി പാർലമെന്റ് പാസാക്കിയത്. സഹകരണമേഖലയുടെ പതനത്തിനു വഴിയൊരുക്കുന്ന ഒരു കരിനിയമമാണിത്. ഭരണഘടനയുടെ അന്തസ്സത്ത ചോദ്യം ചെയ്തുകൊണ്ടാണ് ഈ നിയമനിർമാണം. ആക്ടിൽ സെക്ഷൻ 17, 22 എന്നിവ ഭരണഘടനയെ മറികടക്കും വിധമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.**



എൻ.കെ. രാമചന്ദ്രൻ (ജനറൽ സെക്രട്ടറി, കേരള കോഓപ്പറേറ്റീവ് എംപ്ലോ. യൂണിയൻ)

രാജ്യത്തെ സഹകരണമേഖലയുടെ പതനത്തിനു വഴിയൊരുക്കുന്ന ഒരു കരിനിയമം കൂടി പാർലമെന്റ്പാസാക്കിയിരിക്കുന്നു. 2002-ലെ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിനെ ജനദ്രോഹകരവും സഹകരണവിരുദ്ധവുമായി പരുവപ്പെടുത്തിയാണ് 2023-ലെ ഭേദഗതി ഈ ജൂലൈ മാസത്തിൽ പാർലമെന്റ് പാസാക്കിയത്.

കർഷകർ, വനവാസികൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, വനിതകൾ തുടങ്ങിയവർക്കൊക്കെ പ്രയോജനപ്പെടുംവിധമുള്ള ഒരു സംവിധാനമായിട്ടായിരുന്നു ഇവിടെ മൾട്ടി സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് വിഭാവനം ചെയ്തിരുന്നത്. ഉദാഹരണമായി ക്രിഷക് ഭാരതി കോഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന ക്രിഭ്കോ തന്നെയെടുക്കാം. കർഷകസമൂഹത്തിനുവേണ്ട രാസവള ഉല്പാദനമേഖലയിലെ സ്തുത്യർഹമായ പ്രവർത്തനത്തിലൂടെയാണ് അവ രാജ്യത്തിന്റെ പ്രശംസ പിടിച്ചു പറ്റിയിരിയ്ക്കുന്നത്.

വിവിധ സംസ്ഥാനങ്ങളിൽ ഉൽപ്പാദന വിതരണ ശൃംഖലകളോടുകൂടി അതതു സംസ്ഥാനങ്ങളിലെ സഹകരണ സ്ഥാപനങ്ങളോട് തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്നവയായിരുന്നു മൾട്ടിസ്റ്റേറ്റ് കോഓപ്പറേറ്റീവുകൾ. 1984ലെ മൾട്ടിസ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അനുസരിച്ച് രൂപീകൃതമായ ട്രൈഫെഡ് ഏതാണ്ട് 33 ലക്ഷം വരുന്ന ആദിവാസിമേഖലയിലെ കരകൗശല വിദഗ്ധരുടെ അത്താണിയായി ഇന്നും പ്രവർത്തിച്ചുവരുന്നു. 114 ഔട്ട്ലെറ്റുകളിലൂടെ ഒരു ലക്ഷം ഉൽപ്പന്നങ്ങൾ വിറ്റഴിയ്ക്കുന്ന ഈ സഹകരണ സ്ഥാപനം അന്തർദേശീയ അംഗീകാരം നിരവധി തവണ നേടിയിട്ടുണ്ട്.

ഇവയുടെയൊക്കെ ആത്യന്തിക ലക്ഷ്യം രാഷ്ട്ര വികസനവും ജനനന്മയുമാണെന്നിരിക്കെ ചില നിഗൂഢമായ അജണ്ടകളുമായി സംഘപരിവാർ രചിച്ച വിനാശത്തിന്റെ തിരക്കഥയാണിപ്പോൾ ഇന്ത്യൻ സഹകരണമേഖലയെ തകർക്കുന്നത്. പൂർവികർ എന്തുദ്ദേശിച്ചുവോ അതിനു കടകവിരുദ്ധമാണ് ഇപ്പോൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. അതിന് കരുത്തുപകരാനും നിയമപാലന സംവിധാനത്തിന്റെ കണ്ണിൽ പൊടിയിടുവാനുമാണ് പുതിയ ഭേദഗതി കൊണ്ടുവന്നതും തന്ത്രപരമായി പാസാക്കിയതും.

ഇന്തോ-പാക് വിഭജനത്തിനുമുമ്പ് ബ്രിട്ടീഷ് ഇന്ത്യയിൽ 584 നാട്ടുരാജ്യങ്ങളായിരുന്നു നിലവിലുണ്ടായിരുന്നത്. ഇവയെ 17 പ്രവിശ്യകളുടെ കീഴിലായിരുന്നു വിന്യസിച്ചത്. കേരളം മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്നു. ഈ പ്രവിശ്യയുടെ ചുമതലക്കാരനായിരുന്ന ഫ്രെഡറിക് നിക്കോൾസൺ ആണ് 1904-ലെ പ്രഥമ ഇന്ത്യൻ സഹകരണ നിയമത്തിന്റെ സൂത്രധാരനായി മാറിയത്. കർഷകരുടെയും സാധാരണക്കാരുടെയും ആശ്രയമായി മാറിയ സഹകരണ പ്രസ്ഥാനം വ്യാപക



മായതോടെ അതിന്റെ പ്രാധാന്യവും ശക്തിയും കണ്ടറിഞ്ഞാണ് ഇത്തരമൊരു ദേശീയ നിയമത്തിന് കൊളോണിയൽ സർക്കാർ അന്ന് രൂപം കൊടുത്തത്. ഓരോ പ്രവിശ്യയ്ക്കും സ്വതന്ത്രമായി സഹകരണ നയം രൂപീകരിക്കാനും നടപ്പാക്കാനും സ്വാതന്ത്ര്യമുള്ള നിലപാടായിരുന്നു വെള്ളക്കാരുടെ സഹകരണനിയമവും വിഭാവനം ചെയ്തത്.

1919 ലെ മൊണ്ടേഗു ചെംസ്ഫോർഡ് പരിഷ്കരണത്തിലൂടെ കൊളോണിയൽ ഇന്ത്യയിലെ പ്രവിശ്യാഭരണത്തിലെ വിഷയങ്ങളെ രണ്ടായി തരംതിരിച്ചു. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളിലെയും ഭരണവിഷയങ്ങൾക്ക് വ്യക്തത കൈവരുകയും കേന്ദ്രത്തിന്റെ നിയന്ത്രണം സുദൃഢമാക്കുകയുമായിരുന്നു ഇതിലൂടെ ബ്രിട്ടീഷുകാർ ലക്ഷ്യമിട്ടത്. അക്കാലം മുതൽ സഹകരണ പ്രസ്ഥാനത്തെ സംസ്ഥാന വിഷയമായിത്തന്നെ നിലനിർത്തുകയായിരുന്നു. കൃഷിക്കും, കാർഷികാധിഷ്ഠിത വ്യവസായത്തിനും (ചണം, പരുത്തി, നീലം, പഞ്ചസാര, എണ്ണക്കുരുക്കൾ തുടങ്ങിയവ ഉദാഹരണം) പ്രാമുഖ്യമുണ്ടായിരുന്ന അക്കാലത്ത് കൃഷിയിടങ്ങളുടെ വ്യാപനം സംസ്ഥാനങ്ങൾക്കുമപ്പുറത്തേക്കായിരുന്നു. തന്മൂലം കാർഷിക വായ്പകൾക്കും മറ്റുമായി കർഷകർക്ക് ഏത് പ്രവിശ്യയിലെ സ്ഥാപനങ്ങളെ സമീപിക്കണം എന്നതിൽ ആശയക്കുഴപ്പം ഉണ്ടാവുകയും ഇതിനു പരിഹാരം കാണാൻ പ്രവിശ്യാ ഭരണാധികാരികളുടെ യോഗം സ്റ്റേറ്റ് സെക്രട്ടറി ലിയോ അമേറി 1940ൽ വിളിച്ചുകൂട്ടുകയും തുടർന്നുനടന്ന ചർച്ചകളുടെയും നിയമനിർമാണങ്ങളുടെയും പരിണത ഫലമായിട്ടാണ് 1942ലെ ആറാമതു ആക്റ്റായി മൾട്ടി യൂണിറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് അഥവാ ഫെഡറൽ കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പാസായത്. ഇതിൻപ്രകാരം ഫെഡറൽ രജിസ്ട്രാർക്കു കീഴിൽ ഇത്തരം സംഘങ്ങൾ രജിസ്ട്രേഷൻ തേടണം. ഏത് പ്രവിശ്യയിലാണോ സ്ഥാപനത്തിന്റെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത്, അവിടെയും ഏതു പ്രവിശ്യകളിലാണ് ശാഖകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്, അവിടെയും ഉള്ള സഹകരണ രജിസ്ട്രാർമാർക്ക് സംഘം ബൈലാ ഉൾപ്പെടെയുള്ളവ സമർപ്പിക്കണം. അവർക്ക് വേണമെങ്കിൽ ഇൻസ്പെക്ഷനും ആഡിറ്റും നടത്തുവാനുമാകും. 1912ലെ ദേശീയ സഹകരണ നിയമത്തിനു വിധേയമായിട്ടായിരിക്കും ഈ നിയമവും നടപ്പാക്കുന്നത്.

ഈ നിയമത്തിൽ മാറ്റങ്ങൾ വരുത്തിയാണ് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മൾട്ടിസ്റ്റേറ്റ് സഹകരണ നിയമം 1984-ൽ കൊണ്ടുവന്നത് ഇതിൻ പ്രകാരം സമാരംഭിച്ച സഹകരണ സ്ഥാപനങ്ങളെപ്പറ്റി തുടക്കത്തിൽ സൂചിപ്പിച്ചിരുന്നുവല്ലോ. പിന്നീട് 2002-ലും 2022-ലും മാറ്റങ്ങൾ വരുത്തിയ നിയമമാണിപ്പോൾ ജനാധിപത്യത്തെ കാറ്റിൽ പറത്തിക്കൊണ്ട് നിലവിൽ വരുന്നത്. ഇനി ഈ നിയമം വരും മുമ്പ് കേന്ദ്ര സഹകരണ വകുപ്പ് മന്ത്രി 2022 ഡിസംബർ മാസം 15-ന് ഇന്ത്യൻ പാർലമെന്റിൽ രേഖാമൂലം സമർപ്പിച്ചത് ഞെട്ടിപ്പിക്കുന്ന വിവരമായിരുന്നു. രാജ്യത്തെ 71 മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ ലിക്വിഡേറ്റു ചെയ്തതായിരുന്നു ആ വാർത്ത. രാജസ്ഥാൻ, മഹാരാഷ്ട്ര, ഡൽഹി, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിലെ തകർന്നടിഞ്ഞ മൾട്ടി സ്റ്റേറ്റ് സംഘങ്ങൾ ലക്ഷക്കണക്കിനു നിക്ഷേപകരിൽ നിന്നായി പിരിച്ചെടുത്ത കോടിക്കണക്കിനു രൂപ അവർക്ക് നഷ്ടപ്പെട്ടു. ഇതു സംബന്ധിച്ച ആർബിട്രേഷൻ കേസുകൾ അനിശ്ചിതത്വത്തിലാണ്. ഇവ വരുത്തിവെച്ച ബാധ്യത തീർക്കാൻ തങ്ങൾക്കാവില്ലെന്നു പറഞ്ഞ് ഇത്തരം സംഘങ്ങളുടെ തലതൊട്ടപ്പന്മാരായ കേന്ദ്രം മാന്യമായി കൈകഴുകുകയും ചെയ്തു. കേന്ദ്രത്തിന്റെ അംഗീകാരമുണ്ടെന്ന പ്രചാരണത്തിലൂടെ സാധാരണക്കാരെ വഞ്ചിച്ച് 40,000 കോടിയിലേറെ സമാഹരിച്ചവർ സംഘപരിവാർ പാളയത്തിൽ സുഖമായി കഴിയുന്നുണ്ട്. കോൺഗ്രസ്സും ഇതിനെതിരെ കാര്യമായ പ്രതിഷേധങ്ങൾ ഉയർത്തുന്നില്ല എന്നതിന്റെ പിന്നിലെ ദുരൂഹത എന്താവും?

വളരെ തന്ത്രപൂർവ്വമാണ് ഇവിടെ ബില്ല് തയ്യാറാക്കിയത്. ഇന്ത്യൻ സ്റ്റാമ്പ് ആക്റ്റ് (1890), റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ആക്റ്റ് (1934), സെൻട്രൽ എക്സൈസ് ആക്റ്റ് (1944), ഇൻഡസ്ട്രീസ് (ഡെവലപ്മെന്റ് ആൻഡ് റഗുലേഷൻസ്) ആക്റ്റ് (1951), പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ ആക്റ്റ് (1954), എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്റ്റ് (1955), സെക്യൂരിറ്റീസ് കോൺട്രാക്റ്റ് (റഗുലേഷൻസ്) ആക്റ്റ് (1956), വെൽത്ത് ടാക്സ് ആക്റ്റ് (1957), കസ്റ്റംസ് ആക്റ്റ് (1962), പ്രൈസ് ചിറ്റ്സ് ആൻഡ്

**വിത്തെടുത്തു കുത്തുന്നതിനു സമമാണ് സഹകരണസ്ഥാപനങ്ങളെ മൾട്ടിസ്റ്റേറ്റുകളിലേക്കു സംക്രമിപ്പിക്കുന്നതിലൂടെ സംഭവിക്കാൻ പോകുന്നത്. കുളിപ്പിച്ചു കുളിപ്പിച്ച് കൊച്ചില്ലാതാവുന്ന സ്ഥിതി വിശേഷമാണ് സഹകരണ പരിഷ്കാരങ്ങളുടെ പ്രത്യാഘാതം. യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞ് സഹകാരികളും ജനങ്ങളും ശക്തമായി പ്രതികരിക്കേണ്ട സമയമാണിത്. സംഘടനകൾ നിയമപോരാട്ടവുമായി രംഗത്തിറങ്ങിയേ മതിയാവൂ.**



## സഹകരണവിരുദ്ധമായ ആക്ട്

മണി സർക്കുലേഷൻ (ബാനിങ്ങ്) ആക്റ്റ് (1978), സിക്ക് ഇൻഡസ്ടീയൽ കമ്പനീസ് (സ്പെഷ്യൽ പ്രൊവിഷൻസ്) ആക്റ്റ് 1985, സെക്യൂരിറ്റി എക്സ്ചേഞ്ച് ബ്യൂറോ ഓഫ് ഇന്ത്യാ ആക്റ്റ് (1992), ഫോറിൻ ട്രേഡ് (ഡവലപ്മെന്റ് ആൻഡ് റഗുലേഷൻസ്) ആക്റ്റ് (1992), ഫോറിൻ എക്സ്ചേഞ്ച് (മാനേജ്മെന്റ് ആക്റ്റ് (1999), കോമ്പറ്റീഷൻസ് ആക്റ്റ് (2021), പ്രിവൻഷൻ ഓഫ് മണി ലോണ്ടറിങ്ങ് ആക്റ്റ് (2002), കമ്പനീസ് ആക്റ്റ് 2013 തുടങ്ങിയ 17 ആക്റ്റുകളെ കൂടി ബന്ധിപ്പിച്ച് തയ്യാറാക്കി അവതരിപ്പിച്ച ഈ നിയമം നിയമവിദഗ്ധരെയും ധനകാര്യ വിദഗ്ധരെയും തൃപ്തിപ്പെടുത്തുവാനുള്ള ഞൊടുക്കുവിദ്യമാത്രമാണ്. 2012-ൽ 97-ാം ഭരണഘടനാ ഭേദഗതിയിലൂടെ സഹകരണ സ്ഥാപനങ്ങളിലേക്ക് കടന്നുകയറാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമത്തെ സുപ്രീംകോടതി ചവറ്റുകുട്ടയിലെറിഞ്ഞ അവസ്ഥ ഇനിയുമുണ്ടാകാതിരിക്കുവാനാണ് കണ്ണിൽക്കണ്ട നിയമങ്ങളെയൊക്കെ കൂട്ടുപിടിച്ചിരിക്കുന്നത്.

രാജ്യത്തിന്റെ ഫിനാൻഷ്യൽ കൺട്രോളർ, റഗുലേറ്റർ, ബൂസ്റ്റർ, പാസിഫയർ ഇവയൊക്കെ സെൻട്രൽ ബാങ്കായ റിസർവ് ബാങ്കാണ്. ധനമന്ത്രാലയത്തിനും ഇവിടെ ചെറുതല്ലാത്ത ഒരു റോൾ ഉണ്ട്. ഇതറിഞ്ഞുകൊണ്ടാണ് ബാങ്ക് എന്ന പദം ഉപയോഗിക്കുന്ന സ്ഥാപനങ്ങളെല്ലാം റിസർവ് ബാങ്കിന്റെ കീഴിലാവുമെന്ന് ദൂരേക്കൂട്ടി ഒരു മുന്നറിയിപ്പു പുറപ്പെടുവിച്ചിട്ടുള്ളത്. ഇപ്രകാരമായാൽ സ്ഥാപനങ്ങളിലെ സഹകരണബാങ്കുകളെല്ലാം ആർബിഐ നിയന്ത്രണത്തിലേക്കു മാറും. ഇവയുടെ ഭരണസമിതികളിൽ ആർബിഐ നോമിനികളെത്തും. ആഡിറ്റ് ഉൾപ്പെടെയുള്ളവ ചാർട്ടേഡ് അക്കൗണ്ടന്റുമാർക്ക് നൽകും. ചുരുക്കത്തിൽ സംസ്ഥാന സഹകരണ രജിസ്ട്രാർമാർ വെറും നോക്കുകുത്തികളായി മാറും.

ഭരണഘടനയുടെ അന്തസ്സത്ത ചോദ്യം ചെയ്തുകൊണ്ടാണ് ഈ നിയമനിർമാണം. ആക്ടിൽ സെക്ഷൻ 17, 22 എന്നിവ ഭരണഘടനയെ മറികടക്കും വിധമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. മൾട്ടിസ്റ്റേറ്റ് സംഘത്തിന്റെ പൊതുയോഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടെങ്കിൽ മറ്റൊന്നിൽ ലയിക്കാമെന്ന വ്യവസ്ഥയ്ക്കു പകരം 'പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് ഭൂരിപക്ഷ തീരുമാനപ്രകാരം ഏതൊരു മൾട്ടിസ്റ്റേറ്റ് സംഘത്തിലും ലയിക്കാം. സഹകരണ നിയമപ്രകാരമുള്ള അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, രജിസ്ട്രാർ എന്നിങ്ങനെയുള്ള കടമ്പകളൊന്നും കടക്കാതെ പൊതുയോഗ തീരുമാനം ഓൺലൈനായി കേന്ദ്രത്തിലറിയിച്ചാൽ ഉടൻ അപ്രൂവൽ ലഭിക്കും. ഇക്കാര്യം സംസ്ഥാന സഹകരണ രജിസ്ട്രാർക്ക് ഒരു കുറിപ്പായി മാത്രം കൊടുത്താൽ മതി. നിലവിലെ സംഘം രജിസ്ട്രേഷൻ സ്വയം അസാധുവായി കൊള്ളും. ഇതെന്തു കാട്ടുനീതിയാണ്?

ഇത്തരത്തിൽ പൊതുയോഗങ്ങളിൽ അഭിപ്രായം വളർത്തുന്നതിന്റെ ഭാഗമായാണ് കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ അഴിമതിയുണ്ടെന്ന വ്യാപകമായ പ്രചാരണം മാധ്യമ സിൻഡിക്കേറ്റുമായിച്ചേർന്ന് മുൻകൂട്ടി പ്രചരിപ്പിച്ചു വന്നത്. ആദായനികുതി വകുപ്പു മുതൽ ഇഡി വരെ ഇതിനു കേന്ദ്ര സർക്കാരിന്റെ പാവകളായി വർത്തിച്ചു. വളരെ ആസൂത്രിതമായ നീക്കങ്ങൾ പക്ഷേ വിജയം കണ്ടില്ല. പൊതുജനങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കിയാൽ പൊതുയോഗങ്ങളിൽ പിളർപ്പു സൃഷ്ടിക്കാമെന്ന് കുത്സിതബുദ്ധികൾ കരുതുന്നു. അതിനായി തരംതാണ കളികൾ ഇനിയും പ്രതീക്ഷിക്കാം.

പ്രാഥമികസംഘങ്ങളെല്ലാം എഫ്പിഒകളാക്കി മാറ്റുമ്പോൾ നിലവിലെ നല്ലൊരു ഭാഗത്തിനും അംഗത്വം നഷ്ടമാകും. അംഗങ്ങളിൽ നിന്നു മാത്രമേ നിക്ഷേപങ്ങൾ സ്വീകരിക്കാവൂ എന്ന നിബന്ധന പ്രാവർത്തികമായാൽ നിക്ഷേപസമാഹരണ യജ്ഞത്തിലെ കേരളത്തിന്റെ മേൽക്കൈ നഷ്ടമാകും. ഇതു സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയെയും വികസനപ്രക്രിയകളെയും ശിഥിലമാക്കുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ നാട്ടിലെ നിക്ഷേപം നമ്മുടെ നാടിന്റെ വികസനത്തിനായാണുപയോഗിക്കേണ്ടത്. മൾട്ടിസ്റ്റേറ്റുകൾ വ്യാപകമാവുകയും നിക്ഷേപ സമാഹരണം നടത്തുകയും ചെയ്യുന്നതിലൂടെ നമ്മുടെ പണം വൻകിട കോർപ്പറേറ്റുകളുടെ കൈകളിലേക്ക് വായ്പയായെത്തുന്നു. നിക്ഷേപം തകർന്നാൽ കേന്ദ്രത്തിന് യാതൊരു ഉത്തരവാദിത്വവുമില്ലെന്ന് അമിത് ഷാ അസന്നിഗ്ധമായി പ്രഖ്യാപിച്ചത് നമുക്കു മറക്കാനാവില്ല. അപ്പോൾ പിന്നെ ആരെ വിശ്വസിച്ചാണ് പണം നിക്ഷേപിക്കേണ്ടത്?

ഇപ്പോൾത്തന്നെ അർബൻ സഹകരണബാങ്കുകളെ ദയാവധത്തിനു വിധേയമാക്കുന്ന നടപടി തുടങ്ങിക്കഴിഞ്ഞു. വായ്പാനിക്ഷേപം അനുപാതം ഉൾപ്പെടെയുള്ള മാനദണ്ഡങ്ങളാണ് ഇവയുടെ കടയ്ക്കൽ കത്തിവയ്ക്കാനുപയോഗിച്ചു വരുന്നത്. ജീവനക്കാരുടെ സ്ഥാനക്കയറ്റം, ക്ഷാമബത്ത തുടങ്ങിയവ മരവിപ്പിക്കൽ ബാങ്കുകളെ പിരിച്ചുവിടുകയോ ലയിപ്പിക്കുകയോ ചെയ്ത് ജീവനക്കാരെ പുറത്താക്കൽ തുടങ്ങിയ ക്രൂരവിനോദങ്ങൾ




www.ksfe.com
തിളങ്ങട്ടെ ജീവിതം ഡയമണ്ട് പോലെ...
KSFE ഡയമണ്ട് ചിട്ടികൾ
25 ലക്ഷം രൂപയുടെ ഡയമണ്ട് ആഭരണങ്ങളും
1000 പവൻ സ്വർണ്ണവും സമ്മാനം
സംസ്ഥാനതല ബമ്പർ സമ്മാനം
25 ലക്ഷം രൂപയുടെ ഡയമണ്ട് ആഭരണങ്ങൾ (ഒരാൾക്ക്)
അല്ലെങ്കിൽ 25 ലക്ഷം രൂപ
മേഖലാതല സമ്മാനങ്ങൾ
17 പേർക്ക് 10 പവൻ സ്വർണ്ണം
അല്ലെങ്കിൽ 4.50 ലക്ഷം രൂപ വീതം
ശാഖാതല സമ്മാനങ്ങൾ
3744 പേർക്ക്
10000 രൂപയുടെ സ്വർണ്ണനാണയം
അല്ലെങ്കിൽ 10000 രൂപ വീതം
കാലാവധി 2023 ഏപ്രിൽ 17 മുതൽ സെപ്തംബർ 30 വരെ
G.O.(Rt) No. 140/2023/Taxes Dt. 27/02/2023
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
ചിട്ടിസലയുടെ 50% വരെ വായ്പ സൗകര്യം
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
കോർപ്പറേറ്റ് ഓഫീസ്: 'ഭദ്രത' മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

ആർബിഐയെക്കൊണ്ടു ചെയ്യിക്കുന്നത് സംഘപരിവാർ തന്നെയാണ്. ക്രമേണ അർബൻ സഹകരണബാങ്കുകളെ സ്വകാര്യബാങ്കിങ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുമായി ലയിപ്പിച്ച് കളം നിരപ്പാക്കുകയാണ് ബിജെപി ലക്ഷ്യം. പിന്നാലെ പ്രാഥമികസംഘങ്ങളെയും എഫ്പിഒ സെന്ററുകളാക്കി സാധാരണക്കാരിൽ നിന്നകറ്റും. ഈ പ്രക്രിയയിലൂടെ മൾട്ടിസ്റ്റേറ്റ് സഹകരണസംഘങ്ങളെ വ്യാപിപ്പിക്കുകയും സംസ്ഥാനത്തെ സഹകരണമേഖലയിൽ തങ്ങളുടെ ആധിപത്യം കൊണ്ടുവരികയും ചെയ്യാം എന്നാണ് ബിജെപിയുടെ പകൽ സ്വപ്നം. നിയമനിർമാണങ്ങളിലൂടെയും ഭരണഘടനാ ഭേദഗതികളിലൂടെയും ഇവയിൽ ചിലതൊക്കെ നേടാമെങ്കിലും പ്രബുദ്ധ കേരളത്തിന്റെ മനസ്സ് കാവിയുടുത്തതല്ലെന്ന യാഥാർഥ്യം സംഘപരിവാർ തിരിച്ചറിയട്ടെ.

സഹകരണ തെരഞ്ഞെടുപ്പു കമ്മീഷൻ ഓംബുഡ്സ്മാൻ എന്നിവയ്ക്ക് പിന്നാലെ സഹകരണ റിക്രൂട്ട്മെന്റ് ബോർഡും കേന്ദ്രത്തിന്റേതായി വരും. കേരളത്തിലെ ആയിരക്കണക്കിന് അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ ഭാവിയ്ക്കാണ് ഇതോടെ തുലാസ്സിലാവുന്നത്. എച്ച്ഡിസി, ജെഡിസി, കോഓപ്പറേഷൻ തുടങ്ങിയ പഠിച്ചിറങ്ങുന്നവർ തെരുവിലലയേണ്ട ഗതികേടിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. കുളിപ്പിച്ചു കുളിപ്പിച്ച് കൊച്ചില്ലാതാവുന്ന സ്ഥിതിവിശേഷമാണ് അമിത്ഷായുടെ സഹകരണ പരിഷ്കാരങ്ങളുടെ പ്രത്യാഘാതം. കോൺഗ്രസ്സ് ഇക്കാര്യത്തിലും ബിജെപിക്കൊപ്പമാണെന്ന് പറയേണ്ടിവരും. കാരണം കേരളത്തിലെ സഹകരണ മേഖലയിലിൽ എൽഡിഎഫിനുള്ള ആധിപത്യം അവരെ അലോസരപ്പെടുത്തുന്നുണ്ട്. യാഥാർഥ്യങ്ങൾ തിരിച്ചറിഞ്ഞ് സഹകാരികളും ജനങ്ങളും ശക്തമായി പ്രതികരിക്കേണ്ട സമയമാണിത്. സംഘടനകൾ നിയമപോരാട്ടവുമായി രംഗത്തിറങ്ങിയേ മതിയാവൂ. വിത്തെടുത്തു കുത്തുന്നതിനു സമമാണ് സഹകരണസ്ഥാപനങ്ങളെ മൾട്ടിസ്റ്റേറ്റുകളിലേക്കു സംക്രമിപ്പിക്കുന്നതിലൂടെ സംഭവിക്കാൻ പോകുന്നത്. ഫെഡറൽ തത്വങ്ങളും ലംഘനത്തിനെതിരെ ഭരണഘടനയെ തിരസ്കരിക്കുന്നതിനെതിരെ ജനാധിപത്യത്തെ കശാപ്പു ചെയ്യുന്നതിനെതിരെ, രാജ്യത്തെ കൊള്ളയടിക്കുന്നതിനെതിരെ, സംഘപരിവാർ കോർപറേറ്റുകളുടെ ദല്ലാളാവുന്നതിനെതിരെ നമുക്കു ശക്തമായി പ്രക്ഷോഭപരിപാടികളുമായി രംഗത്തിറങ്ങാം. •


മല്ലപ്പള്ളി കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ പി.റ്റി. 35
മല്ലപ്പള്ളി വെസ്റ്റ് പി. ഒ. ഫോൺ 0469-2680590.
e-mail: mallappallycecs@gmail.com
മല്ലപ്പള്ളി, തിരുവല്ല താലൂക്കുകളിലെ സഹകരണ ജീവനക്കാരുടെ സഹകരണ സ്ഥാപനം
യു. സതീഷ് കുമാർ (പ്രസിഡന്റ്) ഫോൺ: 9446124665
പി. ജയശ്രീ (സെക്രട്ടറി) ഫോൺ: 9562713040

നീതി മെഡിക്കൽ സ്റ്റോർ
മല്ലപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിക്കു സമീപം
Mob: 9074534908
മല്ലപ്പള്ളി സെൻട്രൽ ജംഗ്ഷനു സമീപം
Mob: 0469 2680070
20% മുതൽ 50 % വരെ വിലക്കുറവിൽ മരുന്നുകൾ ലഭിക്കുന്നു.

TATA TISCON JOY OF BUILDING
oralium coloured aluminium roofing sheets
RAMCO SUPERGRADE
Engineered for Concrete
SAI ENTERPRISES & SAI STEELS
Kumbazha, Pathanamthitta
Ph : 9447294842, 0468-2334842, 0468-2232104, 9809016334
WE DEAL IN
RAMCO , SANKAR ,DALMIA, CHETTINAD CEMENTS
TATA, AGNI, PRINCE ,KALLIYATHU TMT STEELS
ORALIUM ALUMINIUM AND JSW GI ROOFINGS
HINDWARE, JOHNSON, CERA BATHWARES
JOHNSON, ASIAN, CERA, SIMPOLO TILES ASIAN,
NEROLAC, WALLMAAX PAINTS WITH
MRF AND ESDEE POLISH AND HARDWARES. ETC
to cater all your requirements.
A BRANDED SHOPEEE @ YOUR DREAM PRICE !!!!!
asian CERA hindware JOHNSON KANSAI NEROLAC asianpaints

Pathanamthitta Districtt Excise Employees Co-operative Society Ltd. No. 79
Phone : 0468 - 2329490
Hariharan Unni (President)
A.P.Sreelekha (Secretary) 9495575911




# ആഗസ്റ്റ് 9 -ക്വിറ്റ് ഇന്ത്യാ ദിനം : മഹാധർണ

**തിരുവനന്തപുരം:** കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ, ജനദ്രോഹനയങ്ങൾക്കെതിരെ സംയുക്ത ട്രേഡ് യൂണിയൻ സമിതി ക്വിറ്റ് ഇന്ത്യാ ദിനത്തിൽ രാജ്യമാകെ മഹാധർണ നടത്തി. ലേബർ കോഡുകൾ പിൻവലിക്കുക, വൈദ്യുതി ഭേദഗതി ബിൽ പിൻവലിക്കുക, സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണ. തിരുവനന്തപുരത്ത് രാജ്ഭവൻ ഉൾപ്പെടെ 14 ജില്ലാ കേന്ദ്രത്തിൽ നടത്തിയ ധർണയിൽ പതിനായിരങ്ങൾ പങ്കെടുത്തു. സിഐടിയു, ഐഎൻടിയുസി, എഐടിയുസി, യുടിയുസി, എച്ച്എംഎസ്, എഐയുടിയുസി, സേവ, ടിയുസിഐ, എൻഎൽഒ, എൽപിഎഫ്, എസ്ടിയു, എൻഎൽസി, ഐഎൽസി, എച്ച്എംകെപി, കെടിയുസി, കെടിയുസിജെ, കെടിയുസി എം, ജെഡിയു, എൻടിയുഐ, എഐസിസിടിയു തുടങ്ങിയ സംഘടനകളാണ് സംസ്ഥാനത്ത് മഹാധർണയിൽ അണിനിരന്നത്. രാജ്ഭവൻ മാർച്ച് സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് എ കെ ബാലൻ ഉദ്ഘാടനം ചെയ്തു. കെ.പി. രാജേന്ദ്രൻ, വി.ആർ. പ്രതാപൻ, കെ.പി. ശങ്കരദാസ്, വി.ജെ. ജോസഫ്, സോണിയാ ജോർജ്, മാഹിൻ അബൂബേക്കർ, വി. സുരേന്ദ്രൻ പിള്ള, കവടിയാർ ധർമ്മൻ, ആർ. രാമു, സി.ജയൻബാബു, എസ്. പുഷ്പലത, എൻ.ഹരിലാൽ തുടങ്ങിയവർ സംസാരിച്ചു.



**കൊല്ലം :** ചിന്നക്കട ഹെഡ് പോസ്റ്റ്ഓഫീസ് പരിസരത്ത് പന്തലിലായിരുന്നു മഹാധർണ. എഐടിയുസി സംസ്ഥാന പ്രസിഡന്റ് ജെ ഉദയഭാനു ഉദ്ഘാടനംചെയ്തു. കെ രാജഗോപാൽ, ബിതുളസീധരക്കുറുപ്പ്, അഡ്വ. പി സജി, കെ എസ് വേണുഗോപാൽ എന്നിവർ സംസാരിച്ചു.

**പത്തനംതിട്ട:** പത്തനംതിട്ട ഹെഡ് പോസ്റ്റ്




ആഫീസിനു മുന്നിൽ മഹാധർണ്ണ നടന്നു. UTUC സംസ്ഥാന പ്രസിഡന്റ് സ.ബാബു ദിവാകരൻ ഉദ്ഘാടനം ചെയ്തു. സുനിതാ കുര്യൻ പങ്കെടുത്തു. രാവിലെ 10 നു ആരംഭിച്ച ധർണ്ണ 5.30 വരെ നടന്നു. തുടക്കംമുതൽ സമാപനം വരെയും നിറഞ്ഞ സദസ്സ് ഏറെ ശ്രദ്ധിക്കപ്പെട്ടു.

**ആലപ്പുഴ :** ഇ എം എസ് സ്റ്റേഡിയത്തിൽ സംഘ




ടിപ്പിച്ച മഹാധർണയിൽ ആയിരങ്ങളാണ് പങ്കെടുത്തത്. സിഐടിയു സംസ്ഥാന സെക്രട്ടറി സി ബി ചന്ദ്രബാബു ഉദ്ഘാടനംചെയ്തു. ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് പി ഡി ശ്രീനിവാസൻ അധ്യക്ഷ

നായി. സി എസ് സുജാത, ആർ നാസർ എന്നിവർ പങ്കെടുത്തു. സംയുക്ത ട്രേഡ് യൂണിയൻ ജനറൽ കൺവീനർ പി ഗാനകുമാർ സ്വാഗതം പറഞ്ഞു.

**കോട്ടയം :** തിരുനക്കര മൈതാനത്ത് നടന്ന മഹാധർണ സിഐടിയു അഖിലേന്ത്യാ സെക്രട്ടറി ജെ




മേഴ്സിക്കുട്ടി അമ്മ ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി ജില്ലാ പ്രസിഡൻറ് ഫിലിപ്പ് ജോസഫ് അധ്യക്ഷനായി. എ വി റസൽ, ടി ആർ രഘുനാഥ്, അഡ്വ. റജി സക്കറിയ, അഡ്വ. അനിൽകുമാർ എന്നിവർ സംസാരിച്ചു.

**ഇടുക്കി :** നെടുങ്കണ്ടത്ത് നടന്ന മഹാധർണ. ഐഎൻടിയുസി കേന്ദ്രകമ്മിറ്റി അംഗം അഡ്വ.ഇ എം അഗസ്റ്റി ഉദ്ഘാടനം ചെയ്തു. കെ.പി മേരി




മുഖ്യപ്രഭാഷണം നടത്തി. കെഎസ് മോഹനൻ, കെ വി ശശി തുടങ്ങിയ നേതാക്കൾ സംസാരിച്ചു.

**എറണാകുളം:** വൈറ്റിലയിലാണ് മഹാധർണ




സംഘടിപ്പിച്ചത്. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ആർ ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു.

സമാപന സമ്മേളനം സിഐടിയു ദേശീയ സെക്രട്ടറി ദീപാ കെ രാജൻ ഉദ്ഘാടനം ചെയ്തു. ജോൺ ഫെർണാണ്ടസ് അധ്യക്ഷനായി. സി എൻ മോഹനൻ, കെ ചന്ദ്രൻപിള്ള, എസ് ശർമ, കെ കെ ഇബ്രാഹിം കുട്ടി, പി ആർ മുരളീധരൻ എന്നിവർ സംസാരിച്ചു.

**തൃശൂർ :** തൃശൂർ ബിഎസ്എൻഎൽ ഓഫീസിനു മുന്നിൽ നടത്തിയ മഹാധർണ സിഐടിയു ദേശീയ സെക്രട്ടറി ദീപാ കെ രാജൻ ഉദ്ഘാടനം ചെയ്തു.




ഇ എസ് ഷംസുദീൻ (ഐഎൻടിയുസി) അധ്യക്ഷനായി. എം എം വർഗീസ്, എം കെ കണ്ണൻ, യുപി ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

**പാലക്കാട് :** പാലക്കാട് കോട്ടമൈതാനിയിലെ മഹാധർണ ഐഎൻടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ ജോയ് ഉദ്ഘാടനം ചെയ്തു. പി



കെ ശശി അധ്യക്ഷനായി. എം എം ഹമീദ്, എ എൻ കൃഷ്ണദാസ്, എ രാമസ്വാമി, കെ.സി ജയബാലൻ തുടങ്ങിയ നേതാക്കൾ സംസാരിച്ചു. സമാപനം എം ഹംസ ഉദ്ഘാടനം ചെയ്തു.

**മലപ്പുറം:** മലപ്പുറം വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി സ്മാരക ടൗൺ ഹാൾ പരിസരത്ത് നടന്ന ധർണ എസ്ടിയു സംസ്ഥാന പ്രസിഡന്റ് അഡ്വ. എം റഹ്മത്തുള്ള ഉദ്ഘാടനംചെയ്തു.



അഡ്വ. വി.പി ഫിറോസ് അധ്യക്ഷനായി. സിഐടിയു ജില്ലാ പ്രസിഡന്റ് വി ശശികുമാർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് കൂട്ടായി ബഷീർ, വി.പി. സക്കറിയ എന്നിവർ സംസാരിച്ചു.

**കോഴിക്കോട് :** കോഴിക്കോട് സ്റ്റേഡിയം കോർണറിൽ മഹാധർണ നടത്തി. എഐടിയുസി ദേശീയ പ്രവർത്തക സമിതി അംഗം വിജയൻ കുനിശ്ശേരി ഉദ്ഘാടനംചെയ്തു. സിഐടിയു ജില്ലാ ജനറൽ സെക്രട്ടറി പി കെ മുകുന്ദൻ, മാമ്പറ്റ ശ്രീധരൻ, പി.കെ നാസർ, ആർ.എം ഗോപാലൻ എന്നിവർ സംസാരിച്ചു.



**വയനാട്:** ഐഎൻടിയുസി സംസ്ഥാന കൗൺസിൽ അംഗം ടി സിദ്ദിഖ് എംഎൽഎ മഹാധർണ ഉൽഘാടനം ചെയ്തു. പി.പി ആലി അധ്യക്ഷനായി. സിഐടിയു സംസ്ഥാന സെക്രട്ടറി സി കെ ഹരികൃഷ്ണൻ , പി വി സഹദേവൻ എന്നിവർ സംസാരിച്ചു. വി.വി ബേബി സ്വാഗതം പറഞ്ഞു.



**കണ്ണൂർ :** സംയുക്ത ട്രേഡ് യൂണിയൻ സമിതി കണ്ണൂർ ഹെഡ് പോസ്റ്റോഫീസിനുമുന്നിൽ സംഘടിപ്പിച്ച മഹാധർണ സിഐടിയു സംസ്ഥാന സെക്രട്ടറി കെ എൻ ഗോപിനാഥ് ഉദ്ഘാടനംചെയ്തു. ഡോ. ജോസ് ജോർജ് പ്ലാത്തോട്ടം അധ്യക്ഷനായി. കെ. പി സഹദേവൻ, എം വി ജയരാജൻ എന്നിവർ സംസാരിച്ചു. കൺവീനർ കെ മനോഹരൻ സ്വാഗതവും കെ അശോകൻ നന്ദിയും പറഞ്ഞു.



**കാസർഗോഡ് :** സംയുക്ത ട്രേഡ് യൂണിയൻ സമര സമിതി നേതൃത്വത്തിൽ മഹാധർണ സിഐടിയു സംസ്ഥാന സെക്രട്ടറി കെ പി സഹദേവൻ ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് പി.ജി ദേവ് അധ്യക്ഷനായി. സാബു എബ്രഹാം, വി വി രമേശൻ, പി മണി മോഹൻ, വി വി പ്രസന്നകുമാരി എന്നിവർ സംസാരിച്ചു. ടി.കെ രാജൻ സ്വാഗതം പറഞ്ഞു.




കുന്നംകുളം കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി ലിമിറ്റഡ്. 698
ക്ലാസ്സ്-1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്, ഓഡിറ്റ് ക്ലാസിഫിക്കേഷൻ ബി
H.O. കുന്നംകുളം, ഫോൺ: 04885 222698, 9947582698, ബ്രാഞ്ച്: വട്ടംപാടം, ഫോൺ: 04885 210099
E-mail: kkmcub@gmail.com | IFSC CODE: ICIC0000103
10 ലക്ഷം വരെ സ്വർണ്ണപണയ വായ്പ
കൂടുതൽ തുക കുറഞ്ഞ പലിശ
ഗ്രാമിന് 3700/-
വിവിധതരം MDS
(പ്രതിമാസ നിക്ഷേപ പദ്ധതി)
വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ ഹൗസിംഗ് വായ്പ സൗകര്യം കുറഞ്ഞ പലിശ നിരക്കിൽ
10 ലക്ഷം വരെ വായ്പകൾ 10 വർഷം കാലാവധി
കൊള്ളപലിശക്കാരുടെ ചൂഷണങ്ങളിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കാൻ സംസ്ഥാന സർക്കാരിന്റെ മുറ്റത്തെമുല്ല ലഘുഗ്രാമീണ വായ്പാപദ്ധതി
മുറ്റത്തെ മുല്ല
ജനകീയം...
വിശ്വസ്തം...
സുതാര്യം...
പ്രസിഡന്റ്
അസ്സീസ് കെ.എ. (ഫോൺ : 9447833212)
സെക്രട്ടറി
ശോഭന റ്റി.പി. (ഫോൺ: 9847396400)

## ആഗസ്റ്റ് 14

# ഫ്രീഡം വിജിൽ

**നാടിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കണമെന്നും ഭരണഘടനാപരമായി നേടിയ അവകാശങ്ങളും സാംസ്കാരിക വൈവിദ്ധ്യങ്ങളും ഇല്ലാതാക്കുന്നവർക്കെതിരെ ജാഗ്രത പുലർത്തണമെന്നും രാജ്യത്തിന്റെ സമാധാനാന്തരീക്ഷം തകർക്കാൻ വർഗീയവാദികളെ അനുവദിക്കില്ലെന്ന പ്രഖ്യാപനവുമായി സംസ്ഥാനത്താകെ ആഗസ്റ്റ് 14ന് ഫ്രീഡം വിജിൽ സംഘടിപ്പിച്ചു. സംസ്ഥാനത്താകെ നൂറുകണക്കിന് കേന്ദ്രങ്ങളിൽ വൈകിട്ട് 5 മുതൽ രാത്രി 12 വരെയാണ് ഈ വേറിട്ട പ്രക്ഷോഭം നടന്നത്**



തിരുവനന്തപുരം



കൊല്ലം



ആലപ്പുഴ



എറണാകുളം



തൃശൂർ



പാലക്കാട്



മലപ്പുറം



കോഴിക്കോട്



കണ്ണൂർ



കാസർഗോഡ്

## കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ രാപകൽ സമരം



വിവിധ ആവശ്യങ്ങളുന്നയിച്ച് കേരള വാട്ടർ അതോറിറ്റി എംപ്ലോയീസ് യൂണിയൻ (സിഐടിയു) നടത്തുന്ന രാപകൽ സമരം സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെഎൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ജീവനക്കാരുടെ ജിപിഎഫ് ഉൾപ്പെടെയുള്ള സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുക, പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ആഗസ്റ്റ് 2, 3 തീയതികളിൽ കേന്ദ്ര കാര്യാലയത്തിന് മുന്നിൽ ജീവനക്കാർ സമരം ചെയ്തത്. യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി സ. പി ഉണ്ണികൃഷ്ണൻ, പ്രസിഡന്റ് സ. പി കരുണാകരൻ ഉൾപ്പെടെയുള്ളവർ സംസാരിച്ചു

## അസോസിയേഷൻ ഓഫ് ഐടി എംപ്ലോയീസ് ധർണ്ണാസമരം



അക്ഷയ കേന്ദ്രങ്ങളുടെ സർവീസ് ചാർജ്ജ് കാലോചിതമായി പരിഷ്കരിക്കുക തുടങ്ങിയ 8 ആവശ്യങ്ങളുയർത്തി അസോസിയേഷൻ ഓഫ് ഐ ടി എംപ്ലോയീസ് (സിഐടിയു) കേരള സംസ്ഥാന ഐടി മിഷന് മുന്നിൽ ധർണ്ണാസമരം നടത്തി. അനവധി തവണ നിവേദനങ്ങൾ നൽകിയിട്ടും സമരങ്ങൾ സംഘടിപ്പിച്ചിട്ടും അനുകൂലമായ നിലപാട് സ്വീകരിക്കാത്തതിനെ തുടർന്നാണ് സമരം നടത്തിയത്. ഉദ്ഘാടനം സിഐടിയു സംസ്ഥാന സെക്രട്ടറി പിപി ചിത്തരഞ്ജൻ എംഎൽഎ നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് പി എസ് മധുസൂദനൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി എ.ഡി ജയൻ സംസാരിച്ചു.

## നാഷണൽ ഹെൽത്ത് മിഷൻ എംപ്ലോയീസ് ഫെഡറേഷൻ രാജ്ഭവൻ മാർച്ച്




വിവിധ ആവശ്യങ്ങളുന്നയിച്ച് നാഷണൽ ഹെൽത്ത് മിഷൻ എംപ്ലോയീസ് ഫെഡറേഷൻ (സിഐടിയു) സംഘടിപ്പിച്ച രാജ്ഭവൻ മാർച്ച് സിഐടിയു സംസ്ഥാന സെക്രട്ടറി കെഎൻ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. മെറ്റേണിറ്റി ലീവ് പൂർണ്ണതോതിൽ അനുവദിക്കുക, ഇ.എസ്.ഐ അനുകൂല്യം പുന:സ്ഥാപിക്കുക, എല്ലാ ജീവനക്കാർക്കും ഇപിഎഫ് ഗ്രാറ്റിവിറ്റി ആനുകൂല്യങ്ങൾ അനുവദിക്കുക, മണിപ്പൂരിൽ ക്രമസമാധാനം പുന:സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് മാർച്ചും ധർണ്ണയും സംഘടിപ്പിച്ചത്. സിഐടിയു സംസ്ഥാന ഭാരവാഹിയും ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റുമായ സ. യുപി ജോസഫ്, ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി മീര നായർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു സംസാരിച്ചു

## കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ സഹകരണ സംരക്ഷണ കൂട്ടായ്മയും പ്രതിജ്ഞയും

സഹകരണ മേഖലയ്ക്കെതിരായ കേന്ദ്ര സർക്കാർ നയങ്ങൾക്കും കുപ്രചാരണങ്ങൾക്കുമെതിരെ കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ (സിഐടിയു) സംസ്ഥാന വ്യാപകമായി സഹകരണ സ്ഥാപനങ്ങളിൽ സഹകരണ സംരക്ഷണ കൂട്ടായ്മയും പ്രതിജ്ഞയും സംഘടിപ്പിച്ചു.

